6789

408

ലോകമഹാന്മാർ

# കാറൽമാർക്സ്

(ലഘുജീവചരിത്രം)

MUNAVIRUL ISLAM HIGH SCHOOL
Date
ERNAKULAM

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
1979

6789

ലോകമഹാന്മാർ

# കാറൽമാർക്സ്

( ലഘുജീവചരിത്രം )

MUNAVIRUL ISLAM HIGH SCHOOL
Date
ERNAKULAM

(സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ
**ശ്രീ. പാലക്കീഴ് നാരായണൻ**
തയ്യാറാക്കിയത്.)

(C)

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
1979

# ഉള്ളടക്കം

| | | |
|---|---|---|
| | | പുറം |
| 1. | വെളിച്ചത്തിന്റെ പിറവി | 1 |
| 2. | ബാല്യവും വിദ്യാഭ്യാസവും | 3 |
| 3. | തത്വശാസ്ത്രത്തിന്റെ താഴ്‌വരയിൽ | 8 |
| 4. | പ്രേമവും വിവാഹവും | 15 |
| 5. | ഫെഡറിക് ഏംഗൽസ് | 23 |
| 6. | മാർക്സും ഏംഗൽസും | 30 |
| 7. | കമ്യൂണിസ്റ്റ് ലീഗ് | 37 |
| 8. | തൊഴിലാളിവർഗ്ഗത്തിന്റെ ബൈബിൾ | 40 |
| 9. | പഞ്ചാഗ്നിമധ്യത്തിൽ | 47 |
| 10. | വിപ്ലവകാരികൾക്ക് ഒരു പടവാൾ | 57 |
| 11. | ദുഃഖവെള്ളിയാഴ്ചകൾ | 68 |
| 12. | കുട്ടികളുടെ 'മൂർ' | 77 |
| 13. | ലാൽസലാം, ലാൽസലാം. | 84 |

# കാറൽമാർക്സ്

## 1. വെളിച്ചത്തിന്റെ പിറവി

യവനപുരാണത്തിൽ പ്രൊമെത്യൂസ് എന്നൊരു കഥാപാത്രമുണ്ട്; ഒരു ദേവൻ. ദേവേന്ദ്രനായ സ്യൂസ്ദേവന്മാരെ സുഖത്തിലും സമൃദ്ധിയിലും ആറാടിച്ചു; മനുഷ്യവർഗ്ഗത്തെ മറന്നു. പ്രൊമെത്യൂസിന് അത് സഹിച്ചില്ല. അദ്ദേഹത്തിന് മനുഷ്യസമൂഹത്തോട് അനുകമ്പ തോന്നി. കണ്ണ് ഉണ്ടായിട്ടും കാണാതെ അലക്ഷ്യമായി ജീവിതം നയിക്കുകയായിരുന്ന മനുഷ്യസമൂഹത്തെ രക്ഷിക്കാൻ പ്രൊമെത്യൂസ് ഒരുങ്ങി. ദേവന്മാർ ഒളിപ്പിച്ചുവച്ച അഗ്നി മോഷ്ടിച്ചുകൊണ്ടുവന്ന് അദ്ദേഹം മനുഷ്യർക്ക് നല്കി. അതോടെ മനുഷ്യർക്ക് അറിവ് ലഭിച്ചു; കലകൾ സ്വാധീനമായി. ഇതറിഞ്ഞ് സ്യൂസ്ദേവൻ കോപിച്ചു പ്രൊമെത്യൂസിനെ ശിക്ഷിക്കാൻ കല്പിച്ചു. ശിക്ഷ ഇതായിരുന്നു: ജീവികളെത്താത്ത സമുദ്രമധ്യത്തിലെ ശൂന്യമായ പാറക്കെട്ടിൽ ഇരുമ്പുചങ്ങലകൊണ്ട് പ്രൊമെത്യൂസിനെ ബന്ധിച്ച് വജ്രസൂചി നെഞ്ചത്ത് അടിച്ചുകയറ്റി. ചങ്ങലവലിഞ്ഞാൽ നെഞ്ച് തകരും. സൂര്യോഷ്ണം പ്രൊമെത്യൂസിന്റെ ശരീരത്തെ നീററി; കരിക്കട്ടപോലെ കറുപ്പിച്ചു. കൊടുങ്കാററ് ചീറിയടിച്ചു; ഇടിവാൾ തലങ്ങും വിലങ്ങും വീശി. ചുവന്ന കണ്ണുകളുള്ള ഭീകരരൂപമുള്ള ഒരു കഴുകൻ പ്രൊമെത്യൂസിന്റെ ശരീരം കടിച്ചുകീറി; കരൾ കൊത്തിത്തിന്നു.

ബന്ധനസ്ഥനായ പ്രൊമെത്യൂസ് പതറാതെ, എന്തും സഹിക്കാൻ ഒരുങ്ങിക്കൊണ്ട് നില്പായി. അദ്ദേഹം പശ്ചാത്തപിച്ചില്ല. താൻകൂടി തുണച്ചതുകൊണ്ടാണ് സെയ്യൂസ് ദേവേന്ദ്രപദവിയിലേയ്ക്കുയർന്നത്. എന്നിട്ടും അദ്ദേഹം തന്നോടിത്ര ക്രൂരത കാണിച്ചുവല്ലോ എന്നൊരു ദുഃഖമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. മനുഷ്യനെ സ്നേഹിച്ചുപോയി എന്നതാണ് തന്റെ കുററം. അത് കുലദ്രോഹമല്ല എന്ന് പ്രൊമെത്യൂസ് ഉറച്ചു വിശ്വസിക്കുന്നു. ഒടുവിൽ പ്രൊമെത്യൂസിന്റെ ത്യാഗസന്നദ്ധത ദേവലോകത്തിന്റെ ആദരവ് നേടി എന്നാണ് പുരാണകഥ സൂചിപ്പിക്കുന്നത്.

സർഗ്ഗശക്തിയുടെയും സ്വാതന്ത്ര്യദാഹത്തിന്റെയും പ്രതീകമാണ് പ്രൊമെത്യൂസ്.

മനുഷ്യചരിത്രത്തിൽ പ്രൊമെത്യൂസിനോടു തുല്യനായ ഒരു വ്യക്തിയുണ്ട്; കാറൽമാർക്സ്. സമ്പന്നവർഗ്ഗത്തിൽ പിറന്നു; പട്ടിണിപ്പാവങ്ങളുടെ മോചനത്തിനായി പടവെട്ടി. കൊടുംദുരിതങ്ങൾ അനുഭവിക്കുമ്പോഴും കാലിടറാതെ ഉദാത്തമായ ലക്ഷ്യംപുൽകി. കാറൽമാർക്സ് ലോകത്ത് എങ്ങുമുള്ള മനുഷ്യരുടെ ആരാധനാപാത്രമായി.

പ്രൊമെത്യൂസ് ദേവനായിരുന്നു; കാറൽമാർക്സ് മനുഷ്യനായിരുന്നു — വെറും മനുഷ്യൻ. ചിരിക്കുകയും കരയുകയും, ഇണങ്ങുകയും, പിണങ്ങുകയും, ശുണ്ഠിയെടുക്കുകയും, കോമാളികളിക്കുകയുംചെയ്ത സാധാരണ മനുഷ്യൻ. കാറൽമാർക്സിന്റെ ജീവിതകഥ, അവശന്മാരുടെ വിമോചനകഥയാണ്.

# 2. ബാല്യവും വിദ്യാഭ്യാസവും

യൂറോപ്പിൽ ഫ്രാൻസിന്റെ അതിർത്തിയിലുള്ള നദിയാണ് റൈൻ. അതിന്റെ പോഷകനദി മൊസൈൽ. ഈ രണ്ടു നദികളും കൂടിച്ചേരുന്നതിന്റെ ഇടയ്ക്കുള്ള പ്രദേശത്തിന് റൈൻലാൻറ് എന്നാണ് പേർ. ജർമ്മനിയുടെ ഭാഗമാണ് ഈ പ്രദേശം. റൈൻനദീതീരം ഫലഭൂയിഷ്ഠമാണ്. വൃക്ഷങ്ങൾ നിരനിരയായി നില്ക്കുന്നു. ഇരുമ്പും കല്ക്കരിയും ധാരാളം ലഭിക്കും. അതുകൊണ്ട് 19–ാംനൂററാണ്ടിന്റെ ആരംഭത്തിൽ നെയ്ത്തുശാലകളും ലോഹവ്യവസായശാലകളും റൈൻലാൻറിൽ സ്ഥാപിക്കപ്പെട്ടു. മുതലാളിത്തം അവിടെ വേരു് ഉറപ്പിച്ചു; ഒപ്പം തൊഴിലാളിവർഗ്ഗവും. നന്നേ കഷ്ടപ്പെട്ടുജീവിക്കുന്ന പാവപ്പെട്ടവരാണ് ഭൂരിപക്ഷം. സുഖസമൃദ്ധമായ ജീവിതം നയിക്കുന്ന സമ്പന്നർ ന്യൂനപക്ഷവും.

റൈൻലാൻറിലെ അഞ്ചു സംസ്ഥാനങ്ങളിൽ ഒന്നായ ട്രേവ്സിന്റെ തലസ്ഥാനമായിരുന്നു ട്രീർപട്ടണം. 1789–ലെ ഫ്രഞ്ച്വിപ്ളവത്തിന്റെ അലകൾ അവിടത്തെ വിദ്യാസമ്പന്നരുടെ ചിന്താമണ്ഡലത്തിനെ സ്വാധീനിച്ചിരുന്നു. പുരോഗമനചിന്താഗതികൾക്ക് അവിടെ പ്രചാരം ലഭിച്ചു. ഈ കാലഘട്ടത്തിലാണ് ആ പുരാതന നഗരത്തിലെ ഒരു യഹൂദകുടുംബത്തിൽ 1818 മെയ് 5–ന് കാറൽമാർക്സ് ജനിച്ചത്.

ട്രീർപട്ടണത്തിലെ ഒരു ഇരുനിലകെട്ടിടത്തിലാണ് മാർക്സ്കുടുംബം താമസിച്ചിരുന്നത്. കാറൽമാർക്സിന്റെ മുത്തച്ഛൻ യഹൂദ പുരോഹിതനായിരുന്നു—മാർക്സ്

ലെവി. അദ്ദേഹത്തിന് രണ്ടു പുത്രന്മാരുണ്ടായി; സാമുവൽ, ഹിർഷൽ മൂത്തമകൻ അച്ഛന്റെ പാരമ്പര്യം നിലനിർത്തിക്കൊണ്ട് പുരോഹിതവൃത്തിയിലേർപ്പെട്ടു. എന്നാൽ ഹിർഷൽ കോളേജിൽ ചേർന്നു പഠിച്ചു, പിന്നീട് നിയമബിരുദവും സമ്പാദിച്ചു. ട്രിറിലെ കോടതിയിൽ അഭിഭാഷകനായി ജോലി നോക്കി. ഹെൻറിയാത്ത പ്രസ്ബർഗ് എന്ന ഡച്ചുകാരിയെയാണ് ഹിർഷൽമാർക്സ് വിവാഹം ചെയ്തത്. പുരോഹിതകർമ്മം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഒരു യഹൂദകുടുംബത്തിലാണ് അവരും പിറന്നത്. ഈ ദമ്പതികൾക്ക് ഒൻപത് മക്കളുണ്ടായി. നാല് ആൺകുട്ടികളും, അഞ്ച് പെൺകുട്ടികളും. ഇവരിൽ അഞ്ചുപേർ മരിച്ചുപോയി. കാറൽ, സോഫി, എമിലി, ലൂയിസ് എന്നീ നാലു മക്കൾ അവശേഷിച്ചു. കാറൽ മൂത്തമകനായിരുന്നു. മൂന്ന് അനിയത്തിമാർക്ക് ഒരു സഹോദരൻ.

1824-ൽ തന്റെ അമ്പത്തിരണ്ടാമത്തെ വയസ്സിൽ ഹിർഷൽമാർക്സ് ക്രിസ്തുമതം സ്വീകരിച്ചു. യഹൂദമതം ഉപേക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സാഹചര്യമെന്തായിരുന്നുവെന്നറിയില്ല. അന്നൊക്കെ അമിതമായ പലിശയ്ക്കു പണം കടംകൊടുക്കുക യഹൂദധനികന്മാരുടെ പതിവായിരുന്നു. കടംവീട്ടാൻ സാധിക്കാതെ വന്നാൽ കടക്കാരുടെ ഭൂമി തട്ടിപ്പറിച്ചെടുക്കും. കൃഷിക്കാർക്ക് അതിൽ പ്രതിഷേധമുണ്ടായിരുന്നു. ജൂതന്മാരെ നീചന്മാരായി ജനങ്ങൾ കണക്കാക്കിവന്നു. മനുഷ്യസ്നേഹിയായ ആ യഹൂദഅഭിഭാഷകൻ മതംമാറിയത് അതുകൊണ്ടാണെന്ന് കരുതപ്പെടുന്നു. അക്കാലത്ത് ജർമ്മൻഭരണാധികാരികൾ ജൂതന്മാർക്കെതിരായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഹിർഷലിന് അസഹ്യമായി തോന്നിയിരിക്കാം. യൂറോപ്യൻ സംസ്കാരത്തിലേയ്ക്കു പ്രവേശനം ലഭിക്കാനും ഈ മതംമാററം സഹായകമായി.

ഏതായാലും ഹിർഷൽമാർക്സ് ഹെയിൻറിച്ച് എന്ന പുതിയ പേരിൽ പിന്നീട് അറിയപ്പെട്ടു.

മാർക്സ്കുടുംബത്തിന്റെ ജീവിതം ആഡംബരപൂർണ്ണമായിരുന്നില്ല. എങ്കിലും സന്തോഷവും സമാധാനവും അവിടെ കളിയാടി. കാറൽമാർക്സിന്റെ കുട്ടിക്കാലം സന്തോഷം നിറഞ്ഞതായിരുന്നു. മാർക്സ്കുടുംബത്തിന്റെ പൊന്നോമനപുത്രനാണ് കാറൽ. ഇളയസഹോദരി സോഫി കാറലിന്റെ വാത്സല്യഭാജനമായി. ഡച്ചുകാരിയായ അമ്മയ്ക്ക് ജർമ്മൻഭാഷ അറിയില്ല. അതിനാൽ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. മക്കളെ ഹൃദയംനിറയെ സ്നേഹിച്ച ആ സ്ത്രീ വിട്ടുജോലികളിൽ ആനന്ദം കണ്ടെത്തി.

ഹെയിൻറിച്ച്മാർക്സ് പുരോഗമനവാദിയായ അഭിഭാഷകനായിരുന്നു. ഒരിക്കൽ രാജ്യഭരണത്തിൽ ജനങ്ങൾക്കി പങ്കുണ്ടാകണമെന്ന് പ്രസംഗിച്ചതിനാൽ അദ്ദേഹം ഭരണാധികാരികളുടെ നോട്ടപ്പുള്ളിയായി. പുരോഹിതകുടുംബത്തിലാണ് ജനിച്ചതെങ്കിലും മതത്തെക്കുറിച്ചുള്ള യാഥാസ്ഥിതികന്മാരുടെ ധാരണകൾ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മതകാര്യങ്ങളിൽ സ്വാതന്ത്ര്യം അനുവദിക്കണമെന്ന അഭിപ്രായമാണദ്ദേഹത്തിനുണ്ടായിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച്ചിന്തകന്മാരായ വോൾട്ടയർ, റൂസ്സോ എന്നിവരുടെ കൃതികൾക്ക് ഹെയിൻറിച്ചിന്റെ പുസ്തകശേഖരത്തിൽ മാന്യസ്ഥാനം നല്കിയിരുന്നു. അഭിഭാഷകജോലിയിൽ സത്യസന്ധത പാലിച്ചിരുന്ന അദ്ദേഹത്തിന് സമൂഹത്തിന്റെ ബഹുമാനം നേടുവാൻ സാധിച്ചു.

മകനിൽ വിസ്മയകരമായ ചില കഴിവുകൾ അന്തർലീനമായിട്ടുണ്ടെന്ന് ഹെയിൻറിച്ച് മനസ്സിലാക്കി. അതോടെ

ഷ്ടം പുത്രന്റെ ചില സ്വഭാവവിശേഷങ്ങൾ അദ്ദേഹത്തെ അസ്വസ്ഥനാക്കുകയും ചെയ്തു. നിശ്ചയദാർഢ്യം—എന്തു വന്നാലും പിൻമാറാത്ത സ്വഭാവം. അതു ചിലപ്പോൾ അതിർകവിഞ്ഞുപോയിരുന്നു. അതിനെച്ചൊല്ലി ആ പിതാവു് ഉല്കണ്ഠാകുലനായി. എതിർക്കേണ്ടതിനെ എതിർക്കാനുള്ള സന്നദ്ധത, ദേശസ്നേഹം, സ്വാതന്ത്ര്യബോധം എന്നീ സ്വഭാവങ്ങൾ കാറൽമാർക്സിന് പിതാവിൽനിന്നു ലഭിച്ചതാണ്.

കുറിയ കാലുകളൊഴികെ ജൂതപാരമ്പര്യമായി കാറൽ മാർക്സിൽ ഒന്നും അവശേഷിച്ചിരുന്നില്ല. യഹൂദനാണെന്ന വിചാരവും അദ്ദേഹത്തിനില്ലായിരുന്നു. രാഷ്ട്രത്തിന്റെ വിശാലമായ സാംസ്കാരികചൈതന്യം ഉൾക്കൊള്ളാനായി ഇടുങ്ങിയ ജൂതപാരമ്പര്യം ബോധപൂർവ്വം വലിച്ചെറിഞ്ഞതാണ്.

കാറൽഹെയിൻറിച്ച് മാർക്സിന്റെ കുട്ടിക്കാലത്തെക്കുറിച്ച് അധികമൊന്നും അറിവായിട്ടില്ല. ട്രീർ ജിംനേഷ്യത്തിൽ ചേർന്ന് അഞ്ചുകൊല്ലംകൊണ്ട് കോളേജ്‌വിദ്യാഭ്യാസം 1835-ൽ പൂർത്തിയാക്കി.

കോളേജ്ബിരുദം സമ്പാദിക്കുന്നതിന് ഒരു പ്രബന്ധം എഴുതി സമർപ്പിക്കണമെന്നായിരുന്നു അന്നത്തെ വ്യവസ്ഥ. "ഉദ്യോഗം തിരഞ്ഞെടുക്കുന്ന യുവാവിന്റെ ചിന്തകൾ" എന്ന വിഷയത്തെപ്പറ്റിയാണ് മാർക്സ് പ്രബന്ധമെഴുതിയത്. അതിൽ അദ്ദേഹം ആവിഷ്കരിച്ച ചിന്തകൾ പുതുമയുള്ളതായിരുന്നു; മററു വിദ്യാർത്ഥികളുടേതിൽ നിന്ന് തികച്ചും ഭിന്നവും. തന്റെ ജീവിതലക്ഷ്യം കുട്ടിക്കാലത്തുതന്നെ കാറൽമാർക്സ് നിശ്ചയിച്ചുവച്ചിരുന്നുവെന്ന് ആ പ്രബന്ധം വ്യക്തമാക്കി. പ്രബന്ധത്തിന്റെ ആശയം ഇതായി

രുന്നു. നമുക്ക് ഇഷ്ടപ്പെട്ട ജോലി തിരഞ്ഞെടുക്കാനുള്ള സൗകര്യം ലഭിക്കാനിടയില്ല. കാരണം സാമൂഹ്യപരിത:സ്ഥിതി കൾതന്നെ. അഥവാ അതിന് സൗകര്യം കിട്ടുകയാണെങ്കി ലോ? മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രയത്നി ക്കുവാനുംപൊതുലക്ഷ്യത്തിലേയ്ക്ക് നീങ്ങുവാനും സാധ്യ തയുള്ള ജോലി ഏറ്റെടുക്കണം. തനിക്കു വേണ്ടി മാത്രം അദ്ധ്വാനിക്കുന്നവന് മഹാനാകുവാൻ സാധ്യമല്ല. സമൂഹ ത്തിന്റെ പൊതുലക്ഷ്യത്തിനുവേണ്ടി ജോലിചെയ്യുന്നത് ത്യാഗമാണ്. ജനസമൂഹത്തിന്റെ സുഖമാണ് നമ്മുടെ ആനന്ദം. ജനത നമ്മുടെ ശവകുടീരത്തിൽ കണ്ണുനീർപുഷ്പ ങ്ങൾ അർപ്പിക്കും."

ജിംനേഷ്യത്തിലെ പ്രധാനാദ്ധ്യാപകന് ഈ പ്രബന്ധം ഇഷ്ടമായില്ല. അദ്ദേഹം കാറൽമാർക്സിനെ വിളിച്ചുവ രുത്തി ശാസിക്കുകയുണ്ടായി. മനുഷ്യസമൂഹത്തിന്റെ മോചന മെന്ന മഹാലക്ഷ്യം നേടുന്നതിനുവേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ദൃഢനിശ്ചയംചെയ്ത ആ പതിനേഴു കാരന് അപ്പോൾ എന്തുതോന്നിയോ, ആവോ!

# 3. തത്ത്വശാസ്ത്രത്തിന്റെ താഴ്‌വരയിൽ

കാറൽമാർക്സ് ബോൺസർവ്വകലാശാലയിൽ ചേർന്നു നിയമം പഠിക്കുവാൻ. ഒരു വർഷത്തിനുശേഷം പുത്രന്റെ വിദ്യാഭ്യാസം ഫലപ്രദമാകുന്നില്ലെന്നു തോന്നിയ പിതാവ് മാർക്സിനെ ബർലിനിലേയ്ക്കു അയയ്ക്കുവാൻ നിശ്ചയിച്ചു. റൈൻലാൻറ് വിടുന്നതിന് മാർക്സിന് മടിയുണ്ടായിരുന്നു. വാത്സല്യം ചൊരിയുന്ന മാതാപിതാക്കൾ, സ്നേഹിക്കാൻ മാത്രമറിയുന്ന സഹോദരിമാർ, ബാല്യകാലസഖിയായ ജെന്നി – ഇവരെ പിരിഞ്ഞ് അകലെ ബർലിനിൽ കഴിച്ചുകൂട്ടുക ഓർക്കാൻപോലും കഴിയാത്ത കാര്യമായിരുന്നു. വെളിച്ചം നിറഞ്ഞ റൈൻലാൻറവിടെ, മഞ്ഞുമൂടിയ ബർലിനെവിടെ? പക്ഷേ, എന്തുചെയ്യാം? നല്ലൊരു ഭാവി സ്വപ്നം കാണുന്ന പിതാവിനെ നിരാശപ്പെടുത്തിക്കൂടാ.

1836 മെയ് മാസത്തിൽ കാറൽമാർക്സ് ബർലിൻ സർവ്വകലാശാലയിൽ ചേർന്നു. ചരിത്രവും തത്ത്വശാസ്ത്രവുമായിരുന്നു പഠനവിഷയം.

പ്രൊഫസർമാരുടെ പ്രസംഗരൂപത്തിലുള്ള ക്ളാസുകൾ മാർക്സിന് തീരെ ഇഷ്ടപ്പെട്ടില്ല. സിവിൽനിയമത്തെപ്പററിയും, ക്രിമിനൽനിയമത്തെപ്പററിയും ഉള്ള ക്ളാസു മാത്രമേ അദ്ദേഹം ശ്രദ്ധിച്ചിരുന്നുള്ളൂ. സ്വയം വായിക്കുക, നിരന്തരമായ പഠനം – അതായിരുന്നു മാർക്സിന്റെ പരിപാടി. തത്ത്വശാസ്ത്രവും നിയമവും കൂട്ടിച്ചേർത്ത് പഠിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അത് പ്രയോജനകരമ

ല്ലെന്നു മനസ്സിലായപ്പോൾ നിയമത്തെ ഉപേക്ഷിച്ചു് തത്വശാസ്ത്രത്തിലേയ്ക്കു തിരിഞ്ഞു.

ഇംഗ്ലീഷ്, ഇററാലിയൻ എന്നീ ഭാഷകൾ പഠിക്കാൻ ആരംഭിച്ചു. സ്വയം പഠിക്കുകതന്നെ. അറിവുനേടാനുള്ള ആഗ്രഹംമൂലം നിരവധി രാത്രികൾ ഉറക്കമൊഴിച്ചു് കണ്ണിൽ കണ്ട ഗ്രന്ഥങ്ങളെല്ലാം അദ്ദേഹം വായിച്ചുതള്ളി. വായിക്കുന്ന പുസ്തകങ്ങളിൽ നിന്നു് ഓർക്കേണ്ട കാര്യങ്ങൾ പകത്തിവയ്ക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. കഠിനാദ്ധ്വാനംകൊണ്ടു് ശരീരം ക്ഷീണിച്ചു. ആരോഗ്യം തകർന്നു, രോഗം ബാധിച്ചു. ഡാക്ടർമാരുടെ നിർദ്ദേശമനുസരിച്ചു് കുറച്ചു ദിവസം വിശ്രമിച്ചു. ആരോഗ്യം വീണ്ടെടുത്തപ്പോൾ പഠനം പുനരാരംഭിച്ചു.

പാഠ്യപുസ്തകങ്ങളിൽനിന്നു് ജിജ്ഞാസ ശമിക്കുന്നില്ല. മാർക്സിന് സർവ്വകലാശാലാജീവിതം മടുത്തു. നാട്ടിലേക്കു മടങ്ങണമെന്നു് തോന്നി. വീണ്ടും വീണ്ടും അച്ഛനെഴുതി. അദ്ദേഹം സമ്മതിച്ചില്ല. പുത്രന്റെ പിടിവാശി പിതാവിനു മനഃശല്യമുണ്ടാക്കി. വിജ്ഞാനത്തിന്റെ എല്ലാ ശാഖകളിലും കടന്നുചാടി വൃഥാ നേരംകളയരുതെന്നു് അദ്ദേഹം മാർക്സിനെ ഉപദേശിച്ചു. തലച്ചോറ് ചിന്നിച്ചിതറുവാനിടയാകരുത്. രാത്രി മുഴുവൻ ഉറക്കമൊഴിച്ചു് ആരോഗ്യം നശിപ്പിക്കുന്നതും, രോഗം വിളിച്ചുവരുത്തുന്നതും നന്നല്ലെന്നു് അദ്ദേഹം ശാസനാരൂപത്തിൽത്തന്നെ എഴുതി. എന്നിട്ടും മാർക്സിന്റെ മനോഭാവം മാറിയില്ലെന്നറിഞ്ഞപ്പോൾ പിതാവ് വിലപിച്ചു. "എന്റെ ഉപദേശങ്ങളൊന്നും എന്റെ മകൻ സ്വീകരിക്കുന്നില്ല."

കാറൽ പണം ധൂർത്തടിക്കുന്നുവെന്നു് ഹെയിൻറിച്ച് മാർക്സ് ഒരു കത്തിൽ ആക്ഷേപിച്ചു. യഥാർത്ഥത്തിൽ

കാറൽ ധൂർത്തനായിരുന്നില്ല. പിന്നെ പണം അധികം ചെലവാകുന്നതെങ്ങനെയെന്നല്ലേ? ആരു ചോദിച്ചാലും പണം കടം കൊടുക്കും. അന്യരുടെ കഷ്ടപ്പാടുകളിൽ അലിയുന്ന മനസ്സായിരുന്നു ആ യുവാവിൻേറത്. കൊള്ളരുതായ്മയോ ശ്രദ്ധയില്ലായ്മയോ കൊണ്ടല്ല പണം നഷ്ടപ്പെട്ടിരുന്നത്.

ലോകചരിത്രം തിരുത്തിക്കുറിച്ച ആ ധനശാസ്ത്രജ്ഞൻ സ്വന്തം ആയവ്യയങ്ങളെ നിയന്ത്രിക്കാൻ അപ്രാപ്തനായിരുന്നു!

ക്ലാസുമുറിയിലൊതുങ്ങിയിരുന്ന് ലക്ചറർമാരുടെ മുഴുവൻ പ്രസംഗങ്ങൾ കേൾക്കുന്നതിനെക്കാൾ മാർക്സ് ഇഷ്ടപ്പെട്ടത് ഒററക്കിരുന്ന് വായിക്കുവാനും ചിന്തിക്കുവാനും ആയിരുന്നു. സാധാരണ പറയാറുള്ള അർത്ഥത്തിൽ "അച്ചടക്കമുള്ള വിദ്യാർത്ഥി"യായിരുന്നില്ല അദ്ദേഹം. പക്ഷേ, നല്ല പഠിതാവായിരുന്നു; ചിന്താശീലനായിരുന്നു. ഒരു വർഷത്തെ വായനകൊണ്ടും ചിന്തകൊണ്ടും പത്തുവർഷത്തെ കലാശാലാവിദ്യാഭ്യാസംകൊണ്ട് നേടാവുന്നതിനേക്കാളേറെ വിജ്ഞാനം അദ്ദേഹം സമ്പാദിച്ചു.

1838 മെയ് 10, ഫെയിൻറിച്ച്മാർക്സ് അന്തരിച്ചു. അച്ഛനോട് വലിയ ആദരവായിരുന്നു മാർക്സിന്. അച്ഛൻെറ ഫോട്ടോ എപ്പോഴും കൊണ്ടുനടക്കും. പിതാവിൻെറ ആഗ്രഹത്തിനനുസരിച്ച് നടക്കുവാൻ സാധിക്കാത്തതിൽ മാർക്സിന് ദുഃഖം ഉണ്ടായിരുന്നു. അച്ഛൻെറ മരണം കാറൽമാർക്സിനെ തളർത്തിക്കളഞ്ഞു.

മൂന്നു വർഷം കൂടി കടന്നുപോയി. 1841 ഏപ്രിലിൽ കാറൽമാർക്സ് തത്വശാസ്ത്രത്തിൽ ഡോക്ടർബിരുദം

നേടി. "എപ്പിക്യൂറസ്സിൻെറ ദർശനം" എന്നതായിരുന്നു പ്രബന്ധവിഷയം. ബർലിൻ സർവ്വകലാശാലയിലാണ് അദ്ദേഹം പഠിച്ചതെങ്കിലും ഡോക്ടർബിരുദത്തിനുള്ള ഗവേഷണ പ്രബന്ധം സമർപ്പിച്ചത് ജീനാസർവ്വകലാശാലയിലാണ്. അതിന് കാരണമുണ്ട്. ജർമ്മൻഭരണാധികാരികൾ പുരോഗമനവാദികളായ ചിന്തകന്മാരോട് ക്രൂരമായി പെരുമാറിയതിൽ പ്രതിഷേധിച്ചാണ് മാർക്സ് ആ തീരുമാനം കൈക്കൊണ്ടത്. കാറൽമാർക്സിൻെറ സുഹൃത്തും ഇടതുപക്ഷചിന്താഗതിക്കാരനുമായ ലുഡ്‌വിഗ് ഫ്യൂർബാഹിനെ ബർലിൻ യൂണിവേഴ്സിററിയിൽനിന്നു പിരിച്ചുവിട്ടു. മറെറാരു സുഹൃത്തായ ബ്രൂണോബൌവറിന് ബോൺസർവ്വകലാശാലയിൽ ജോലി നല്കാമെന്ന് വാഗ്ദാനം നല്കിയിരുന്നു. എന്നാൽ ജോലിയിൽ ചേരുവാൻ ഭരണാധികാരികളനുവദിച്ചില്ല. കാറൽമാർക്സിനെ രോഷംകൊള്ളിച്ച സംഭവങ്ങൾ ഇതൊക്കെയാണ്. സർവ്വകലാശാലയിൽ അദ്ധ്യാപകനായി ചേർന്നു ജീവിക്കാമെന്ന മോഹം മാർക്സ് അതോടെ ഉപേക്ഷിക്കുകയും ചെയ്തു.

യൂറോപ്യൻരാജ്യങ്ങളിലാകെ ചരിത്രപ്രധാനമായ മാററങ്ങൾ വന്നുകൊണ്ടിരുന്ന കാലമാണത്.

പുതിയ പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ആ യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് വ്യവസായശാലകൾ യൂറോപ്പിലെങ്ങും ഉയർന്നുവന്നു. പടുകൂററൻ ഫാക്ടറികളിൽ എണ്ണമററ തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിച്ച് ലാഭം കുന്നുകൂട്ടാൻ മുതലാളിമാർക്ക് അവസരം ഉണ്ടായി. അതുവരെ ഭൂവുടമകൾക്കായിരുന്നു ജർമ്മനിയിൽ മേധാവിത്വം. ഈ സമ്പ്രദായമാണ് ഫ്യൂഡൽവ്യവസ്ഥ. ഭൂവുടമകൾ കൃഷിക്കാരിൽനിന്ന് പാട്ടംപിരിച്ചിട്ടാണ് ധനം നേടിയിരുന്നത്.

സമ്പാദ്യം വർദ്ധിപ്പിക്കാനായി കൃഷിഭൂമിയിൽ പണിയെടുക്കുന്നവരെ ഭൂവുടമകൾ ക്രൂരമായി ദ്രോഹിച്ചിരുന്നു. മുതലാളിത്തത്തിന്റെ ഉത്ഭവത്തോടെ ഭൂവുടമകളുടെ ആധിപത്യം കുറയാൻ തുടങ്ങി. അർദ്ധഫ്യൂഡൽവ്യവസ്ഥയെന്ന് വിളിക്കാവുന്ന ഈ സമ്പ്രദായമാണ് ജർമ്മനിയിൽ നിലനിഷ്ക്കുന്നത്. ജർമ്മനി ക്രമേണ സാമ്പത്തികത്തകർച്ചയിലേയ്ക്കു നീങ്ങി. ജനങ്ങൾക്കു കടുത്ത ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു. മുതലാളിത്തത്തിന്റെ ആക്രമണത്തെ ചെറുത്തുനില്ക്കാനുള്ള ഫ്യൂഡലിസത്തിന്റെ ശ്രമം; പിടിമുറുക്കുവാനുള്ള മുതലാളിത്തത്തിന്റെ പരാക്രമം. ഈ സംഘട്ടനത്തിനിടയിൽപെട്ട് ജനങ്ങൾ ഞെരുങ്ങി. സാമ്പത്തികത്തകർച്ചയിൽനിന്ന് രക്ഷപ്പെടുവാനായി അന്യരാജ്യങ്ങളിലേയ്ക്കു കൂലിപ്പട്ടാളക്കാരെ കയററിഅയയ്ക്കുക എന്ന നാണക്കേടുപോലും ജർമ്മനിക്കു അനുഭവിക്കേണ്ടിവന്നു.

ജർമ്മനിക്കു വന്നുചേർന്ന ദുരവസ്ഥയെപ്പററി ചിന്തകന്മാർ അസ്വസ്ഥരായി. വിദ്യാസമ്പന്നരും ചിന്താശീലരുമായ ഈ ബുദ്ധിജീവികൾ ഉയർന്ന വർഗ്ഗത്തിൽപെടുന്നവരാണ്. ജനങ്ങളിൽനിന്ന് നാനാതരത്തിലുള്ള പ്രതിഷേധശബ്ദങ്ങൾ ഉയർന്നുകൊണ്ടിരുന്നു. എതിർപ്പിന്റെ ശക്തികളെ ഏകീകരിക്കുവാനോ ജനങ്ങളെ നയിക്കുവാനോ ഉള്ള ധീരത ബുദ്ധിജീവികൾ കാണിച്ചില്ല. എങ്കിലും ജർമ്മനിയുടെ ചിന്താധാരകളെ അവർ സ്വാധീനിച്ചു. കല, ശാസ്ത്രം, തത്വചിന്ത, രാഷ്ട്രമീമാംസ എന്നീ മണ്ഡലങ്ങളിലാണ് അവരുടെ ബുദ്ധി വ്യാപരിച്ചത്.

ഈ ചിന്താലോകത്തിലേക്കാണ് കാറൽമാർക്സ് കടന്നുചെന്നത്.

അന്ന് യൂറോപ്യൻരാജ്യങ്ങളിലെ ബുദ്ധിജീവികളിൽ പലരെയും ആകർഷിച്ച ഒരു തത്വചിന്തകൻ ഉണ്ടായി

രുന്നു. ഹെഗൽ സർവ്വകലാശാലാ വിദ്യാർത്ഥിയായിരിക്കുമ്പോഠം തന്നെ ഹെഗലിൻെറ ചില ലേഖനങ്ങഠം കാറൽമാർക്സ് വായിച്ചിരുന്നു. ഹെഗലിയൻ ചിന്തകഠം മാർക്സിനെ അത്രയേറെ ആകർഷിച്ചില്ലെങ്കിലും അവ ഗൗരവമേറിയ പഠനം അർഹിക്കുന്നുണ്ടെന്ന് തോന്നി. ഹെഗലിയൻ ചിന്താഗതിയിലേയ്ക്ക് മാർക്സ് പ്രവേശിച്ചത് ഇപ്പോഴാണ്.

പ്രപഞ്ചത്തിലെ വസ്തുക്കളെയും ലോകത്തിൽ ഇന്നേവരെ ഉണ്ടായ ചിന്താധാരകളെയും അപഗ്രഥിച്ചുനോക്കിയപ്പോഠം ഹെഗൽ ചെന്നുചേർന്ന നിഗമനം ഇതാണ്: ആശയമാണാദ്യം ഉണ്ടാകുന്നത്. ആശയത്തിനു ചേർന്ന വിധത്തിൽ വസ്തു രൂപം കൊള്ളുന്നു. വിളക്കെന്ന സങ്കല്പം ആദ്യം ജനിക്കുന്നു. പിന്നീട് വിളക്ക് ഉണ്ടാകുന്നു, ഉണ്ടാക്കുന്നു. ഈ വസ്തുക്കളിൽത്തന്നെ വളർച്ചയുടെയും നാശത്തിൻെറയും ആയ വിരുദ്ധശക്തികഠം പ്രവർത്തിക്കുന്നുണ്ട്. അതിൻെറ ഫലമായി നിലനില്ക്കാനുള്ളത് നിലനില്ക്കുന്നു; നശിക്കാനുള്ളത് നശിക്കുന്നു. ഈ ചലനം ഇടവിടാതെ തുടരുന്നു. അങ്ങനെ പ്രകൃതി വളരുന്നു.

ബർലിൻ സർവ്വകലാശാലയിൽ ഹെഗലിൻെറ അനുയായികളായ കുറേ ചെറുപ്പക്കാർ ചേർന്ന് ഒരു സംഘം രൂപീകരിച്ചിരുന്നു. ഹെഗലിൻെറ ചിന്തകഠം പഠിക്കുക, മതം, തത്വശാസ്ത്രം, സാഹിത്യം, ചരിത്രം എന്നീ വിഷയങ്ങളെ ആ വീക്ഷണത്തിലൂടെ ചർച്ചചെയ്യുക — ഇതൊക്കെയായിരുന്നു ആ ക്ളബ്ബിൻെറ പരിപാടി. ഹെഗലിയൻക്ളബ്ബ് എന്നതാണ് അതിൻെറ പേർ. പത്രപ്രവർത്തകരും, സാഹിത്യകാരന്മാരും, കലാശാലാദ്ധ്യാപകരും ഈ സംഘത്തിൽ അംഗങ്ങളാണ്. കാറൽമാർക്സും ക്ളബ്ബിൽ അംഗമായിച്ചേർന്നു.

ഹെഗലിന്റെ ഗ്രന്ഥങ്ങളും ലേഖനങ്ങളും കാറൽ മാർക്സ് പലതവണ വായിച്ചു; പഠിച്ചു. ഹെഗലിന്റെ ചിന്താഗതിയോട് പൂർണ്ണമായി യോജിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. എന്നാൽ അതിൽനിന്നാണ് വൈരുദ്ധ്യവാദമെന്ന ആശയം ആദ്യമായി മാർക്സിന്റെ മനസ്സിൽ കടന്നുകൂടിയത്.

ഹെഗലിയൻ തത്വചിന്തയെ നിഷേധിച്ചുകൊണ്ട് ലുഡ്‌വിഗ് ഫ്യൂർബാഹ് എന്ന പ്രശസ്തചിന്തകൻ യൂറോപ്യൻ ചിന്താലോകത്തിലേയ്ക്ക് കടന്നുചെന്നു. ഹെഗലിയൻക്ളബ്ബിലെ ഇടതുപക്ഷചിന്താഗതിക്കാരുടെ നേതാവായിരുന്നു ഫ്യൂർബാഹ്. വസ്തുക്കളാണ് ആശയമല്ല യഥാർത്ഥത്തിലുള്ളത് എന്നദ്ദേഹം സമർത്ഥിച്ചു. ഹെഗലിയൻചിന്ത പ്രപഞ്ചത്തിന്റെ സ്രഷ്ടാവായി ദൈവത്തെ പുനഃസ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. നശിക്കാറായ മതസ്വാധീനത്തിന് സംരക്ഷണം നല്കലാണ് ഹെഗലിന്റെ ലക്ഷ്യമെന്നദ്ദേഹം സിദ്ധാന്തിച്ചു.

ഫ്യൂർബാഹിന്റെ വാദങ്ങൾ മാർക്സിന്റെ സവിശേഷമായ പഠനത്തിന് വിഷയമായി. എല്ലാ വാദങ്ങളും മാർക്സിന് സ്വീകാര്യമായി തോന്നിയില്ല. ഭൗതികവസ്തുക്കളാണ് പ്രധാനമെന്ന ആശയം – ഭൗതികവാദം – മാർക്സ് ഉൾക്കൊണ്ടത് ഇവിടെനിന്നാണ്.

ഹെഗലിന്റെ വൈരുദ്ധ്യചിന്തയും ഫ്യൂർബാഹിന്റെ ഭൗതികവാദവും സമഞ്ജസമായി കൂട്ടിച്ചേർത്തിട്ടാണ് വൈരുദ്ധ്യാത്മകഭൗതികവാദമെന്ന പുതിയ സിദ്ധാന്തം മാർക്സ് രൂപപ്പെടുത്തിയത്. പ്രസ്തുതസിദ്ധാന്തം ചിന്തയുടെ ലോകത്തിൽ ഒരു മഹാവിപ്ലവത്തിന് കളമൊരുക്കി.

# 4. പ്രേമവും വിവാഹവും

ബർലിൻ സർവ്വകലാശാലയിൽ പഠിക്കുന്ന കാലത്ത് കാറൽമാർക്സിനെ കഠിനമായിവേദനിപ്പിച്ചത് തൻെറബാല്യകാലസഖിയായ ജെന്നിയുമായുള്ള വേർപാടായിരുന്നു. കുട്ടിക്കാലംതൊട്ടേ അവർ കളിക്കൂട്ടുകാരാണ്. മാർക്സിൻെറ സഹോദരിയായ സോഫി, ജെന്നിവെസ്ത്ഫാലൻെറ പ്രിയമിത്രമായിരുന്നു. മാർക്സ്കുടുംബവും വെസ്ത്ഫാലൻ കുടുംബവും അയൽപക്കക്കാരാണ്. കാറൽ, സഹോദരിമാരോടൊപ്പം വെസ്ത്ഫാലൻകുടുംബത്തിൽ പോകും. ജെന്നി ഇങ്ങോട്ടും വരും. അവർ ഒരുമിച്ച് കളിച്ചുചിരിച്ച് വളർന്നു വന്നു. മാർക്സും ജെന്നിയും അനുരക്തരായി.

കാറൽ ബർലിൻ സർവ്വകലാശാലയിൽ പോയി പഠിക്കട്ടെ എന്ന് അച്ഛൻ അന്നു തീരുമാനിക്കുമ്പോൾ അദ്ദേഹത്തിന് മറെറാരു ഉദ്ദേശംകൂടി ഉണ്ടായിരുന്നു – മാർക്സിനെയും ജെന്നിയെയും അകററുക. ആ പ്രേമബന്ധത്തിൻെറ കണ്ണികൾ അററുപോയെങ്കിൽ – പിതാവ് ആഗ്രഹിച്ചു. ഹെയിൻറിച്ചിന് ജെന്നിയെ ഇഷ്ടമാണ്. പക്ഷേ, തൻെറ പുത്രന് വെസ്ത്ഫാലൻകുടുംബക്കാർ അവരുടെ പുത്രിയെ കൊടുക്കുമെന്ന് അദ്ദേഹത്തിന് പ്രതീക്ഷയില്ലായിരുന്നു. വെസ്ത്ഫാലൻകുടുംബവും മാർക്സ്കുടുംബവും ഇണങ്ങിച്ചേർന്നത് യാദൃച്ഛികമായിട്ടാണ്. ട്രീറിലെ രാജകീയ പ്രതിനിധിയാണ് ജെന്നിയുടെ പിതാവ്. മാർക്സ്കുടുംബത്തിൻെറ അയൽപക്കത്ത് അവർ താമസമാക്കി: വിദ്യാഭ്യാസവും സംസ്കാരവും ഒത്തിണങ്ങിയ അയൽപക്കക്കാർ പരിചയപ്പെട്ടു. ക്രമേണ ഒരേ വീട്ടുകാരെപ്പോലെ പരസ്പരം

സ്നേഹിച്ചു ജീവിക്കുകയായി. വെസ്ത്ഫാലൻ കുടുംബത്തിന്റെ പ്രഭുത്വമോ പ്രതാപമോ ആ ബന്ധത്തെ ബാധിച്ചില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ആഭിജാത്യം കുറഞ്ഞ മാർക്സ് കുടുംബവുമായി ബന്ധപ്പെടുവാൻ വെസ്ത്ഫാലൻകുടുംബം സമ്മതിക്കണമെന്നില്ല. ലുഡ്‌വിഗ് വെസ്ത്ഫാലൻ പ്രഷ്യൻപ്രഭുവാണ്. അദ്ദേഹത്തിന്റെ പത്നി സ്കോട്‌ലൻറിലെ ഒരു പ്രഭ്വിയും, പോരാത്തതിന് മാർക്സ് കുടുംബം 'പുതുക്രിസ്ത്യാനി'കളാണ്. ഉള്ളിന്റെ ഉള്ളിൽ മററുള്ളവർക്ക് അവരെ കുറിച്ചു പുച്ഛമാണ്. ഹെയിൻറിച്ച് പണക്കാരനുമല്ല. ഏറെക്കാലം അകന്നു ജീവിച്ചിട്ടും കാറൽ–ജെന്നിമാരുടെ പ്രണയബന്ധത്തിന് മങ്ങലേററില്ലെന്നറിഞ്ഞപ്പോൾ ആ പിതാവ് നന്നെ വിഷമത്തിലായി.

ജെന്നിയുടെ പിതാവ് സംസ്കാരസമ്പന്നനായ ഒരു നല്ല മനുഷ്യനായിരുന്നു– പുരോഗമനവാദിയും ലൂയിപതിനഞ്ചാമനെതിരായി നടന്ന സമരത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. തന്റെ മുന്നിൽ കളിച്ചുവളരുന്ന അസാധാരണമായ ബുദ്ധിശക്തിയും സ്വഭാവഗുണങ്ങളുമുള്ള, കാറൽ മാർക്സിനെ ലുഡ്‌വിഗ് വെസ്ത്ഫാലൻ പിതൃതുല്യം സ്നേഹിച്ചിരുന്നു. ഹോമർ, ദാന്തെ, ഷെയിക്സ്പിയർ എന്നീ വിശ്വമഹാകവികളെ മാർക്സിന് പരിചയപ്പെടുത്തിക്കൊടുത്തതദ്ദേഹമാണ്. ഹോമറുടെ ഇതിഹാസത്തിലെ പല ഖണ്ഡങ്ങളും മനഃപാഠമായിരുന്നു വെസ്ത്ഫാലന്. ഗ്രീക്ദുരന്ത നാടകങ്ങളിൽ മാർക്സിനുള്ള കമ്പം വളർത്തിവിട്ടതദ്ദേഹമാണ്. ഏഴു ഭാഷകളറിയുന്ന വെസ്ത്ഫാലൻ നല്ലൊരു ലൈബ്രറി സൂക്ഷിച്ചുപോന്നു. മൊസെൽ താഴ്‌വരയിൽ സായാഹ്ന സവാരിക്കു പോകുമ്പോൾ അദ്ദേഹം മാർക്സിനെ കൂടെ കൂട്ടിക്കൊണ്ടുപോകും. ദീർഘ ദീർഘമായ കാവ്യഖണ്ഡങ്ങൾ ചൊല്ലികേൾപ്പിക്കും, പുസ്തകങ്ങൾ

വായിക്കാൻ കൊടുക്കും. അങ്ങനെ ആ യുവാവിൻെറ മാന സികവളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു. പില്ക്കാലത്ത് ധനതത്വശാസ്ത്രത്തിലെ കീറാമുട്ടികളോട് മല്ലിട്ടുകൊണ്ടും തൊഴിലാളിസമരങ്ങൾക്ക് നേതൃത്വം നല്കി ക്കൊണ്ടും തിരക്കുപിടിച്ച ജീവിതം നയിക്കുന്നതിനിടയിൽ വിശ്വസാഹിത്യത്തിലെ വിശിഷ്ട കൃതികൾ ആസ്വദിക്കു വാൻ മാർക്സ് സമയം കണ്ടെത്തിയിരുന്നു. സ്വന്തം കുടും ബത്തിൽ നിന്നോ, വിദ്യാലയങ്ങളിൽ നിന്നോ നേടിയതിനെക്കാ ളേറെ ആവേശവും ധൈര്യവും അറിവും വെസ്റ്റ്ഫാലൻ കുടുംബത്തിൽ നിന്നാണ് തനിക്കു ലഭിച്ചതെന്ന് മാർക്സ് പലപ്പോഴും സ്മരിക്കാറുണ്ടായിരുന്നത്രെ. തൻെറ പ്രണയി നിയുടെ പിതാവിനെ കാറൽമാർക്സ് അത്യധികം സ്നേ ഹിച്ചു; ഗുരുനാഥനെയെന്നപോലെ ആദരിച്ചു.

ജെന്നി കാറൽമാർക്സിനെ സ്നേഹിക്കുന്നുവെന്നറി ഞ്ഞപ്പോൾ ലുഡ്വിഗ് വെസ്റ്റ്ഫാലൻ കോപിച്ചില്ല, ദുഃഖിച്ചില്ല, മകളെ ശകാരിച്ചുമില്ല. അവർ വിവാഹവാ ഗ്ദാനം നൽകിക്കഴിഞ്ഞുവെന്ന് കേട്ടപ്പോൾ സസന്തോഷം അതിനനുവാദം കൊടുക്കാൻ അദ്ദേഹം തീരുമാനിച്ചു.

. ജെന്നിക്ക് രണ്ട് സഹോദരന്മാരുണ്ടായിരുന്നു. ഒരാൾ തികഞ്ഞ യാഥാസ്ഥിതികൻ. മററെ ആൾ പുരോഗമനവാദി. മൂത്തസഹോദരൻ പ്രഷ്യയിലെ ആഭ്യന്തരമന്ത്രിയായിരിക്കേ, ഇടതുപക്ഷപ്രസ്ഥാനങ്ങളെ ശക്തിയായി എതിർത്തിട്ടുണ്ട്. ഇളയസഹോദരന് കാറൽമാർക്സിനെ ബഹുമാനമാണ്. രണ്ടുപേർക്കും പെങ്ങളോട് അതിരററ വാത്സല്യമുണ്ട്.

ജെന്നി സുന്ദരിയാണ്; നിഷ്കളങ്കയും. കാറൽ അവളു ടെ ജീവനുമാണ്. അദ്ദേഹം ബർലിനിലേയ്ക്ക് പോകുന്നു വെന്നറിഞ്ഞപ്പോൾ അവൾക്ക് അടക്കാനാവാത്ത ദുഃഖമു

ണ്ടായെങ്കിലും അവളതു സഹിച്ചു. ബർലിൻ സർവ്വകലാശാലയിൽ പഠിക്കുന്ന കാലത്ത് ക്ലാസുകളിൽ ശ്രദ്ധപിടിച്ചുനിർത്തുവാൻ മാർക്സിന് സാധിച്ചില്ല. അകലെ റൈൻലാൻറിൽ വിരഹദുഃഖം അനുഭവിക്കുന്ന ജെന്നിയെയോർത്ത് കാറൽ നെടുവീർപ്പിട്ടു. വേർപാടിൻെറ വേദന അവരറിയുന്നത് അപ്പോഴാണ്. ജെന്നിക്ക് പ്രണയലേഖനമെഴുതലായിരുന്നു മാർക്സിൻെറ അന്നത്തെ മുഖ്യവിനോദം. എത്രയെത്ര പ്രണയഗീതങ്ങൾ. അവ സൗന്ദര്യദേവതയായ തൻെറ പ്രണയിനിക്കെത്തിച്ചുകൊടുത്തു. മാർക്സിൻെറ പ്രണയകവിതകൾ വെളിച്ചം കണ്ടില്ല. കാരണം അവ നല്ല കവിതകളായിരുന്നില്ല. യാഥാർത്ഥ്യവും സങ്കല്പവും തമ്മിലുള്ള പൊരുത്തക്കേട് അവയിൽ പ്രകടമായിരുന്നു. ആകാശത്തിൽ പാറിനടക്കുന്ന പരന്ന കവിതകൾ. എന്നാൽ ജെന്നി അവയെ അമൂല്യനിധിയായി കരുതി സൂക്ഷിച്ചു—മരണംവരെ.

സർവ്വകലാശാലാവിദ്യാഭ്യാസം പൂർത്തിയാക്കിയാൽ ജെന്നിയെ വിവാഹം കഴിക്കണം മാർക്സിൻെറ മനോരാജ്യം അതായിരുന്നു. അതിനുള്ള സമയം സമാഗതമായിരിക്കുന്നു. വിവാഹവാഗ്ദാനം കൈമാറിയിട്ട് ഏഴുവർഷമായി. സുന്ദരിയായ ആ പ്രഭുകുമാരിക്ക് പണക്കാരനായ ഒരു പ്രഭുകുമാരനെ വരനായി ലഭിക്കാൻ ഒട്ടും പ്രയാസമുണ്ടാവില്ല. എന്നിട്ടും അനിശ്ചിതമായ ഭാവിയോടുകൂടിയ തന്നെ കാത്തിരിക്കുകയാണ് അവൾ. വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ടാണ് അവളുടെ കാത്തിരിപ്പ്. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും നിർബന്ധം, നാട്ടുകാരുടെ പിറുപിറുക്കൽ. ഇനി വൈകിക്കൂടെന്ന് മാർക്സിന് ബോധ്യമായി.

കുടുംബജീവിതം നയിക്കണമെങ്കിൽ എന്തെങ്കിലും ഉപജീവനമാർഗ്ഗം വേണമല്ലോ, അതായി പ്രശ്നം. റയിൽവേ

യിൽ ക്ലാർക്കുമാരെ നിയമിക്കുന്നുണ്ടെന്നു കേട്ട് അപേക്ഷ അയച്ചു. കൈയക്ഷരം നന്നല്ലെന്ന കാരണം പറഞ്ഞ് ആ അപേക്ഷ നിരസിക്കപ്പെട്ടു.

കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്ത് ജീവിക്കാമെന്ന ആഗ്രഹം പണ്ടേ ഉപേക്ഷിച്ചതാണ്. ഇനിയെന്ത്? പത്രപ്രവർത്തനരംഗത്തൊന്ന് പയറ്റിനോക്കാമെന്ന് തീരുമാനിച്ചു.

ഡ്രഡ്സണിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു പത്രത്തിൽ മാർക്സ് ഒരു ലേഖനമെഴുതി—അന്നത്തെ പത്രനിയന്ത്രണ നിയമത്തെ പരാമർശിച്ചുകൊണ്ട് പ്രഷ്യൻ ഭരണകൂടത്തെ ആഞ്ഞടിക്കുന്ന ഒരു ലേഖനം. അത് രാഷ്ട്രീയരംഗത്തേയ്ക്കുള്ള മാർക്സിന്റെ തിരനോട്ടമായിരുന്നു.

മാർക്സിന്റെ ആ ലേഖനം വെളിച്ചം കണ്ടില്ല. ഭരണകൂടത്തിന്റെ ദൃഷ്ടിയിൽ പെട്ടതിനാൽ അതിന്റെ പ്രസിദ്ധീകരണം തടയപ്പെട്ടു.

മാർക്സ് മറ്റൊരു പത്രത്തെ ആശ്രയിച്ചു- നിഷേ സെയ്ത്തുംഗ്. ഏറെത്താമസിയാതെ അതിന്റെ പത്രാധിപരായി ഉയരുകയും ചെയ്തു. ഗൗരവമേറിയ രാഷ്ട്രീയചിന്തകൾ ഉൾക്കൊള്ളുന്ന നിരവധി ലേഖനങ്ങൾ അദ്ദേഹം അതിലെഴുതി. അതോടെ പത്രത്തിന്റെ വിപ്ലവപരമായ സ്വഭാവത്തിന് കുറേക്കൂടി മിഴിവുകിട്ടി. ജനാധിപത്യപ്രസ്ഥാനങ്ങൾക്ക് ആ പത്രം വഴികാട്ടിയായി. ജർമ്മനിയിലെ മർദ്ദന നടപടികൾക്ക് എതിരെ മാർക്സിന്റെ തൂലിക ചലിച്ചു. സാമൂഹ്യവും രാഷ്ട്രീയവുമായ അനീതികളെ അദ്ദേഹം ശക്തിയായ ഭാഷയിൽ എതിർത്തു. നിഷേസെയ്ത്തുംഗ് പത്രം ഭരണാധികാരികൾക്ക് തലവേദന സൃഷ്ടിച്ചു. ഭീകരനായ വിപ്ലവകാരിയെന്ന് പ്രസിദ്ധനായ രുട്ടംബർഗ്ഗ്

മാർക്സിന്റെ സഹപ്രവർത്തകനായിരുന്നു. മാർക്സിനെയും നിഷേസയ്ത്തുംഗിനെയും നശിപ്പിക്കുവാൻ അവസരം കാത്തുകഴിയുന്ന ഭരണാധികാരികൾക്ക് അതിനിടക്ക് ഒരു സുവർണ്ണാവസരം കൈവന്നു. ഗവർമ്മെന്റ് കൊണ്ടുവരാൻ പോകുന്ന ഒരു വിവാഹനിയമത്തിന്റെ രൂപരേഖ പൂർണ്ണമായി എഴുതുന്നതിനു മുമ്പുതന്നെ ചോർത്തിയെടുത്ത് നിഷേസയ്ത്തുംഗ് പ്രസിദ്ധീകരിച്ചു; അതൊരു ഞെട്ടിപ്പിക്കുന്ന സംഭവമായി. നിയമത്തിലെ വ്യവസ്ഥകൾ ചോർത്തിക്കൊടുത്ത ലേഖകന്റെ പേര് പറയണമെന്ന് ഭരണാധികാരികൾ ആവശ്യപ്പെട്ടു. സാധ്യമല്ലെന്നായിരുന്നു മാർക്സിന്റെ മറുപടി. അതിനാൽ കമ്യൂണിസം പ്രചരിപ്പിക്കുന്നുവെന്ന് ആരോപിച്ച് ഭരണക്കാരും അവരുടെ ശിങ്കിടികളും ചേർന്ന് പത്രത്തിനെതിരെ കടന്നാക്രമണം നടത്തി. കുറച്ചുദിവസം കഴിഞ്ഞ് പത്രം നിരോധിക്കുകയും ചെയ്തു.

നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റൈൻലാന്റിലെ ജനങ്ങൾ രാജാവിന് ഒരു ഭീമഹരജി സമർപ്പിച്ചു. നിഷേസെയ്ത്തുംഗ് അവരുടെ പ്രിയപ്പെട്ട മിത്രമായിരുന്നു. രാജാവ് ഹർജി തള്ളിക്കളയുകയാണ് ഉണ്ടായത്. പത്രത്തിന്റെ രാഷ്ട്രീയാഭിപ്രായം മാററണമെന്ന് പത്രമുതലാളിമാർ നിർബന്ധിച്ചപ്പോൾ മാർക്സ് പത്രാധിപസ്ഥാനം ഉപേക്ഷിച്ച് ഇറങ്ങിപ്പോന്നു. അക്കാലത്താണ് ജർമ്മനിയിലെ പ്രശസ്ത കവിയായ ഫ്രെലിഗ്രാത്തുമായി മാർക്സ് പരിചയപ്പെട്ടത്. യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ചുവളർന്ന അദ്ദേഹം വിപ്ലവകാരിയായി മാറിക്കഴിഞ്ഞിരുന്നു. ആ നല്ല മനുഷ്യന്റെ കവിഹൃദയത്തിൽ ജനങ്ങളുടെ ദുരിതം പ്രതിഫലിച്ചപ്പോഴാണ് മാനസികമായ മാററംവന്നത്. അദ്ദേഹം വിഷമഘട്ടങ്ങളിൽ മാർക്സിന് സാമ്പത്തികസഹായം നല്കിപ്പോന്നു.

ശ്വാസംമുട്ടിക്കുന്ന ഈ അന്തരീക്ഷത്തിൽ ജീവിക്കാൻ സാധ്യമല്ലെന്ന് കരുതി മാർക്സ് റൈൻലാൻറ് വിടുവാനൊരുങ്ങി. അടിമത്തത്തിന് വഴങ്ങി ജീവിക്കുന്നത് അപമാനകരമാണ്. ഇനി തനിക്ക് ജർമ്മനിക്കുവേണ്ടി ഒന്നും ചെയ്യാനില്ലെന്നദ്ദേഹം പ്രഖ്യാപിച്ചു.

ജർമ്മനി വിടുന്നതിനുമുമ്പ് ജെന്നിയെ വിവാഹം കഴിക്കണമെന്ന് അദ്ദേഹം ഉറച്ചു. വഴിമുട്ടിനില്ക്കുന്ന സാമ്പത്തിക പ്രയാസങ്ങളെ തരണംചെയ്യേണ്ടത് എങ്ങനെയെന്ന് അദ്ദേഹത്തിന് നിശ്ചയമില്ല. സ്വാതന്ത്ര്യം പണയപ്പെടുത്തി ബുദ്ധിശക്തി വിററ് പണം സമ്പാദിക്കാൻ സാധ്യമല്ല. സ്വയം നിലനില്ക്കുന്നതിനുവേണ്ടി എഴുത്തുകാരന് പ്രതിഫലം സ്വീകരിക്കാം; എന്നാൽ അയാൾ എഴുതുന്നത് ധനം നേടുവാനാകരുത് എന്നതായിരുന്നു മാർക്സിൻെറ നിലപാട്.

ജെന്നിയുടെ പിതാവ് ലുഡ്‌വിഗ് വെസ്റ്റ്ഫാലൻ അന്തരിച്ചുവെന്ന വാർത്ത ഒരു ഞെട്ടലോടെയാണ് മാർക്സ് കേട്ടത്. തീരെ അപ്രതീക്ഷിതമായിരുന്നു ആ അന്ത്യം. അദ്ദേഹം രോഗശയ്യയിലാണെന്ന് അറിഞ്ഞിരുന്നുവെങ്കിലും മരണം ഉടനെ സംഭവിക്കുമെന്ന് കരുതിയില്ല. ശാരീരികവും മാനസികവുമായ അവശതയാണ് വെസ്റ്റ്ഫാലനെ പെട്ടെന്നുള്ള മരണത്തിലേയ്ക്ക് നയിച്ചതെന്നു കേട്ടപ്പോൾ മാർക്സിന് കഠിനമായ ദുഃഖംതോന്നി. ലുഡ്‌വിഗ് വെസ്റ്റ്ഫാലനെ സ്നേഹിക്കുകയും അതിലേറെ ആദരിക്കുകയും ചെയ്തിരുന്ന മാർക്സിന് അതൊരു കനത്ത അടിയായി അനുഭവപ്പെട്ടു.

സ്വതഃസ്സിദ്ധമായ മനഃശക്തികൊണ്ട് ദുഃഖാനുഭവങ്ങളെ നേരിടുവാൻ മാർക്സ് ശീലിച്ചിട്ടുണ്ട്. സ്വന്താ

കാലിൽ നില്ക്കാനുള്ള കരുത്ത് നേടണം - അതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. മററതെങ്കിലും രാജ്യത്തുനിന്ന് ഒരു പത്രം പ്രസിദ്ധീകരിക്കാമെന്ന് ചില സുഹൃത്തുക്കൾ നിർദ്ദേശിച്ചപ്പോൾ മാർക്സ് സന്തോഷത്തോടെ അത് സമ്മതിച്ചു. പ്രഷ്യയിലെ പത്രമാരണ നിയമത്തിൽനിന്ന് രക്ഷപ്പെടുവാൻ അതേ വഴിയുള്ളു. പത്രമിറക്കുന്നത് പാരിസിൽ നിന്നാകാമെന്ന് നിശ്ചയിച്ചു. പത്രാധിപർ കാറൽ മാർക്സ് തന്നെ. അതിനുള്ള പരിശ്രമം ഉടനെ ആരംഭിക്കുകയും ചെയ്തു.

ജെന്നിയെ വിവാഹം കഴിക്കുക; പാരിസിൽ ചെന്ന് പത്രപ്രവർത്തനവുമായി ജീവിക്കുക - മാർക്സ് തീരുമാനിച്ചു.

ദീർഘകാലത്തെ കാത്തിരിപ്പ് അവസാനിക്കുകയാണ്. പിതാവിന്റെ മരണശേഷം ട്രീറിവിട്ട് അമ്മയോടൊപ്പം ക്രൊസ്നാക്കിൽ താമസിക്കുന്ന ജെന്നിയെ മാർക്സ് ചെന്നുകണ്ടു. പ്രേമസാഫല്യത്തിന്റെ ആ മുഹൂർത്തത്തിന് സാക്ഷി നില്ക്കുവാൻ സ്നേഹധനനായ ലുഡ്‌വിഗ് വെസ്റ്റ്ഫാലനില്ലാതെ വന്നതിൽ അവർക്ക് വേദന തോന്നി.

1843 ജൂൺ 19. കാറൽമാർക്സ് ജെന്നിയെ വിവാഹം ചെയ്തു. ജെന്നിക്ക് മാർക്സിനെക്കാൾ നാലു വയസ്സധികമാണ്.

മധുവിധു ആഘോഷിച്ചത് ക്രൊസ്നാക്കിൽ വച്ചുതന്നെയാണ്. നവമ്പറായപ്പോൾ പുതിയ പത്രത്തിന്റെ പത്രാധിപസ്ഥാനം ഏറെറടുക്കുവാൻ കാറൽമാർക്സ് നവവധുവുമൊത്ത് പാരിസിൽ ചെന്നിറങ്ങി.

# 5. ഫെഡറിക് ഏംഗൽസ്

കാറൽമാർക്സ് പാരീസിൽ എത്തി മൂന്നു മാസം കഴിഞ്ഞിട്ടാണ് പുതിയ പ്രസിദ്ധീകരണത്തിന്റെ ഒന്നാം ലക്കം പുറത്തിറങ്ങിയത്. അതായിരുന്നു അവസാനത്തെ ലക്കവും. ന്യൂനിഷേസെയ്ത്തുംഗ് എന്ന പേരിൽ മാസികയായി പ്രസാധനം ചെയ്യാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. മാസികയുടെ കോപ്പികൾ ജർമ്മനിയിലേയ്ക്ക് ഒളിച്ചുകടത്താൻ ഏർപ്പാടു ചെയ്തിരുന്നു. നിർഭാഗ്യമെന്നല്ലാതെന്തു പറയാൻ; വഴിക്കുവച്ച് അത് പിടിക്കപ്പെട്ടു. ന്യൂനിഷേസെയ്ത്തുംഗിന്റെ കോപ്പികൾ അധികൃതർ കണ്ടുകെട്ടി; അപ്പോൾത്തന്നെ ചുട്ടുകരിക്കുകയും ചെയ്തു. മാർക്സിന്റെയും കൂട്ടുകാരുടെയും അദ്ധ്വാനം നിഷ്ഫലമായിത്തീർന്നു.

പത്രത്തിന്റെ പ്രസിദ്ധീകരണം മുടങ്ങിയതോടെ മാർക്സിന്റെ ധനാഗമമാർഗ്ഗം തടയപ്പെട്ടു. അർദ്ധപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി മാർക്സ്കുടുംബം നാളുകൾ തള്ളിനീക്കി.

അക്കാലത്താണ് മാർക്സ്ദമ്പതികൾക്ക് ഒന്നാമത്തെ കുട്ടി പിറന്നത്; ഒരു പെൺകുട്ടി. അവർക്ക് അമ്മയുടെ പേരുതന്നെ നല്കി—ജെന്നി.

ഫ്രാൻസിലെ ജീവിതകാലത്ത് തൊഴിലാളികളുമായി ഇടപഴകുവാൻ മാർക്സ് ശ്രമിച്ചു. ഒരു നൂററാണ്ടുമുമ്പ് ഫ്രാൻസിലെ തൊഴിലാളികൾ നടത്തിയ ധീരോദാത്തമായ പോരാട്ടത്തിന്റെ കഥ അദ്ദേഹം കേട്ടു. തൊഴിലാളികളെ

സംഘടിപ്പിച്ച് സമരത്തിലേയ്ക്ക് നയിച്ചത് ബവൂഫ് എന്ന മഹാനായിരുന്നു.

ബവൂഫിൻെറ ഗൂഢാലോചന എന്ന് പരിഹാസസ്വരത്തിൽ വിവരിക്കാറുള്ള ആ സംഭവം മാർക്സിനെ രോമാഞ്ചം കൊള്ളിച്ചു. സായുധകലാപത്തിലൂടെ പട്ടിണിപ്പാവങ്ങളുടെ ആധിപത്യം സ്ഥാപിക്കാനാണ് ബവൂഫ് ശ്രമിച്ചത്. കമ്മ്യൂണിസത്തിലേയ്ക്ക് നീങ്ങുക എന്ന ലക്ഷ്യത്തോടെ നടന്ന ആ കലാപം ലോകചരിത്രത്തിലെ ആദ്യത്തെ ജനകീയ വിപ്ലവമാണ്. തൊഴിലാളികൾ പാരീസിലെ തെരുവീഥികളിലൂടെ ചെങ്കൊടികളുമേന്തി മാർച്ചുചെയ്തു. ആയുധമേന്തി പടവെട്ടി, ചോര ചൊരിഞ്ഞു. രാജാവ് പേടിച്ചോടി-ഇംഗ്ലണ്ടിലേയ്ക്ക്.

തൊഴിലാളികൾക്ക് അധികാരം നിലനിർത്തുവാൻ കഴിഞ്ഞില്ല. അതിനുള്ള പക്വത അവർ ആർജ്ജിച്ചിരുന്നില്ല എന്നതാണ് വിപ്ലവം പരാജയപ്പെടുവാൻ കാരണമെന്ന് മാർക്സ് കണ്ടുപിടിച്ചു. ഫ്രാൻസിലെ ധീരരായ തൊഴിലാളികളെ മാർക്സ് അഭിനന്ദിച്ചു. ഈ സംഭവം വിലയിരുത്തിക്കൊണ്ട് ഒരു ചിന്തകൻ എഴുതി: "ആസന്ന ഭാവിയിൽ തൊഴിലാളികൾ ഒരു പാർട്ടി ഉണ്ടാക്കും 'നാളെ' ആ പാർട്ടിയുടേതാണ്."

അക്കാലത്തെ ഫ്രാൻസിലെ തൊഴിലാളികളുടെ നരകതുല്യമായ ജീവിതം മാർക്സ് കണ്ടു മനസ്സിലാക്കി. തൊഴിലാളികളുടെ ജോലിസമയം കല്പിതപ്പെടുത്തിയിരുന്നില്ല. കുട്ടികളായാലും സ്ത്രീകളായാലും ഒന്നും വ്യത്യാസമില്ല. ഒമ്പതും പത്തും വയസ്സുള്ള കുട്ടികളെ പുലർച്ചെ മൂന്നു മണിക്ക് വിളിച്ചുണർത്തി വലിച്ചിഴച്ചുകൊണ്ടുവന്ന് രാത്രി പതിനൊന്നുമണിവരെയും പന്ത്രണ്ടുമണിവരെയും ജോലി

ചെയ്യിക്കും. വിളറിയ മുഖവും തളർന്ന ദേഹവുമായി ജീവച്ഛവങ്ങളെപ്പോലെ ഇഴഞ്ഞുനടക്കുന്ന തൊഴിലാളിക്കുട്ടികളെ കണ്ടപ്പോൾ മാർക്സിന്റെ ഹൃദയം തകർന്നു. സ്ത്രീകളുടെ കഥയും ഇതുതന്നെ. ആഴ്ചയിൽ ആറുദിവസം പതിനഞ്ചും പതിനാറും മണിക്കൂർ ജോലി ചെയ്യണം. പലപ്പോഴും രാത്രി ഉറങ്ങാൻപോലും വിടില്ല. രാത്രിജോലിക്കു കൂലിയുമില്ല.

തൊഴിലാളികളധികവും വളർച്ചമുട്ടി, നെഞ്ചുന്തി വിരൂപരായി നടക്കുന്നത് മാർക്സ് കണ്ടു. ന്യുമോണിയയും ക്ഷയവും ആസ്മയും പിടികൂടാത്തവർ വിരളം. ഉച്ചഭക്ഷണത്തിന് ഒഴിവുണ്ടെന്നാണ് സങ്കല്പം. എന്നാൽ ആ സമയത്തിൽനിന്ന് ആദ്യവും ഒടുക്കവും പത്തോ പതിനഞ്ചോ മിനിട്ട് തട്ടിയെടുക്കും. യന്ത്രം കഴുകാനും തുടയ്ക്കാനും വേണ്ടിവരുന്ന സമയം ജോലിസമയത്തിൽപ്പെടുകയുമില്ല.

അദ്ധ്യാനസമയം പതിനെട്ടുമണിക്കൂറാക്കി നിശ്ചയിക്കണമെന്നാവശ്യപ്പെടുവാൻ കുറച്ചുകാലംമുമ്പ് തൊഴിലാളികൾ ഒരു യോഗംചേർന്നത് മഹാധിക്കാരമായിപ്പോയി എന്ന മട്ടിലാണ് മുതലാളിമാർ സംസാരിച്ചത്. ലാഭത്തിന്റെ അടിസ്ഥാനം നിമിഷങ്ങളാണ്; ഓരോ നിമിഷവും വിലയേറിയതാണ്. തൊഴിലാളികൾ നശിച്ചുകൊള്ളട്ടെ. വേറെ തൊഴിലാളികളെക്കിട്ടും. ലാഭക്കൊതിമൂലം മനുഷ്യത്വം നശിച്ച മുതലാളിമാർ ചിന്തിക്കുന്നതങ്ങനെയാണ്.

ഫ്രാൻസിലെ ജീവിതത്തിനിടയിൽ തൊഴിലാളികളുമായി ഇടപഴകിയത് മാർക്സിന്റെ വീക്ഷണത്തിൽ വമ്പിച്ച മാററം വരുത്തുവാൻ ഇടയാക്കി. തൊഴിലാളിവർഗ്ഗ

ത്തിന്റെ കടമയെന്ത് എന്ന ചോദ്യത്തിന് അദ്ദേഹം ഉത്തരം കണ്ടെത്തി.

ഇതിനിടയ്ക്ക് ഏതോ പത്രത്തിൽ രാജാവിനെയും രാജ്ഞിയെയും ചീത്തപറഞ്ഞുകൊണ്ട് ഒരു ലേഖനം ആരോ പ്രസിദ്ധീകരിച്ചു. ഭരണാധികാരികൾ വിരളിയെടുത്ത് ഓടി നടന്നു—കുററക്കാരനെ കണ്ടുപിടിക്കാൻ. കുററം മാർക്സിന്റെ മേൽ ചുമത്തുവാൻ എതിരാളികൾ ഉത്സാഹിച്ചു. പത്രക്കാർ മാപ്പെഴുതിക്കൊടുത്തു രക്ഷപ്പെട്ടു. മാർക്സ് അതിന് കൂട്ടാക്കിയില്ല. പാരീസിൽനിന്ന് പോകുവാൻ ഫ്രഞ്ചുഭരണാധികാരികൾ മാർക്സിനോട് ആവശ്യപ്പെട്ടു. പത്നിയെയും ഒരു വയസ്സുപോലും പ്രായമാകാത്ത കൊച്ചുകുട്ടിയെയുംകൊണ്ട് അദ്ദേഹം ബൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിലേയ്ക്കു യാത്രയായി.

ഫ്രാൻസിൽ താമസിച്ച പതിനെട്ടു മാസങ്ങൾ മാർക്സിന്റെ ജീവിതത്തിൽ സുപ്രധാനമായ ഒരു കാലഘട്ടമാണ്. തൊഴിലാളികളുടെ ജീവിതയാതനകളുമായി നേരിട്ടു ബന്ധപ്പെട്ടതപ്പോഴാണ്. വിപ്ളവ പ്രസ്ഥാനത്തിന്റെ ആചാര്യനെന്ന നിലയിൽ പില്ക്കാലത്ത് താൻ നടത്തിയ മഹായത്നത്തിൽ തന്റെ സന്തതസഹചാരിയും വിശ്വസ്തസഖാവും ആയി മാറിയ ഫെഡറിക് ഏംഗൽസുമായി പരിചയപ്പെട്ടതാണ് മറ്റൊരു സംഭവം.

ലോക ചരിത്രത്തിലെ മഹാസംഭവങ്ങളിൽ ഒന്നായ ആ കൂടിക്കാഴ്ച നടന്നത് 1842 നവമ്പറിലാണ്.

ന്യൂനിഷേ്സെയ്ത്തുംഗിന്റെ ഓഫീസിൽ ഒരു യുവാവ് കയറിച്ചെന്നു. കാറൽമാർക്സിനെ കാണണമെന്ന് ആവശ്യപ്പെട്ടു. ആരോ അയാളെ മാർക്സിന്റെ മുറിയിലേയ്ക്കു ആനയിച്ചു. മാർക്സിനെ ആദരവോടെ അഭിവാദ്യം ചെയ്ത്

ആ യുവാവ് സ്വയം പരിചയപ്പെടുത്തി: "ഫ്രെഡറിക് എംഗൽസ്" പലരിൽ ഒരുവൻ എന്നേ മാർക്സ് കണക്കാക്കിയുള്ളൂ. എന്നല്ല, അല്പം അസ്വാരസ്യം തന്നെ പ്രകടിപ്പിച്ചു. അതിന് കാരണമുണ്ട്. മാർക്സിനെതിരെ ശക്തിയായ ആശയസമരം നടക്കുന്ന കാലമാണത്. ഈ ചെറുപ്പക്കാരൻ എതിരാളികളുടെ ഏജൻറായിരിക്കുമെന്നൊരു തോന്നൽ എങ്ങനെയോ മാർക്സിന് ഉണ്ടായി. എംഗൽസ് വ്യക്തമാക്കി: "ലണ്ടനിൽ ഒരു നൂൽനൂല്പു കമ്പനിയിലാണെനിക്ക് ജോലി. അങ്ങോട്ടുപോകുകയാണ്. കണ്ടു, പരിചയപ്പെടാമെന്ന ആഗ്രഹത്തോടെ വന്നതാണ്."

ആ തണുപ്പൻസ്വീകരണം എംഗൽസിനെ മടുപ്പിച്ചു. കുറച്ചുനേരം സംസാരിച്ചിട്ട് അദ്ദേഹം ഇറങ്ങിപ്പോന്നു.

അതുവരെ സങ്കല്പത്തിൽ വിരാജിച്ചിരുന്ന സോഷ്യലിസത്തിന് ശാസ്ത്രീയരൂപം നല്കിയ ആചാര്യന്മാർ പരസ്പരം പരിചയപ്പെട്ടതിങ്ങനെയാണ്. അവർക്ക് അന്യോന്യം ബഹുമാനം തോന്നി.

ജർമ്മനിയിലെ ബർമൺ നഗരത്തിലാണ് ഫ്രെഡറിക് എംഗൽസ് ജനിച്ചത്; 1820 നവമ്പർ 29-ന്. വ്യവസായ വ്യാപാരങ്ങളിൽ പ്രഗല്ഭനായ ഒരു ധനികന്റെ പുത്രനാണ് എംഗൽസ്. കോളേജിൽ ചേർന്നുവെങ്കിലും ബിരുദം നേടുന്നതിനുമുമ്പ് വിദ്യാഭ്യാസമവസാനിപ്പിച്ച എംഗൽസ് ബിസിനസ്സിൽ ഏർപ്പെട്ടു. ബിസിനസ്സിൽ താത്പര്യമുണ്ടായിട്ടല്ല, അച്ഛനെ സഹായിക്കാൻ. സമർത്ഥമായി കാര്യം നോക്കാൻ കഴിവുണ്ടായിരുന്നു. സുമുഖനായ ആ പ്രഭുകുമാരന് ചെറുപ്പത്തിൽ നായാട്ടിലും വാൾപ്പയറ്റിലുമായിരുന്നു കമ്പം. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാനും ശീലിച്ചിരുന്നു. ചെറുപ്പക്കാരനായ എംഗൽസ് കവിതകളെഴുതിയി

രുന്നുവത്രേ. വിശ്വമഹാകവിയായ ഗോയ്ഥേയുടെ ഒരു ലേഖനമാണ് കവിതയിൽ നിന്ന് പിന്തിരിയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അക്കാലത്ത് പട്ടാളപരിശീലനം നിർബന്ധമായിരുന്നു. ഇരുപത്തൊന്നാം വയസ്സിൽ പട്ടാളത്തിൽ ചേർന്നു. നല്ല ഉദ്യോഗസ്ഥനെന്ന നിലയിൽ അവിടെയും ശോഭിച്ചു. ഒരുവർഷം പട്ടാളക്യാമ്പിൽ കഴിച്ചുകൂട്ടി. സൈനികജീവിതത്തിലെ ചിട്ടകൾ ഏംഗൽസിന് ഇഷ്ടമായി. വിശേഷിച്ച് പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഉള്ള വ്യത്യാസമില്ലാത്ത ജീവിതരീതി. ഇംഗ്ളണ്ടിലെ മാഞ്ചസ്റ്ററിൽ പിതാവിന് ഉടമസ്ഥാവകാശമുള്ള ഒരു നൂൽകമ്പനിയുണ്ട്. പട്ടാളത്തിൽനിന്ന് പിരിഞ്ഞപ്പോൾ അച്ഛന്റെ നിർദ്ദേശപ്രകാരം അങ്ങോട്ടുപോയി. ആ യാത്രക്കിടയിലാണ് കാറൽമാർക്സിനെ പരിചയപ്പെട്ടത്.

കുട്ടിക്കാലത്തുതന്നെ കൃത്യനിഷ്ഠയും ആത്മാർത്ഥതയും ഏംഗൽസിന്റെ സ്വഭാവ വിശേഷങ്ങളായിരുന്നു. സൈനിക ജീവിതത്തിൽനിന്ന് ലഭിച്ച പട്ടാളച്ചിട്ടകൂടി ചേർന്നപ്പോൾ ബിസിനസ് രംഗത്ത് ഏംഗൽസ് വൻവിജയങ്ങൾ നേടി. മാഞ്ചസ്റ്ററിലെ ബൂർഷ്വാ മണ്ഡലത്തിൽ ഏംഗൽസ് പ്രമുഖനായി. ക്രിസ്തുമസ്‌വിരുന്നുകളിൽ അദ്ദേഹം മുഖ്യാതിഥിയായി.

മാർക്സ് ജനിച്ചുവളർന്നത് ഉല്പതിഷ്ണുത്വത്തിന്റെ വളക്കൂറുള്ള മണ്ണിലാണ്; ഏംഗൽസ് യാഥാസ്ഥിതികത്വത്തിന്റെ മടിത്തട്ടിലും. ബർമൺ നഗരത്തിൽ ക്രിസ്തുമത പുരോഹിതന്മാരുടെ മേധാവിത്വം കൊടികുത്തിവാണിരുന്നു. ഏംഗൽസിൽ ദൈവവിശ്വാസം കുട്ടിക്കാലത്തുതന്നെ വേരുറച്ചു. നാടും വീടും ഗുരുനാഥന്മാരും പിന്തിരിപ്പൻ ചിന്താഗതികളാണ് ഏംഗൽസിന് സമ്മാനിച്ചത്.

വിദ്യാഭ്യാസം നേടി പുതിയ പുതിയ ഗ്രന്ഥങ്ങൾ വായിക്കാനും പഠിക്കാനും തുടങ്ങിയപ്പോൾ എംഗൽസിന്റെ മനസ്സിൽ കോളിളക്കങ്ങളുണ്ടായി. വിവേകവും വിശ്വാസവും തമ്മിൽ ഏററുമുട്ടി. ഏറെ താമസിയാതെ പഴഞ്ചൻവിശ്വാസങ്ങളോട് അദ്ദേഹം വിടവാങ്ങി.

ബർലിനിലെ പട്ടാളക്യാമ്പിനടുത്തായിരുന്നു തത്വചിന്തകനായ ഹെഗലിന്റെ ഗൃഹം. സൈനികജീവിതത്തിനിടയിൽ ഹെഗലിന്റെ ഗ്രന്ഥങ്ങൾ എംഗൽസ് ശ്രദ്ധാപൂർവ്വം വായിച്ചു.

മാഞ്ചസ്റററിൽ താമസിക്കുന്ന കാലത്ത് എംഗൽസ് ധാരാളം വായിച്ചു. മാർക്സിന് പാരീസ് എന്നതുപോലെ, എംഗൽസിന് പരിപൂർണ്ണ വളർച്ചയിലേക്കുയരാനുള്ള സാഹചര്യം മാഞ്ചസ്ററർ ഒരുക്കിക്കൊടുത്തു. നിരന്തരമായ വായന, ഇടക്കിടക്ക് വല്ലതും എഴുതുക – അതാണദ്ദേഹത്തിന്റെ പതിവ്. "ഫെഡറിക് ഓസ്വാൾഡ്" എന്ന തൂലികാനാമത്തിലാണ് അന്നൊക്കെ എംഗൽസ് എഴുതിയിരുന്നത്. എംഗൽസിന്റെ ലഘുലേഖകൾ ചിന്തകന്മാരുടെ ശ്രദ്ധ പിടിച്ചുപററി. ചെറുപ്പത്തിന്റെ ആവേശത്തിലുണ്ടെങ്കിലും പാകതവന്ന ചിന്താരീതി അതിനെ നിയന്ത്രിച്ചിരുന്നു. ഹെഗലിന്റെ ആശയങ്ങളെ ചോദ്യംചെയ്തുകൊണ്ട് "വെടിയുണ്ടയും വിപ്ലവവും" എന്ന ശീർഷകത്തിൽ അന്ന് എഴുതിയ ലേഖനം സുപ്രധാനമത്രെ.

## 6. മാർക്സും എംഗൽസും

യൂറോപ്യൻ രാജ്യങ്ങളിലെ ഭരണാധികാരികൾക്ക് മാർക്സിനെ ഭയമായിരുന്നു. "ഭീകരനായ വിപ്ലവകാരി..." അവർ മാർക്സിനെ വിളിച്ചത് അങ്ങനെയാണ്. കാറൽ മാർക്സ് ബ്രസ്സൽസിൽ എത്തിയെന്ന് അറിഞ്ഞപ്പോൾ ബെൽജിയത്തിന്റെ ഭരണാധിപന്മാർ സംഭ്രമിച്ചു. 1845 ഫെബ്രുവരിയിലാണ് മാർക്സ് കുടുംബം അവിടെ ചെന്നിറങ്ങിയത്. ബെൽജിയത്തിന്റെ രാഷ്ട്രീയ കാര്യങ്ങളെപ്പറ്റി ഒന്നും എഴുതില്ല എന്നൊരു സത്യവാങ്മൂലം എഴുതിത്തരണമെന്ന് ഉദ്യോഗസ്ഥന്മാർ മാർക്സിനോടാവശ്യപ്പെട്ടു. ആ വിധത്തിലൊരു പ്രതിജ്ഞ ചെയ്യുവാൻ മാർക്സ് കൂട്ടാക്കുകയില്ലെന്നാണവർ കരുതിയത്. വിസമ്മതം കാണിച്ചാൽ ബെൽജിയത്തിൽ നിന്ന് പുറത്താക്കാം. അവർ വിചാരിച്ചു. പക്ഷേ മാർക്സ് നിബന്ധനയ്ക്കു വഴങ്ങുകയാണ് ചെയ്തത്. ഒട്ടും മടികൂടാതെ അദ്ദേഹം പ്രതിജ്ഞയിൽ ഒപ്പിട്ടു. കാരണം തൽക്കാലം ബെൽജിയത്തെപ്പറ്റി പരാമർശിക്കാൻ മാർക്സിന് പരിപാടിയില്ലായിരുന്നു. ബെൽജിയം ഗവർമ്മെണ്ടിന് തൃപ്തിയായി.

എന്നാൽ ബർലിൻഭരണകൂടം അസംതൃപ്തി പ്രകടിപ്പിച്ചുതുടങ്ങി. പ്രഷ്യൻരാജാവിനെ കുറ്റപ്പെടുത്തുന്ന ലേഖനങ്ങളും മറ്റും പ്രചരിപ്പിക്കാൻ ബെൽജിയം സൗകര്യം നൽകുകയാണെന്നവർ ആക്ഷേപിച്ചു. കാറൽമാർക്സിനെ ബെൽജിയത്തിൽനിന്നാട്ടിയോടിക്കണമെന്നാണവർ ആവശ്യപ്പെട്ടത്. പ്രഷ്യൻപൗരനാണ് മാർക്സ്. അതിനാൽ ഈ വിധത്തിലാവശ്യപ്പെടുവാൻ ബർലിൻഭരണകൂടത്തിനവകാ

ശമുണ്ടെന്നായി വാദം. അതിനുള്ള തിരിച്ചടിയെന്ന നിലയിൽ 1845 ഡിസംബറിൽ മാർക്സ് പ്രഷ്യൻപൗരത്വം വലിച്ചെറിഞ്ഞു. പിന്നീട് ഒരു രാഷ്ട്രത്തിലെയും പൗരത്വം സ്വീകരിക്കാതെ വിശ്വപൗരനായിട്ടാണ് മാർക്സ് ജീവിതാന്ത്യംവരെ കഴിഞ്ഞത്. പില്ക്കാലത്ത് സർവ്വവിധ സ്വാതന്ത്ര്യങ്ങളും സൗകര്യങ്ങളും നല്കി സഹായിച്ച ഇംഗ്ളണ്ടിലെ പൗരത്വംപോലും അദ്ദേഹം സ്വീകരിച്ചില്ല. ശത്രുക്കൾ മാർക്സ്കുടുംബത്തെ നാടോടികളെന്ന് പരിഹസിക്കാനുള്ള കാരണം ഇതത്രേ.

ഇംഗ്ളണ്ടിലെ തൊഴിലാളികളുടെ ജീവിതരീതി വിശകലനം ചെയ്തുകൊണ്ട് എംഗൽസ് എഴുതിയ ധനശാസ്ത്രസംബന്ധമായ കുറിപ്പുകൾ മാർക്സിനെ ഇരുത്തി ചിന്തിപ്പിച്ചു. ധനശാസ്ത്ര പ്രശ്നങ്ങളിലേയ്ക്ക് അദ്ദേഹത്തിന്റെ ശ്രദ്ധതിരിഞ്ഞത് അപ്പോഴാണ്. ഇംഗ്ളണ്ടിൽ പോകണമെന്നും അവിടത്തെ തൊഴിലാളികളുമായി ബന്ധപ്പെടണമെന്നും മാർക്സ് ആഗ്രഹിച്ചു.

ഇതിനിടയ്ക്ക് മാർക്സും എംഗൽസും സ്നേഹിതന്മാരായി കഴിഞ്ഞിരുന്നു. നടാടെ എംഗൽസിനെ കണ്ടപ്പോൾ മാർക്സ് അവജ്ഞയോടെ പെരുമാറിയെന്നത് നേരാണ്. എന്നാൽ അല്പനേരം സംസാരിച്ചപ്പോൾതന്നെ പഴയ അഭിപ്രായം മാറി. പിന്നീട് എംഗൽസിന്റെ ലേഖനങ്ങൾ വായിക്കാനിടവന്നു. ആ ചെറുപ്പക്കാരനെപ്പറ്റി മാർക്സിന് ബഹുമാനം ഏറിയേറിവന്നു. കത്തുകളിലൂടെ ആശയവിനിമയം നടത്തുക അവരുടെ പതിവായി. ഒരു പുതിയ ലേഖനമോ പുസ്തകമോ എഴുതാൻ നിശ്ചയിച്ചാൽ അവർ പരസ്പരം അതിനെപ്പറ്റി കത്തുകളിലൂടെ ചർച്ചചെയ്യും.

1845-ലെ വസന്തകാലത്ത് ഫ്രെഡറിക് ഏംഗൽസ് ബ്രസ്സൽസിൽ ചെന്നു. മാർക്സിനെ ഇംഗ്ലണ്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകാനാണദ്ദേഹം ചെന്നത്. രണ്ടുപേരും കൂടി ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെട്ടു.

തൊഴിലാളികേന്ദ്രമായ മാഞ്ചസ്റ്ററിൽ മാർക്സ് ഒന്നര മാസം താമസിച്ചു. തൊഴിലാളികളുടെ ജീവിതം മനസ്സിലാക്കാനും ബ്രിട്ടീഷ് ധനശാസ്ത്രജ്ഞന്മാരുടെ ചിന്താഗതികൾ പഠിക്കാനും ഈ അവസരം മാർക്സ് ഉപയോഗപ്പെടുത്തി. ഏംഗൽസ് കുത്തിക്കുറിച്ചുവച്ചിരുന്നതൊക്കെ മാർക്സ് പരിശോധിച്ചു. സോഷ്യലിസ്റ്റുകാരും മറ്റു പുരോഗമനവാദികളുമായി പരിചയപ്പെട്ടു. ഇംഗ്ലണ്ടുവാസം മാർക്സിന്റെ ബോധമണ്ഡലത്തിൽ ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കി. പുതിയ ചിന്താരീതിക്ക് അനുസരിച്ച് മാർക്സും ഏംഗൽസും ചേർന്ന് "ജർമ്മൻതത്ത്വചിന്ത" എന്നൊരു ഗ്രന്ഥം എഴുതിത്തീർത്തു. അതിൽ ഒരിടത്ത് മാർക്സ് എഴുതി: "തത്ത്വചിന്തകന്മാർ ലോകത്തെ പല രീതിയിൽ വ്യാഖ്യാനിക്കുകയാണ് ഇതേവരെ ചെയ്തത്. നമുക്ക് അത് മാറ്റിമറിക്കുകയാണ് ആവശ്യം."

വൈരുധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദമെന്ന മാർക്സിയൻസിദ്ധാന്തത്തിന്റെ ആദിമരൂപം ഈ ഗ്രന്ഥത്തിലുണ്ട്.

മാഞ്ചസ്റ്ററിലും മറ്റുവ്യവസായകേന്ദ്രങ്ങളിലും കണ്ട കാഴ്ച മാർക്സിനെ ഞെട്ടിക്കളഞ്ഞു. തൊഴിലാളികളുടെ സ്ഥിതി അത്ര ദയനീയമായിരുന്നു. സുപ്രസിദ്ധ കവിയായ ഡാന്റെ വർണ്ണിച്ച നരകത്തെക്കാൾ ഭീകരമാണ് അന്നത്തെ വ്യവസായശാലകളിലെ സ്ഥിതി. തീപ്പെട്ടിക്കമ്പനികളിലാണെങ്കിൽ ഫോസ്ഫറസ് വിഷാണുക്കളാണ് നിറയെ

തൊഴിൽശാലയിൽവച്ചുതന്നെയാണ് ഭക്ഷണം കഴിക്കുക. ജോലിക്കാരിൽ അഞ്ചാറുവയസ്സുള്ള കൊച്ചുകുട്ടികളാണധികവും. പതിനാറുപതിനെട്ടു വയസ്സുള്ള കുമാരന്മാരുമുണ്ട്. മുതിർന്നവരെ വിളിച്ചാൽ കൂടുതൽ കൂലികൊടുക്കണമല്ലോ. പതിനാലുമണിക്കൂറാണ് ജോലിസമയം, രാവും പകലും ജോലി തന്നെ രാത്രി കുട്ടികൾ ഉറക്കംതൂങ്ങാതിരിക്കാൻ മേസ്തിരിമാർ അലറുന്നത് കേൾക്കാം.

മറെറാരു സ്ഥലത്ത് കണ്ട ദയനീയദൃശ്യമാണിത്: ഏഴുവയസ്സുള്ള ഒരു കുട്ടി. മഞ്ഞിലൂടെ അവന് നടക്കാൻ വയ്യ. അച്ഛനവനെ ചുമന്നുകൊണ്ട് ഫാക്ടറിയിൽ എത്തിക്കും. പതിനാറുമണിക്കൂറാണ് ജോലിസമയം. അതിനിടയ്ക്ക് പണിനിർത്താനോ യന്ത്രത്തിന്റെ അടുത്തുനിന്നു മാറാനോ പാടില്ലെന്നാണ് കല്പന. ഉച്ചഭക്ഷണത്തിനു പോലും സമയമനുവദിച്ചിട്ടില്ല. പിതാവ് മുട്ടുമടക്കിനിന്ന് ഭക്ഷണം കുട്ടിയുടെ വായിലെത്തിക്കുന്ന കാഴ്ച, മുതലാളിത്തത്തിന്റെ ദുര എത്രമാത്രം ക്രൂരമാണെന്ന് മാർക്സിന് മനസ്സിലാക്കിക്കൊടുത്തു. ആഴ്ചയിൽ ഏഴുദിവസവും പണിയെടുപ്പിക്കുന്ന മുതലാളിമാരുണ്ട്. എട്ടാമതൊരു ദിവസമില്ലാത്തതിലാണ് അവർക്കു ദുഃഖം. ഭക്ഷണസമയത്ത് യന്ത്രം നിർത്തണമെന്നാവശ്യപ്പെട്ടാൽ തൊഴിലാളികളുടെ നേരെ അവർ കുരച്ചുചാടും.

ദിവസേനയുള്ള അപ്പം അവന്റെ വിയർപ്പിൽ ഭക്ഷിക്കണമെന്ന ബൈബിൾശാസനം പാലിക്കുന്നതു തൊഴിലാളികൾ മാത്രമാണെന്ന് മാർക്സ് ഫലിതഭാഷയിൽ എഴുതിയിട്ടുണ്ട്. വിയർപ്പിനു പുറമെ അപ്പത്തോടൊപ്പം ലോഹാംശങ്ങളും മണലും ചിലന്തിവലയും കാരവും ചേർത്താണ് അവർ ഭക്ഷിക്കുന്നതെന്നുമാത്രം. ഫാക്ടറിക്കുള്ളിലിരുന്നുകൊണ്ടാണല്ലോ ഉച്ചഭക്ഷണം കഴിക്കുക.

സ്കോട്ലൻറിൽ റെയിൽവേതൊഴിലാളികളുടെമേൽ നരഹത്യാകുററം ചുമത്തിയ സംഭവവും മാർക്സ് അറിഞ്ഞു. അമിതമായ അദ്ധ്വാനംമൂലം തൊഴിലാളികൾക്ക് മനോനിയന്ത്രണം നഷ്ടപ്പെട്ടു. കണ്ണുകാണാതായി; തീവണ്ടി മറിഞ്ഞ് ചില വിനോദസഞ്ചാരികൾ മരിച്ചു; അതിനാണ് ശിക്ഷ.

മാർക്സും ഏംഗൽസും സൗകര്യംകിട്ടുമ്പോഴൊക്കെ പരസ്പരം കാണുക പതിവാക്കി. ഗൗരവമേറിയ പ്രശ്നങ്ങളെ അപഗ്രഥിച്ചും സംവാദങ്ങൾ നടത്തിയും ആശയവ്യക്തത കൈവരിക്കാൻ ഈ കൂടിക്കാഴ്ചകളും സഹവാസവും ഉപകരിച്ചു. രണ്ടുപേരും ചേർന്ന് മററൊരു ഗ്രന്ഥം കൂടി രചിച്ചു. "വിശുദ്ധ കുടുംബം." വിവ്യക്തികളല്ല ബഹുജനങ്ങളാണ് ചരിത്രം സൃഷ്ടിക്കുന്നതെന്ന് അവരതിൽ സമർത്ഥിച്ചു.

മാർക്സിൻെറ ഗ്രന്ഥങ്ങളിൽ ഏംഗൽസിൻെറയും, ഏംഗൽസിൻെറ ഗ്രന്ഥങ്ങളിൽ മാർക്സിൻെറയും അഭിപ്രായഗതികൾ പ്രതിഫലിച്ചിരുന്നു.

സ്വാർത്ഥരഹിതമായ പരിശുദ്ധ സ്നേഹബന്ധങ്ങൾ പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണാം; പക്ഷ, മാർക്സിൻെറയും ഏംഗൽസിൻെറയും സൗഹൃദംപോലെ മററൊന്ന് എവിടെയും കണ്ടുകിട്ടുകയില്ല. ഒരു മനസ്സ്, രണ്ടു ശരീരം—അതായിരുന്നു മാർക്സും ഏംഗൽസും.

ഇത്രമാത്രം സുദൃഢമായ ആ സൗഹൃദത്തിന് ഒരിക്കൽ ഉലച്ചിൽ തട്ടുകയുണ്ടായി:

അവിവാഹിതനായ ഫ്രെഡറിക് ഏംഗൽസ് എമിലി ബേൺസ് എന്നൊരു സുന്ദരിയെ സ്നേഹിച്ചിരുന്നു. ഫാക്ടറിയിൽ തൊഴിലാളിയായിരുന്ന അവളെ അദ്ദേഹം

സ്വന്തം വീട്ടിൽ പാർപ്പിച്ചു. ഏംഗൽസിന്റെ ഈ സ്വഭാവം മാർക്സിന് ഇഷ്ടപ്പെട്ടില്ല. തന്നെ ദാരിദ്ര്യത്തിൽനിന്ന് പലപ്പോഴും ഏംഗൽസ് കരകയററാറുണ്ട്. പക്ഷെ, ഈ ബന്ധം ഉപേക്ഷിച്ചാലേ ഇനി ഏംഗൽസിൽനിന്ന് സാമ്പത്തികസഹായം സ്വീകരിക്കൂ എന്ന് മാർക്സ് വാശിപിടിച്ചു. ഈ പിടിവാശി ഏംഗൽസിനെ വേദനിപ്പിച്ചു. താൻ ചെയ്ത കുററത്തിന് മാർക്സിന്റെ പത്നിയെയും കുട്ടികളെയുമാണോ ശിക്ഷിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. അവരെ പട്ടിണികിടുന്നതെന്തിന്? വിശുദ്ധകുടുംബത്തിന്റെ കർത്താവ് കുടുംബത്തിന്റെ വിശുദ്ധി സുപ്രധാനമാണെന്ന വിശ്വാസക്കാരനാണ്. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഏംഗൽസിന്റെ കാമുകി ഹൃദയസ്തംഭനം മൂലം അന്തരിച്ചു. ദുഃഖിതനായ സ്നേഹിതന് ആശ്വാസവചനമെന്ന നിലയിൽ ഒററവരിപോലും മാർക്സ് എഴുതിയില്ല.

ഈ സംഭവം ഏംഗൽസിനെ അതിലേറെ വേദനിപ്പിച്ചു. ചിരകാലമായി വളർത്തിക്കൊണ്ടുവന്ന സൗഹൃദബന്ധം തകരുകയാണോ എന്നദ്ദേഹം ഭയപ്പെട്ടു. കുറച്ചു ദിവസം കഴിഞ്ഞ് ഏംഗൽസ് വീണ്ടും മാർക്സിന് കത്തയച്ചു. മാർക്സ് മറുപടി നല്കി. അവരുടെ സ്നേഹബന്ധം പൂർവ്വാധികം ശക്തമായി.

ഏംഗൽസിന് മാർക്സിനെപ്പററി ഒരൊററ പരാതിയേയുള്ളു: അമിതമായ സ്വയം വിമർശനം, ആത്മവിശ്വാസത്തിന്റെ അഭാവമാണതിന് കാരണമെന്ന് ഏംഗൽസ് കുററപ്പെടുത്താറുണ്ട്. സ്വയം വിലയിരുത്തുന്നത് നല്ലതാണ്; എന്നാൽ അത് അധികമായിക്കൂടാ

മാർക്സും എംഗൽസും പുതിയ പ്രവർത്തനമേഖലകളിലേയ്ക്ക് കടന്നു. വൈരുധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദം ഇരുവരും ഉൾക്കൊണ്ടുകഴിഞ്ഞു. ഭരണം തൊഴിലാളിവർഗ്ഗത്തിന്റെ കരങ്ങളിൽ അനിവാര്യമായും എത്തിച്ചേരുമെന്നവർക്കു ബോധ്യമായി. തൊഴിലാളികളെ സംഘടിപ്പിച്ച് പുതിയ സിദ്ധാന്തം പഠിപ്പിച്ച് വിപ്ളവരംഗത്തേക്കാനയിക്കാൻ ഒരു സംഘടന അത്യാവശ്യമാണ്. അതുണ്ടാക്കുവാനുള്ള പ്രവർത്തനങ്ങളിൽ മാർക്സും എംഗൽസും വ്യാപൃതരായി.

യൂറോപ്പിന്റെ നാനാഭാഗങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട വിപ്ളവകാരികൾക്ക് ബ്രസ്സൽസ് അഭയസ്ഥാനമായി. വിപ്ളവാചാര്യനായ മാർക്സിന്റെ സാമീപ്യം അവർക്കു ആവേശം പകർന്നു.

# 7. കമ്യൂണിസ്ററ് ലീഗ്

ലണ്ടനിൽ 'ലീഗ് ഓഫ് ജസ്ററ്' എന്നൊരു സംഘടന യുണ്ടായിരുന്നു. ഇംഗ്ളണ്ടിലും ജർമ്മനിയിലുമുള്ള കമ്യൂണിസ്ററ് ചിന്താഗതിക്കാരുമായി ബന്ധപ്പെടുവാൻ അവർ തീരുമാനിച്ചു. ലീഗ് ഓഫ് ജസ്ററിൻെറ നേതാവ് ബ്രസ്സൽസിൽ ചെന്ന് കാറൽമാർക്സിനെ കണ്ടു സംസാരിച്ചു. മാഞ്ചസ്ററിൽ ചെന്ന് ഏംഗൽസിനെയും കണ്ടു. അവരോട് സംഘടനയിൽ ചേരണമെന്ന് അഭ്യർത്ഥിക്കുവാനാണ് ദ്ദേഹം ചെന്നത്. മാർക്സിൻെറയും ഏംഗൽസിൻെറയും നേതൃത്വം 'ലീഗ് ഓഫ് ജസ്ററ്' അംഗീകരിച്ചിരിക്കുന്നു വെന്നാണതിൻെറ സൂചന.

കാറൽമാർക്സും ഏംഗൽസും ലീഗ് ഓഫ് ജസ്ററിൽ അംഗങ്ങളായി ചേർന്നു.

1847-ലെ വേനൽക്കാലത്ത് സംഘടനയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാനുള്ള സമ്മേളനം ലണ്ടനിൽ ചേർന്നു. സംഘടനയെ പുന:സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. ഏററവും താഴെയുള്ള ഘടകമാണ് കമ്യൂൺ. പിന്നെ സർക്കിൾ, ലീഡിംഗ് സർക്കിൾ, സെൻട്രൽ കമ്മററി–സംഘടനാരൂപം ഇങ്ങനെയാക്കി. ഏററവും മുകളിലുള്ള സമിതിയെ കോൺഗ്രസ് എന്നുവിളിച്ചു. ബൂർഷ്വാസിയെ അധികാരത്തിൽ നിന്നിറക്കുക, തൊഴിലാളിവർഗ്ഗത്തിൻെറ ആധിപത്യം സ്ഥാപിക്കുക, പഴയ സാമൂഹ്യവ്യവസ്ഥ തുടച്ചുമാററുക, വർഗ്ഗങ്ങളില്ലാത്തതും സമത്വപൂർണ്ണവുമായ പുതിയസാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുക., അതിൽ സ്വകാര്യസ്വത്തിന് സ്ഥാനമനുവദിക്കാതിരി

ക്കുക, പുനഃസംഘടിപ്പിച്ച സംഘത്തിന്റെ ലക്ഷ്യങ്ങളി
തൊക്കെയായിരുന്നു. ആ സമ്മേളനത്തിൽവച്ച് ലീഗ് ഓഫ്
ജസ്റ്റിന്റെ പേര് കമ്യൂണിസ്റ്റ് ലീഗ് എന്നാക്കി മാററു
കയും ചെയ്തു.

കാറൽമാർക്സിന് ഈ സമ്മേളനത്തിൽ പങ്കെടുക്കു
വാൻ സാധിച്ചില്ല. എന്നാൽ ഏംഗൽസ് സന്നിഹിതനായി
രുന്നു. നയരൂപീകരണത്തിലും മററും അദ്ദേഹം സുപ്രധാ
നമായ പങ്കാളിത്തം വഹിക്കുകയും ചെയ്തു.

കമ്മ്യൂണിസ്ററ് ലീഗിന്റെ പരിപാടി എന്താണെന്ന്
വിശദീകരിക്കുവാൻ ചോദ്യങ്ങളും ഉത്തരങ്ങളും എന്ന മട്ടിൽ
ഒരു ലഘുലേഖ എഴുതുന്നതിന് യോഗം ഏംഗൽസിനെ
ചുമതലപ്പെടുത്തി. അങ്ങനെ രചിക്കപ്പെട്ടതാണ് "കമ്മ്യൂണി
സത്തിന്റെ മൂലതത്വങ്ങൾ". എന്ന ലഘുഗ്രന്ഥം.

കമ്മ്യൂണിസ്ററ്ലീഗിന്റെ പ്രവർത്തനഗതി ഭരണാധി
കൾ പരിശോധിക്കുവാൻ തുടങ്ങി. പോലീസിന്റെ ശല്യം
പലപ്പോഴും പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കി. സ്വത
ന്ത്രമായി യോഗം ചേരാനോ പ്രശ്നങ്ങൾ ചർച്ചചെയ്യാനോ
സാധിക്കാതായി. ഒടുവിൽ പോലീസിന്റെ കണ്ണിൽ പെടാതി
രിക്കാൻ അവരൊരു സൂത്രം കണ്ടെത്തി: സ്വകാര്യവി
രുന്നുകൾ.

കമ്മ്യൂണിസ്ററ്ലീഗിന്റെ രണ്ടാം സമ്മേളനവും
ലണ്ടനിൽത്തന്നെയാണ് ചേർന്നത്; 1847 ഡിസംബറിൽ.
അതിൽ മാർക്സും പങ്കെടുത്തു. പത്തുദിവസം നീണ്ടു
നിന്ന ഈ സമ്മേളനത്തിൽ ഗൗരവമേറിയ ഭിന്നാഭിപ്രായ
ങ്ങൾ ചർച്ച ചെയ്യപ്പെട്ടു. സംഘടനയുടെ അടിസ്ഥാന
തത്വങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു രേഖ തയ്യാറാക്കു

വാൻ സമ്മേളനം മാർക്സിനെയും ഏംഗൽസിനെയും ചുമതലപ്പെടുത്തി.

അതിനിടയ്ക്ക് ജർമ്മൻ തൊഴിലാളിസംഘടന വിളിച്ചുകൂട്ടിയ യോഗത്തിൽ മാർക്സ് ഗംഭീരമായ ഒരു പ്രഭാഷണം നടത്തി. പിന്നീട് "കൂലിവേലയും മൂലധനവും" എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടത് ആ പ്രഭാഷണമാണ്. "മൂലധന"ത്തിന്റെ ആദ്യകിരണങ്ങൾ ഈ പുസ്തകത്തിൽ കാണാം.

കമ്മ്യൂണിസ്റ്റ്ലീഗ് ഏല്പിച്ച ചുമതല നിറവേററുന്നതിൽ കാറൽമാർക്സ് അശ്രദ്ധ കാണിച്ചതായി പരാതി ഉയർന്നു. എന്തുകൊണ്ടാണ് അദ്ദേഹം ലക്ഷ്യപ്രഖ്യാപനരേഖ എഴുതുന്ന കാര്യത്തിൽ വീഴ്ചവരുത്തിയതെന്ന് അറിയില്ല. ഏംഗൽസ് അകലെയായിരുന്നതാവാം. ഏതായാലും മാർക്സിനെതിരെ അച്ചടക്കനടപടിയെടുക്കുമെന്ന് അന്ത്യശാസനം നല്കുവാൻ കേന്ദ്രകമ്മിററി നിർബ്ബന്ധിതമായി. കാറൽമാർക്സ് സംഘടിപ്പിച്ച കമ്മ്യൂണിസ്ററ് പാർട്ടി ആദ്യമായി അച്ചടക്കനടപടി എടുത്തത് മാർക്സിനെതിരെയാണ്. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. വിപ്ലവപാർട്ടികളുടെ പടച്ചട്ട അച്ചടക്കമാണ്.

കാറൽമാർക്സ് ലക്ഷ്യപ്രഖ്യാപനരേഖ എഴുതാനിരുന്നു. ആരംഭത്തിലെ അലസത പിന്നീടദ്ദേഹത്തെ തീണ്ടിയില്ല. മടുപ്പോ വെറുപ്പോ കൂടാതെ രേഖയുടെ കരടുരൂപം തയ്യാറാക്കി, ഉടനെതന്നെ ആ കരട്രേഖ ഏംഗൽസിനയച്ചുകൊടുത്തു. ഏംഗൽസിന്റെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് 1848 ഫെബ്രുവരി 24–ന് അന്തിമരൂപം പാർട്ടിക്കു സമർപ്പിച്ചു.

ഈ രേഖയാണ് ലോകപ്രസിദ്ധിയാർജ്ജിച്ച കമ്മ്യൂണിസ്ററ് മാനിഫെസ്റേറാ.

# 8. തൊഴിലാളിവർഗ്ഗത്തിന്റെ ബൈബിൾ

"യൂറോപ്പിനെ ഒരു ഭൂതം ബാധിച്ചിരിക്കുന്നു; കമ്യൂണിസം എന്ന ഭൂതം. ഈ ഭൂതത്തെ ഒഴിവാക്കുവാൻ പഴയ യൂറോപ്പിന്റെ ശക്തികൾ പാവനമായ ഒരു സഖ്യത്തിലേർപ്പെട്ടിരിക്കുന്നു." കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന വിഖ്യാതകൃതി ആരംഭിക്കുന്നതിങ്ങനെയാണ്:

എന്താണ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ? അറുപതോ അറുപത്തഞ്ചോ പേജുള്ള ഒരു ലഘുഗ്രന്ഥം; ഏതാണ്ട് ഒന്നേകാൽ നൂറ്റാണ്ട് മുമ്പ് 1848-ൽ എഴുതിയതാണ്. കമ്യൂണിസ്റ്റുകാർ എന്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് ലോകത്തെ വിളിച്ചറിയിക്കാൻ എഴുതിതയ്യാറാക്കിയ വിജ്ഞാപനം. മാനിഫെസ്റ്റോ എന്ന വാക്കിന് വിജ്ഞാപനം എന്നാണർത്ഥം.

ലോകമാകെ തിരഞ്ഞാലും വിരലിലെണ്ണാവുന്നത്ര കമ്യൂണിസ്റ്റുകാരേ അന്ന് ഉണ്ടായിരുന്നുള്ളൂ. പക്ഷേ അവർക്ക് മറ്റുള്ളവരിൽ നിന്ന് തികച്ചും ഭിന്നമായ ഒരു തത്വശാസ്ത്രമാണ് ഉണ്ടായിരുന്നത്. പ്രപഞ്ചത്തെ അവർ നോക്കിക്കണ്ടത് ആ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യനെയും മനുഷ്യസമൂഹത്തെയും അതേതത്വം വെച്ച് പരിശോധിച്ചു. അപ്പോൾ മറ്റാരും കാണാത്ത പലതും അവർ കണ്ടു, മറ്റുള്ളവർ പറയാത്ത പലതും അവർക്ക് പറയാനുണ്ടായി. വേണ്ടത് വേണ്ടതുപോലെ പറയാൻ അവർ ഭാരമേല്പിച്ചത് മാർക്സിനെയും ഏംഗൽസിനെയുമാണ്.

ആ രണ്ടു മഹാപ്രതിഭാശാലികൾ കൂട്ടായി ചിന്തിച്ച് എഴുതിയ രേഖയാണ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ

ക്രിസ്തുമത വിശ്വാസികളുടെ അടിസ്ഥാനപ്രമാണം ബൈബിളാണല്ലോ. തൊഴിലാളിവർഗ്ഗത്തിന്റെ അടിസ്ഥാന രേഖ ഇന്നും മാനിഫെസ്റ്റോ ആണ്. അതുകൊണ്ടാണ് മഹാനായ ലെനിൻ അതിനെ തൊഴിലാളിവർഗ്ഗത്തിന്റെ ബൈബിൾ എന്നു വിളിച്ചത്.

ലോകത്തിലെ ഏതാണ്ട് എല്ലാ ഭാഷകളിലും ഈ കൃതി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഓരോ ഭാഷയിലും അനേകം പതിപ്പുകൾ വേണ്ടിവന്നു. വിഭിന്നഭാഷകളിലായി ഇത്രയേറെ കോപ്പികൾ പ്രചരിച്ചിട്ടുള്ള കൃതികൾ ചുരുക്കമാണ്.

മനുഷ്യസമൂഹത്തിന്റെ അന്നേവരെയുള്ള ചരിത്രം പരിശോധിക്കുക, അതെവിടെ എത്തിനിൽക്കുന്നുവെന്ന് കണ്ടുപിടിക്കുക, ഇനിയങ്ങോട്ടുള്ള ഗതിയെന്തെന്ന് യുക്തിപൂർവ്വം സ്ഥാപിക്കുക. ഇത്രയുമാണ് മാനിഫെസ്റ്റോ ചെയ്തിട്ടുള്ളതെന്ന് ചുരുക്കിപ്പറയാം.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോവിന് നാലു ഭാഗങ്ങളുണ്ട്.

ഒന്ന്– ബൂർഷ്വാകളും തൊഴിലാളികളും.

രണ്ട്– തൊഴിലാളികളും കമ്മ്യൂണിസ്റ്റുകാരും.

മൂന്ന്– സോഷ്യലിസ്റ്റ്സാഹിത്യവും കമ്മ്യൂണിസ്റ്റ്സാഹിത്യവും

നാല്– നിലവിലുള്ള വിവിധ പ്രതിപക്ഷപാർട്ടികളോടുള്ള കമ്മ്യൂണിസ്റ്റുകാരുടെ നിലപാട്.

കമ്യൂണിസ്ററ് മാനിഫെസ്റേറായിൻെറ കാതൽ ഒന്നാം ഭാഗംതന്നെയാണ്. മനുഷ്യ ചരിത്രത്തെ തൊഴിലാളിവർഗ്ഗത്തിൻെറ തത്വശാസ്ത്രമായ വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കുകയാണ്. അതിൽ മാർക്സും എംഗൽസും ചെയ്തിട്ടുള്ളത്. അവർ പറഞ്ഞതെന്താണ്? ഒരുകാലത്ത് മനുഷ്യരെല്ലാവരും ഉള്ള സമ്പത്ത് സമമായി വിതിച്ചുകൊണ്ട് ജീവിച്ചുപോന്നു. ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള രണ്ടുവർഗ്ഗമായി പിരിഞ്ഞിരുന്നില്ല. പക്ഷെ ജീവിക്കാനുള്ള വക ഉൽപാദിപ്പിക്കാൻ പററുന്ന ഉപകരണങ്ങൾ അന്ന് വളരെ കുറവായിരുന്നു. ഉള്ളവ അപരിഷ്കൃതവുമായിരുന്നു. ഈ പ്രകൃതാവസ്ഥ ചരിത്രാതീത കാലഘട്ടത്തിലാണ് നിലനിന്നത്. അതിനുശേഷമാണ് ചരിത്രകാലഘട്ടം തുടങ്ങുന്നത്. അപ്പോഴേയ്ക്കും ഉൽപാദനോപകരണങ്ങൾ വർദ്ധിച്ചു. അല്പംകൂടി പരിഷ്കരിക്കുകയുംചെയ്തു. അതോടെ ഉല്പാദനശക്തികൾ ഉടമകളും അടിമകളും എന്ന രണ്ടുവർഗ്ഗമായി പിരിഞ്ഞു. ഈ വർഗ്ഗങ്ങൾ പരസ്പരം ഏററുമുട്ടുവാനും തുടങ്ങി. അടിമ-ഉടമകളുടെ സ്ഥാനത്തു പിന്നീട് ജന്മിയും അടിയാനും പ്രത്യക്ഷപ്പെട്ടു. അതും പരസ്പരം ഏററുമുട്ടുന്ന വർഗ്ഗങ്ങളായിരുന്നു. അവരും ക്രമേണ അപ്രത്യക്ഷരായി, മുതലാളിയും തൊഴിലാളിയുമെന്ന രണ്ടു വർഗ്ഗമാണ് പിന്നീട് രൂപംകൊണ്ടത്. മുതലാളിത്തകാലഘട്ടം എന്നു വിളിക്കുന്നതു ഇതിനെയാണ്. ഇന്നത്തെ സമൂഹം ഈ കാലഘട്ടത്തിലെത്തി നില്ക്കുകയാണെന്ന് മാനിഫെസ്റേറാ ചൂണ്ടിക്കാണിക്കുന്നു. അതിൽനിന്ന് വർഗ്ഗസമരത്തിൻെറ സ്വഭാവമെന്തെന്നും വ്യക്തമാകുന്നു.

മുതലാളിത്തത്തിൻെറ ആദ്യഘട്ടത്തിൽ അത് ലോകത്തിനു നല്കിയ സംഭാവനകളെപ്പററിയും ഈ ഭാഗത്ത് വിവ

രിക്കുന്നുണ്ട്. നാടുവാഴിത്ത കാലഘട്ടത്തിലെ (ഫ്യൂഡലിസം) മുടന്തൻ ഉല്പാദനശക്തികൾ തകർത്ത് വ്യവസായ പുരോഗതിക്ക് വഴിയൊരുക്കിയത്, വിപണികൾ കണ്ടെത്താനാണെങ്കിലും പല പുതിയ ഭൂഖണ്ഡങ്ങളും കണ്ടുപിടിച്ചത്, വിശ്വസാഹിത്യം വളർത്തിയെടുത്തത്—അങ്ങനെ പലതും അർഹിക്കുന്ന ആദരവോടുകൂടിത്തന്നെ അദ്ദേഹം പരാമർശിക്കുന്നു. പിന്നീട് മുതലാളിത്തം സാമ്പത്തികാരാജകത്വത്തിലേയ്ക്കും ഉല്പാദനമാന്ദ്യത്തിലേയ്ക്കും പ്രവേശിച്ചു. കടുത്ത ദാരിദ്ര്യവും മൃഗീയമായ ചൂഷണവും സംഭാവന ചെയ്തു. ഈ ഘട്ടത്തിൽ മുതലാളിവർഗ്ഗത്തിന്റെ എതിർശക്തിയായ തൊഴിലാളിവർഗ്ഗം സംഘടിച്ച് മുന്നേറുകയും സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കാനുള്ള പരിതഃസ്ഥിതി സംജാതമാകുകയും ചെയ്യുന്നു. ഒന്നാം ഭാഗം അവസാനിക്കുന്നതിങ്ങനെയാണ്. "അതുകൊണ്ട് ബൂർഷ്വാസി (മുതലാളിവർഗ്ഗം എന്നർത്ഥം) സൃഷ്ടിക്കുന്നത് സ്വന്തം ശവക്കുഴി തോണ്ടുന്നവരെയാണ്. അതിന്റെ പതനവും തൊഴിലാളി വർഗ്ഗത്തിന്റെ വിജയവും ഒരു പോലെ അനിവാര്യമാണ്."

കമ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യവിരോധികളാണ്, വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും തകർക്കുന്നവരാണ്, സ്ത്രീകളെ പൊതുസ്വത്താക്കുന്നവരാണ് എന്നൊക്കെയുള്ള അപവാദപ്രചരണങ്ങൾക്ക് കുറിക്കുകൊള്ളുന്ന മറുപടിപറയുവാനാണ് രണ്ടാം ഭാഗം വിനിയോഗിച്ചിട്ടുള്ളത് മൂന്നാംഭാഗത്തിൽ അന്നു നിലവിലിരുന്ന പലതരം സോഷ്യലിസ്റ്റ് ചിന്താഗതികളെപ്പറ്റി പ്രതിപാദിച്ചിട്ട് കമ്യൂണിസവുമായി അവയെ താരതമ്യപ്പെടുത്തുന്നു; കമ്യൂണിസത്തിന്റെ മേന്മ എടുത്തുകാണിക്കുന്നു. നാലാംഭാഗത്തിൽ, വിപ്ലവം നടക്കുമ്പോൾ കമ്യൂണിസ്റ്റുകാർ സ്വീകരി

ക്കേണ്ട അടവുകളും തന്ത്രങ്ങളും വിശദീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ചുരുക്കത്തിൽ എല്ലാ കാലത്തേയ്ക്കും എല്ലാ ദേശത്തേയ്ക്കും ഉതകുന്ന വിപ്ളവസിദ്ധാന്തങ്ങളുടെ ആധാരശിലകൾ, കമ്യൂണിസ്റ്റുകാർക്കുവേണ്ടി, ചെപ്പിൽ ഒതുക്കിവച്ചിരിക്കുകയാണ് കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ.

തൊഴിലാളിവർഗ്ഗം സ്ഥാപിക്കുന്ന ഭരണകൂടം എങ്ങനെയിരിക്കുമെന്നതിനെപ്പററി വ്യക്തമായ ധാരണ ഈ ഗ്രന്ഥമെഴുതുന്ന കാലത്ത് മാർക്സിനും എംഗൽസിനും ഇല്ലായിരുന്നുവെന്നത് സത്യമാണ്.

വർഷങ്ങൾക്കുശേഷം 1871 മാർച്ച് 18-ന് ഫ്രാൻസിൽ ഒരു വിപ്ളവം നടന്നു. തൊഴിലാളിവർഗ്ഗത്തിന് മുൻകയ്യുണ്ടായിരുന്ന ആ വിപ്ളവം വിജയിക്കുകയും വിപ്ളവകാരികളുടെ നേതൃത്വത്തിലുള്ള ഭരണം എഴുപത്തിയൊന്നു ദിവസം പാരീസിൽ നിലനില്ക്കുകയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്രത്തിലെ ആവേശകരമായ ഒരു സംഭവമായിരുന്നു അത്. അതിനെ പാരീസ് കമ്യൂൺ എന്ന് ചരിത്രകാരന്മാർ വിളിക്കുന്നു. പക്ഷെ മേയ് 28-ന് ശത്രുക്കൾ ആ ഭരണകൂടത്തെ തകർത്തുകളയുകയാണുണ്ടായത്.

പാരീസ് കമ്യൂണിൻെറ പതനത്തിനു കാരണമെന്താണെന്ന് മാർക്സും എംഗൽസും പരിശോധിച്ചു. തൊഴിലാളിവർഗ്ഗം സ്ഥാപിക്കുന്ന ഭരണകൂടത്തിൻെറ രൂപമെന്തായിരിക്കണമെന്ന് അവർക്ക് വ്യക്തമായത് അപ്പോഴാണ്. അങ്ങനെയാണ് 'തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം' എന്ന ആശയം നമ്മുടെ കമ്യൂണിസ്റ്റ് ആചാര്യന്മാർക്ക് പിടികിട്ടിയത്. 1872-ൽ ഇറക്കിയ മാനിഫെ

സ്റേറാവിന്റെ പുതിയ പതിപ്പിന്, ഇക്കാര്യം വിശദമാക്കുന്ന ഒരു മുഖവുര അവർ എഴുതിച്ചേർക്കുകയും ചെയ്തു. അതോടെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റേറാ പൂർണ്ണത നേടി.

ചരിത്രപഠനത്തിൽ മാനിഫെസ്റേറാവിനുള്ള സ്ഥാനം എംഗൽസ് വിവരിച്ചത് ഇങ്ങനെയാണ്: "ആധുനിക മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ നാശം അനിവാര്യവും ആസന്നവുമാണെന്നു സ്ഥാപിക്കുകയാണ് മാനിഫെസ്റേറാവിന്റെ ലക്ഷ്യം. പ്രശസ്ത ശാസ്ത്രജ്ഞനായ ഡാർവിന്റെ പരിണാമസിദ്ധാന്തം ജീവശാസ്ത്രത്തിൽ ഏതൊരു പങ്കാണോ വഹിക്കുന്നത് ആ പങ്ക് സാമൂഹ്യചരിത്രത്തിൽ നിറവേററിയത് മാനിഫെസ്റേറാ ആണ്."

യഥാർത്ഥത്തിലിത് സോഷ്യലിസ്റ്റ് മാനിഫെസ്റ്റോ ആണ്. പിന്നെയെന്തേ കമ്യൂണിസ്റ്റ് മാനിഫെസ്റേറാ എന്നു വിളിക്കാൻ? ഈ ചോദ്യത്തിന് ഏംഗൽസ് തന്നെ മറുപടി നല്കിയിട്ടുണ്ട്: "അക്കാലത്ത് പലതരം സോഷ്യലിസ്റ്റുകാർ ഉണ്ടായിരുന്നു മുതലാളിമാരുടെ താല്പര്യങ്ങൾക്ക് കേടു തട്ടിക്കാതെ പൊടിക്കൈകൊണ്ട് സോഷ്യലിസം കൈവരിക്കാമെന്ന് വ്യാമോഹിച്ചവർ ഒരുവശത്ത്. മറുവശത്ത് രാഷ്ട്രീയവിപ്ലവം കൊണ്ടുമാത്രം ലക്ഷ്യം നേടാനാവില്ലെന്നും സാമൂഹ്യവ്യവസ്ഥയാകെ ഉടച്ചുവാർക്കണമെന്നും വിശ്വസിക്കുന്ന തൊഴിലാളിവിഭാഗം കമ്മ്യൂണിസ്റ്റ് എന്ന പേർ സ്വയം വരിച്ചതിവരാണ്. സോഷ്യലിസം ബൂർഷ്വാപ്രസ്ഥാനമായി നിലനില്ക്കുകയും കമ്യൂണിസം തൊഴിലാളിവർഗ്ഗ പ്രസ്ഥാനമായി വളരുകയും ചെയ്തു. അന്നത്തെ സമൂഹത്തിൽ സോഷ്യലിസ്റ്റുകാർക്കായിരുന്നു മാന്യത. കമ്യൂണിസ്റ്റുകാരോട്

പുച്ഛവും. തൊഴിലാളിവർഗ്ഗത്തിന്റെ മോചനം തൊഴിലാളിവർഗ്ഗംതന്നെ നേടിയെടുക്കേണ്ടതാണെന്ന് ഞങ്ങൾക്ക് ഉറച്ച ബോധ്യമുണ്ട്. എന്നിരിക്കെ, ഈ വിജ്ഞാപനത്തിന് ഏതു പേർ സ്വീകരിക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമേ ഉണ്ടായില്ല."

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിന്റെ മഹത്വത്തെപ്പററി മഹാനായ ലെനിൻ ഒരിടത്തെഴുതി. "ഈ ലഘു ഗ്രന്ഥം നിരവധി ബൃഹദ്ഗ്രന്ഥങ്ങൾക്കു തുല്യമാണ്. ഇതിന്റെ ചൈതന്യം സംഘടിതരും സമരം ചെയ്യുന്നവരുമായ തൊഴിലാളിവർഗ്ഗത്തെ ആവേശം കൊള്ളിക്കുന്നു; അവർക്ക് വഴികാണിക്കുന്നു"

ശാസ്ത്രീയ സോഷ്യലിസത്തിന്റെ പ്രവർത്തകന്മാർ മാനിഫെസ്റ്റോവിന്റെ പിറവിയെ അഭിമാനത്തോടെ സ്വാഗതം ചെയ്തു

മാനിഫെസ്റ്റോ ഉപസംഹരിക്കുന്നതിങ്ങനെയാണ്: തൊഴിലാളികൾക്ക് സ്വന്തം ചങ്ങലക്കെട്ടുകളല്ലാതെ മററൊന്നും നഷ്ടപ്പെടുവാനില്ല. അവർക്ക് നേടാനോ ഒരു ലോകം ഉണ്ടുതാനും." എന്നിട്ട് മാർക്സ് ആഹ്വാനം ചെയ്തു: "സർവരാജ്യതൊഴിലാളികളെ, സംഘടിക്കുവിൻ".

# 9. പഞ്ചാഗ്നി മദ്ധ്യത്തിൽ

പല യൂറോപ്യൻ രാജ്യങ്ങളിലും അതിനിടയ്ക്ക് വിപ്ലവങ്ങളും കലാപങ്ങളും നടന്നു.

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകൃതമായ 1848 ഫെബ്രുവരിയിൽത്തന്നെ ഫ്രാൻസിലൊരു വിപ്ലവം നടന്നു. ലൂയിഫിലിപ്പ് രാജാവ് പാരിസ് വിട്ട് ഓടിപ്പോയി. ആ മാസങ്ങളിൽ തന്നെ ആസ്ത്രിയയിലും ജർമ്മനിയിലും കലാപങ്ങളുണ്ടായി. മിലാനിലെ തെരുവുകളിൽ ആസ്ത്രിയൻ പട്ടാളക്കാരെ ജനങ്ങൾ ആട്ടിയോടിച്ചു. വെനീസും റോമും ഞെട്ടിവിറച്ചു.

മുതലാളിത്തവും ഫ്യൂഡലിസവും തമ്മിലുള്ള ഏററുമുട്ടലുകളായിരുന്നു അവ. തൊഴിലാളികളതിൽ പങ്കെടുത്തിരുന്നുവെങ്കിലും അവർക്ക് മുൻകയ്യുണ്ടായിരുന്നില്ല. അതിനാൽ നിസ്സാരമായ ചില ആനുകൂല്യങ്ങൾ ഏററുവാങ്ങി കലാപത്തിന്റെ നേതാക്കൾ വിജയഭേരി മുഴക്കി പിരിഞ്ഞുപോയി. സായുധ കലാപങ്ങൾ പോലും വൃഥാവ്യായാമങ്ങളായിപ്പോകുന്ന ഗതികേടിന് കാലം സാക്ഷിനിന്നു.

ബെൽജിയത്തിലും ഒരു സായുധവിപ്ലവം നടന്നു. ഫ്രാൻസിലെ ലൂയിഫിലിപ്പിനെപ്പോലെ വിഡ്ഢിയായിരുന്നില്ല ബെൽജിയത്തിലെ ലിയോപ്പോൾഡ് രാജാവ്. സമർത്ഥനായ ലിയോൾഡ് വിപ്ലവകാരികളുടെ മുമ്പിൽ മുട്ടുകുത്തി. അവരുടെ കല്പനകൾ അനുസരിക്കാമെന്നു പ്രഖ്യാപിച്ചു. എല്ലാം വേണമെങ്കിലും അധികാരം ഒഴിഞ്ഞുകൊടുക്കാമെന്ന് സമ്മതിച്ചു. ബൂർഷ്വാവിപ്ലവ

കാരികൾക്ക് തൃപ്തിയായി. വിപ്ലവം വിജയിച്ചതായി ഘോഷിച്ചു.

വിപ്ലവത്തിൻെറ അലകൾ അടങ്ങി. ജനങ്ങൾ ശാന്തരായി. ആ തക്കം നോക്കി ലിയോപ്പോൾഡ് രാജാവ് വിശ്വരൂപം പ്രദർശിപ്പിക്കുവാൻ ആരംഭിച്ചു. എതിരാളികളെ അടിച്ചമർത്താൻ നടപടികൾ സ്വീകരിച്ചു. പട്ടാളക്കാരെ കയറൂരവിട്ടു. വിപ്ലവത്തിന് നേതൃത്വം നൽകിയവർ കടുത്ത മർദ്ദനത്തിനിരയായി. യോഗങ്ങൾ ചേരുന്നത് തടഞ്ഞു. വളരെവളരെ രഹസ്യമായിട്ടാണിതൊക്കെ നടത്തിയിരുന്നത്.

വിദേശിയരായ വിപ്ലവകാരികളെ പോലീസ് പിടികൂടി. കാറൽമാർക്സിനെയും അറസ്റ്റു ചെയ്തു.

മാർക്സിൻെറ ഒരു സഹപ്രവർത്തകനോടൊപ്പം വിവരമന്വേഷിക്കാൻ പോലീസ്സ്റ്റേഷനിൽ കയറിച്ചെന്ന ജെന്നിമാർക്സിനെ പോലീസ് തടവിലാക്കി. മാർക്സിൻെറ സഹപ്രവർത്തകനും ലോക്കപ്പിലായി. സാധ്വിയായ ജെന്നിയെ വ്യഭിചാരിണികളുടെയും കൊലപാതകികളുടെയും ഇടയിലാണ് പാർപ്പിച്ചത്.

ജനങ്ങൾ ഇളകിവശായി. പോലീസ് ചാരന്മാരുടെ കണ്ണുകൾ വെട്ടിച്ചുകൊണ്ട് വിപ്ലവ പ്രസ്ഥാനത്തിൻെറ പ്രവർത്തകന്മാർ യോഗംചേർന്ന് ജനകീയ പ്രതിഷേധത്തിനു നേതൃത്വം നല്കാൻ പരിപാടികളാവിഷ്കരിച്ചു. പത്രങ്ങൾ സർക്കാരിൻെറ നടപടികളെ ശക്തിയായ ഭാഷയിൽ വിമർശിച്ചു. നിയമസഭയിലും ബഹളമുണ്ടായി.

മാർക്സ് ദമ്പതികളെ കോടതി വെറുതെവിട്ടു. ജെന്നി മാർക്സിനോട് അപമര്യാദയായി പെരുമാറിയ പോലീസ് ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കാൻ ഭരണാധികാരികൾ നിർബന്ധിതരായി.

കാറൽമാർക്സ് ബെൽജിയം വിട്ടുപോകണമെന്ന് ലിയോപ്പോൾഡ് രാജാവ് കല്പിച്ചു. മാർക്സിനതിൽ അത്ഭുതം തോന്നിയില്ല പാരീസിലേയ്ക്കു മാറിത്താമസിക്കുവാൻ നേരത്തെതന്നെ അദ്ദേഹം നിശ്ചയിച്ചിരുന്നു.

ഫ്രാൻസിലെ വിപ്ലവത്തിനുശേഷം അധികാരമേററ താല്ക്കാലിക ഗവർമ്മെൻറ് കാറൽമാർക്സിനെ അങ്ങോട്ടു ക്ഷണിച്ചു; ഫ്രഞ്ചുപൗരത്വം നല്കാമെന്നും പ്രഖ്യാപിച്ചു. പാരീസിലേയ്ക്കു ചെല്ലാം; പക്ഷെ ഫ്രഞ്ചു പൗരത്വം സ്വീകരിക്കുന്നില്ല. മാർക്സ് മറുപടി നല്കി.

ബെൽജിയം ഗവർമ്മെണ്ടിൻെറ മർദ്ദനങ്ങളിൽ നിന്ന് രക്ഷപ്പെടുവാനായി കമ്യൂണിസ്ററ് ലീഗിൻെറ ആസ്ഥാനം പാരീസിലേയ്ക്കു മാററുവാൻ അതിൻെറ കേന്ദ്രകമ്മിററി തീരുമാനിച്ചു. അതിൻെറ ചുമതല മാർക്സിനെ ഏല്പിക്കുകയും ചെയ്തു.

മാർക്സ് കുടുംബം വീണ്ടും പാരീസിലെത്തി. അതിനിടയ്ക്കു കുറച്ചുകാലം റൈൻലാൻറ് ഫ്രഞ്ചുഭരണത്തിലായിരുന്നു. മാർക്സ് അവിടെയാണ് താമസിച്ചത്; സ്വന്തം നാടാണല്ലോ അത്. മാർക്സും സുഹൃത്തുക്കളും ചേർന്ന് ഒരു പത്രം ആരംഭിക്കുവാൻ ആലോചനതുടങ്ങി. പണമാണല്ലോ പ്രധാനം. അത് സംഭരിക്കേണ്ട ചുമതല എംഗൽസ് ഏറെറടുത്തു. പത്രത്തിൻെറ പേര് "ന്യൂറെയിനിഷേസെയ്തൂംഗ്." മുഖ്യപത്രാധിപർ കാറൽമാർക്സ്. എംഗൽസടക്കം അഞ്ചു പത്രാധിപന്മാർ. ഒന്നാംലക്കം 1848 ജൂൺ 1-ന് പ്രസിദ്ധീകരിച്ചു. വിപ്ലവപ്രസ്ഥാനത്തെ നിലവിലുള്ള പരിതഃസ്ഥിതികളനുവദിക്കുന്നത്ര മുന്നോട്ടു കൊണ്ടുപോകുക എന്നതായിരുന്നു പത്രത്തിൻെറ ലക്ഷ്യം.

ജർമ്മനിയിലെ ജനാധിപത്യസംഘടനകളുടെ ഒരു യോഗം ബർലിനിൽ ചേർന്നു. ഒരു ഏകീകൃതസംഘടനയ്ക്കു രൂപം നൽകി. പല വിഭാഗക്കാരായ ആളുകൾ അതിലുണ്ടായിരുന്നു. എന്നിട്ടും അതിന്റെ ബുദ്ധിപരമായ നേതൃത്വം മുപ്പതുകാരനായ കാറൽമാർക്സിനു നല്കപ്പെട്ടു. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ആ സമുന്നതനേതാവ് യോഗത്തിൽ പങ്കെടുത്തവരുടെ ആരാധിനു പാത്രമായി. കറുത്തു തിളങ്ങുന്ന കണ്ണുകൾ, കരികറുപ്പുള്ള തലമുടി, നിറഞ്ഞുവളർന്ന താടിരോമങ്ങൾ, അർത്ഥപൂർണ്ണവും യുക്തിയുക്തവുമായ സംഭാഷണം. നിസ്സാരമായ കാര്യങ്ങളിലേയ്ക്കു പാളിപ്പോകാതെ പ്രശ്നത്തിന്റെ കേന്ദ്രബിന്ദുവിലേയ്ക്കു കടന്നുകയറാനുള്ള അദ്ദേഹത്തിന്റെ പ്രാപ്തി സവിശേഷമായി ശ്രദ്ധിക്കപ്പെട്ടു. നേതൃത്വത്തിനാവശ്യമായ എല്ലാ ഗുണങ്ങളുമുണ്ട്. ഒതുക്കവും സൗമ്യതയും: അതിനു പിന്നിൽ സുശക്തമായ ആദർശത്തിന്റെ ആവേശാഗ്നി; അതായിരുന്നു അന്നത്തെ കാറൽമാർക്സ്.

ഫ്രാൻസിലെ രാജാവ് അധികാരം തിരിച്ചു പിടിക്കുന്നതിനുള്ള ശ്രമമാരംഭിച്ചു. പ്രതിവിപ്ലവത്തിന് എതിരായി നാടെങ്ങും പ്രതിഷേധപ്രകടനങ്ങൾ നടന്നു. പക്ഷേ വിപ്ലവകാരികൾ പരാജയപ്പെട്ടു. എന്നാൽ വിജയിച്ചത് പ്രതിവിപ്ലവശക്തികളാണ്. പട്ടാളം അധികാരം പിടിച്ചെടുത്തു. മാർക്സിന്റെ പത്രത്തെ ഞെക്കിക്കൊല്ലാൻ ഭരണക്കാർ കരുനീക്കിത്തുടങ്ങി. ന്യൂറെയിനിഷെസെയ്തൂംഗിന്റെ ഷെയറെടുത്ത ആളുകൾ പിന്മാറി. പത്രത്തിന് നല്ല പ്രചാരമുള്ള കാലമായിരുന്നു. എങ്കിലും ഭരണാധികാരികളുടെ മർദ്ദനത്തിനു മുമ്പിൽ നിലനില്ക്കുവാൻ സാധിക്കാതായി. മാർക്സ് സ്വന്തം സ്വത്ത് വിററു. പൈതൃകമായി ലഭിച്ച സ്വത്തും വിററു; നിസ്സാരവി

ലയ്ക്ക്. ഏന്തുചെയ്തും ന്യൂറെയിനിഷെസൈതുംഗിനെ സംരക്ഷിക്കുമെന്ന് മാർക്സ് പ്രതിജ്ഞയെടുത്തു. ആദർശത്തിന്റെ കൊടി ഉയർത്തിപ്പിടിക്കുവാൻ ദാരിദ്ര്യത്തെ സ്വയം വരിക്കുകയായിരുന്നു അദ്ദേഹം

ജർമ്മനിയിൽ വീണ്ടും കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. വിപ്ലവകാരികൾക്ക് പ്രചോദനം നൽകുന്നത് കാറൽമാർക്സാണെന്നധികൃതർക്കറിയാം. ആപൽക്കരമായ ചിന്താഗതികൾ പ്രചരിപ്പിക്കുന്നത് മാർക്സിന്റെ പത്രമാണ്. കുഴപ്പക്കാരനായ പത്രാധിപരെ നാടുകടത്താൻ ഭരണാധികാരികൾ തീരുമാനിച്ചു. 1848 മെയ് 19-ന് ന്യൂറെയിനിഷെസൈതുംഗിന്റെ അവസാനലക്കം പ്രസിദ്ധീകരിച്ചു. മാർക്സിന്റെ വിടവാങ്ങൽ ലേഖനത്തോടൊപ്പം പ്രശസ്തകവിയും മാർക്സിന്റെ സുഹൃത്തുമായ ഫ്രെലിഗ്രാത്തിന്റെ ഉജ്ജ്വലമായ ഒരു കവിതയും ആ ലക്കത്തിലുണ്ടായിരുന്നു.

പത്രത്തിന്റെ കടങ്ങൾ വീട്ടുവാൻ മാർക്സിന് ബാദ്ധ്യതയുണ്ട്. ജെന്നിയുടെ ആഭരണങ്ങൾ വിററ് കടം വീട്ടി. ആ നാടോടികുടുംബം പാരീസിലെത്തി. അവിടെയും സ്വൈരം ലഭിച്ചില്ല. ഇംഗ്ലണ്ടിലേയ്ക്കു പോകാനാലോചിച്ചു. അവിടെ ചെന്നാൽ എങ്ങനെ ജീവിക്കും ? യാത്രച്ചെലവിന് പണം എവിടെനിന്ന് കിട്ടും? അതൊന്നും അറിയില്ല.

ഏംഗൽസ് സ്വിററ്സർലൻറിൽ അഭയാർത്ഥിയായി കഴിയുകയായിരുന്നു. മാർക്സ് ലണ്ടനിലേയ്ക്ക് എത്തുമ്പോഴേയ്ക്ക് ഏംഗൽസും അവിടെയെത്താമെന്നറിയിച്ചു. അവിടെ പത്രപ്രവർത്തനം ജീവിതമാർഗ്ഗമാക്കാമെന്നും അഭിപ്രായപ്പെട്ടു.

1849 സപ്തംബർ 15–മാർക്സ്കുടുംബം ലണ്ടനിലെത്തി; പുതിയ പത്രം ആരംഭിക്കാൻ ഉത്സാഹിച്ചു. "ന്യൂ റെനിഷെറെവ്യൂ" രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങൾക്കാണ് പ്രാമുഖ്യം. ജർമ്മൻഭാഷയിലാണത് പ്രസിദ്ധീകരിച്ചിരുന്നത്. പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള വിജ്ഞാപനത്തിൽ ഫ്രാൻസിലെയും ജർമ്മനിയിലെയും വിപ്ലവകാരികൾ കൂടി ഒപ്പുവച്ചിരുന്നു. എന്നിട്ടും വേണ്ടത്ര ഷെയറുകൾ വില്ക്കാൻ സാധിച്ചില്ല. മാസികാരൂപത്തിൽ നാല്പത് ഏടുകളുള്ള ആറുലക്കങ്ങൾ പ്രസിദ്ധീകരിച്ചു. നന്ന ബുദ്ധിമുട്ടിയിട്ടാണ് അതുതന്നെ സാധിച്ചത്.

യൂറോപ്പിൽ പ്രതിവിപ്ലവങ്ങൾ വിജയിച്ചുകൊണ്ടിരുന്ന കാലമാണത്. ഫ്രാൻസ്, ജർമ്മനി, പോളണ്ട്, ഇറ്റലി, ഹങ്കറി, ആസ്ത്രിയ, ബെൽജിയം എന്നിവിടങ്ങളിൽ നിന്ന് വിപ്ലവകാരികൾ അഭയാർത്ഥികളായി ഇംഗ്ലണ്ടിലെത്തി. വിപ്ലവത്തിന്റെ അടവുകളെക്കുറിച്ച് അവർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടായിരുന്നു. അവരിൽ ചിലർ "തെറ്റുതിരുത്താത്ത കുഴപ്പക്കാർ" എന്ന് മാർക്സിനെയും ഏംഗൽസിനെയും കുറ്റപ്പെടുത്താൻ കൂടി ധൈര്യപ്പെട്ടു. എങ്കിലും ഒരേ പ്രതീക്ഷയായിരുന്നു അവരെയൊക്കെ ജീവിപ്പിച്ചിരുന്നത്. ഇന്നല്ലെങ്കിൽ നാളെ സ്വന്തം നാട്ടിൽ വിപ്ലവം നടക്കും; അത് വിജയിക്കും; അപ്പോൾ നാട്ടിലേയ്ക്കു തിരിച്ചുപോകാം.

പഴയ സഹപ്രവർത്തകന്മാർ ഇടയ്ക്കിടെ മാർക്സിനെ സന്ദർശിക്കും. ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു മടങ്ങിപ്പോകും. പലരും മുഴുപ്പട്ടിണിയിലാണ്. ഒരാൾ അദ്ധ്യാപകജോലി സമ്പാദിച്ചു. മറ്റൊരാൾ വ്യാപാരിയായി ജീവിക്കുന്നു. ഒരാൾ പാരിസിലാണ്–അഭിഭാഷക

നായി ജോലിചെയ്യുന്നു. പഴയ കവിസുഹൃത്ത് ഒരു ദിവസം മാർക്സിനെ ചെന്നുകണ്ടു. ലണ്ടനിൽ ഒരു ബാങ്കിലാണദ്ദേഹത്തിന് ജോലി. മാനസികമായി ഒരു മാററവുമില്ല. പക്ഷേ നാടും വീടും വിട്ട് ബന്ധുജനങ്ങളുമായി അകന്നു ജീവിക്കേണ്ടിവന്നതിൽ പ്രിയതമയ്ക്ക് കഠിനമായ ദുഃഖമുണ്ട്. അവരുടെ വാടിയ മുഖം കവിയെ വേദനിപ്പിക്കുന്നു. തന്റെ ജന്മദേശം, തന്നെ മറന്നിട്ടില്ലെന്നറിഞ്ഞതിൽ ഫ്രൈലിഗ്രാത്ത് അഭിമാനംകൊള്ളുന്നു. പിന്നീട് ഒരിക്കൽ മാർക്സും ഫ്രൈലിഗ്രാത്തും തമ്മിൽ പിണങ്ങുകയുണ്ടായി. താമസിയാതെ ഇണങ്ങുകയും ചെയ്തു. എങ്കിലും, പഴയ സൗഹൃദത്തിന്റെ ഊഷ്മളത പുനഃസ്ഥാപിക്കാൻ ഒരിക്കലും അവർക്ക് സാധിച്ചില്ല.

ബ്രൂണോബൊവർ തൊട്ടുള്ള പഴയ ചില സുഹൃത്തുക്കളും മാർക്സിനെ ചെന്നു കാണുകയുണ്ടായി. ഹെഗലിസം ഉരുവിട്ടുകൊണ്ടു നടക്കുന്ന ഈ പഴഞ്ചന്മാർ ജീവച്ഛവങ്ങളായി മാറിയിരിക്കുന്നുവെന്നദ്ദേഹത്തിനു തോന്നി.

1850- കമ്മ്യൂണിസ്റ്റ് ലീഗിലെ അംഗങ്ങളധികവും ലണ്ടനിലെത്തി; കുറെ പുതിയ ആളുകളും. മിക്ക രാജ്യങ്ങളിൽനിന്നും ആവേശകരമായ ചെറുത്തുനില്പിന്റെ വിവരങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നത്. യൂറോപ്പിൽ തൊഴിലാളിവർഗ്ഗവിപ്ലവം ആസന്നമായിരിക്കുന്നുവെന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. മാർക്സും എംഗൽസും ചേർന്ന് കേന്ദ്രകമ്മിററിക്കുവേണ്ടി ഒരു വിജ്ഞാപനം എഴുതിയുണ്ടാക്കി അച്ചടിച്ച് യൂറോപ്പിലാകെ പ്രചരിപ്പിച്ചു. വിപ്ലവം അകലെയല്ലെന്ന് ആചാര്യന്മാർ പ്രഖ്യാപിച്ചു. ഫ്രാൻസിലാണ് ആദ്യം വിപ്ലവം നടക്കുക. ബൂർഷ്വാസിക്കെതിരായി ഇടത്തരക്കാർ വിപ്ലവം നയിക്കും; സിംഹാസനം പിടിച്ചടക്കും. തൊഴിലാളിവർഗ്ഗം ആ വിപ്ലവപ്രവർത്തനങ്ങളിൽ സഹകരിക്കണ

മെന്ന് വിപ്ലവാചാര്യന്മാർ ആഹ്വാനം ചെയ്തു. ഇടത്തരക്കാരായ ജനാധിപത്യവാദികളുടെ മോഹനവാഗ്ദാനങ്ങളിൽ തൊഴിലാളികൾ കുടുങ്ങരുതെന്നും അവർ ഓർമിപ്പിച്ചു. തൊഴിലാളികളുടെ താല്പര്യത്തിനെതിരായി പുതിയ ഭരണകർത്താക്കൾ നീങ്ങുമ്പോൾ അതിനെ ഉറച്ചുനിന്നെതിർക്കുകയും വേണം.

പക്ഷേ, ആ ആവേശകരമായ അന്തരീക്ഷം ഏറെക്കാലം നിലനിന്നില്ല ഫ്രാൻസിൽ പ്രതിവിപ്ലവശക്തികൾ പിടിമുറുക്കി; ജനാധിപത്യവാദിയായി നടിച്ചിരുന്ന നെപ്പോളിയൻ ബോണപ്പാർട്ട് തന്റെ തനിനിറം വെളിപ്പെടുത്തി. റിപ്പബ്ലിക് പിരിച്ചുവിട്ടു. സ്വയം ചക്രവർത്തിയായി പ്രഖ്യാപിക്കുകയും ചെയ്തു. തൊഴിലാളികൾക്കു നിസ്സഹായരായി നോക്കിനില്ക്കേണ്ടിവന്നു.

ജനാധിപത്യവിപ്ലവത്തിൽ ആവേശപൂർവ്വം പങ്കെടുത്ത വിശ്വപ്രസിദ്ധനായ സാഹിത്യകാരൻ വിക്ടർഹ്യൂഗോ നാടുവിട്ട് ഓടിപ്പോയി. "പാവങ്ങളു"ടെ കർത്താവിന് നെപ്പോളിയന്റെ വഞ്ചന പൊറുക്കാനായില്ല. നാടുവിടുന്നതിനുമുമ്പ് ഹ്യൂഗോ രചിച്ച "അന്ത്യമൊഴി" പ്രസിദ്ധമാണ്.

ലണ്ടനിലേയ്ക്കുള്ള അഭയാർത്ഥിപ്രവാഹം വർദ്ധിച്ചുവന്നു. നിരാശരായ വിപ്ലവകാരികൾ എങ്ങനെയെങ്കിലും എവിടെയെങ്കിലും ഒരു വിപ്ലവം നടന്നുകാണണമെന്നാഗ്രഹിച്ചു. അവർ അസംതൃപ്തരായിരുന്നു; ദുഃഖിതരായിരുന്നു. നിരാശയിൽനിന്നുയർന്ന അതിവാദങ്ങളെ മാർക്സ് ശക്തിയായി എതിർത്തു. ശാസ്ത്രീയമായ വിശദീകരണങ്ങളും യുക്തിവാദങ്ങളും ഉന്നയിച്ചു; ഫലമുണ്ടായില്ല. കമ്യൂണിസ്ററ് ലീഗിന്റെ കേന്ദ്രകമ്മിററി അംഗങ്ങളെപ്പോലും നിരാശ ബാധിച്ചിരുന്നു. മാർക്സിനെതിരെ നിരാശാവാദികൾ ഒററക്കെട്ടായിനിന്നു.

1850 സെപ്തംബർ 15. കമ്യൂണിസ്റ്റ് ലീഗിന്റെ കേന്ദ്രകമ്മിറ്റി യോഗംചേർന്നു. പുത്തൻ വിപ്ളവകാരികൾ സംഭവവികാസങ്ങളെയല്ല സ്വന്തംമനസ്സിലെ അഭിലാഷങ്ങളെയാണ് വിപ്ളവത്തിന്റെ പ്രേരകശക്തികളായി കാണുന്നതെന്ന് മാർക്സ് മനസ്സിലാക്കി. ജർമ്മനിയിൽ വിപ്ളവം നടത്തുവാൻ കമ്യൂണിസ്റ്റ് ലീഗ് നേതൃത്വം നൽകണമെന്നാണവർ വാദിക്കുന്നത്. ജർമ്മൻതൊഴിലാളിവർഗ്ഗം വിപ്ളവത്തിനു വേണ്ടത്ര വളർച്ച നേടിയിട്ടില്ലെന്നും അതിനാൽ ഉടൻ വിപ്ളവവാദം സ്വീകാര്യമല്ലെന്നുമാണ് മാർക്സിന്റെ വിശ്വാസം. ചൂടുപിടിച്ച വാഗ്വാദങ്ങൾ നടന്നു. എന്തിന്, രണ്ടു പ്രതിനിധികൾ തമ്മിൽ ദ്വന്ദ്വയുദ്ധവുമുണ്ടായി. അതോടെ കമ്യൂണിസ്റ്റ്ലീഗ് പിളർന്നു.

1852നവംബറിൽ കമ്യൂണിസ്റ്റ്ലീഗ് പിരിച്ചുവിട്ടു. എംഗൽസ് മാഞ്ചസ്റ്ററിലേയ്ക്കു പോയി. ദാരിദ്ര്യംമൂലം കഷ്ടപ്പെടുന്ന തന്റെ സഖാവിനെ സഹായിക്കാൻ സാധിക്കുമല്ലോ എന്ന വിചാരമാണ് എംഗൽസിനെ പഴയ ഉദ്യോഗം സ്വീകരിക്കാൻ പ്രേരിപ്പിച്ചത്. മാർക്സും പൊതുപ്രവർത്തനങ്ങളിൽനിന്ന് പിന്മാറി. പഠനവും ഗവേഷണവുമായി അദ്ദേഹം ലണ്ടനിൽത്തന്നെ താമസിച്ചു.

ലണ്ടനിലെ ലോകപ്രസിദ്ധമായ ബ്രിട്ടീഷ്മ്യൂസിയം ലൈബ്രറിയിൽ കാറൽമാർക്സ് നിത്യസന്ദർശകനായി. ചീകിയൊതുക്കിയ മുടി, വിശാലമായ നെറ്റിത്തടം, കറുത്ത കണ്ണുകൾ, തുളച്ചുകയറുന്ന നോട്ടം, നീണ്ട താടിരോമങ്ങൾ— പ്രൗഢഗംഭീരനായ ആ മനുഷ്യൻ എന്നും രാവിലെ ലൈബ്രറിയിൽ കയറിച്ചെല്ലും. രാത്രിയാകുംവരെ അവിടെയിരുന്ന് വായിക്കും. അതുവരെ ആർക്കും വേണ്ടാത്തതെന്നു കരുതി അലമാരികളിലും കെട്ടിവച്ചിരുന്ന പല രേഖകളും മാർക്സ്

പരിശോധിച്ചു. കമ്മീഷൻറിപ്പോർട്ടുകൾ പഠിച്ചു ധനശാസ്ത്രത്തിലെ പ്രാമാണികഗ്രന്ഥങ്ങളൊക്കെ വായിച്ചു. ആവശ്യമായ കാര്യങ്ങൾ കുറിച്ചെടുത്തു.

വായിക്കുന്തോറും അറിവിന്റെ ചക്രവാളം അകന്നകന്നു പോകുന്നതുപോലെയാണ് അദ്ദേഹത്തിനു തോന്നിയത് വീണ്ടും വായന തന്നെ. എത്രയെത്ര ദിവസങ്ങൾ!

മാർക്സുകുടുംബം ദാരിദ്ര്യത്തിന്റെ കൊടുംതീയിൽ വെന്തെരിയുന്ന കാലമായിരുന്നു അത്. ഓരോ ദിവസവും കടന്നുപോകുന്നതെങ്ങനെയെന്ന് അവർക്കറിയില്ലായിരുന്നു. എംഗൽസിന്റെ സഹായം മാത്രമാണൊരവലംബം.

ബ്രിട്ടീഷ് ലൈബ്രറിയിലേയ്ക്ക് കടന്നുചെല്ലുന്ന മാർക്സിനെ കണ്ടാൽ അതൊന്നും തോന്നില്ല. ദാരിദ്ര്യദുഃഖത്തിന്റെ നിഴൽ ആ മുഖത്ത് മങ്ങലേല്പിച്ചില്ല. വസ്ത്രധാരണം അന്തസ്സിലായിരുന്നു. എരിയുന്ന വയറുമായി, മനസ്സിന്റെ വിശപ്പററുവാൻ മാർക്സ് ലൈബ്രറിയിൽ തപസ്സ് അനുഷ്ഠിക്കുകയായിരുന്നു. പ്രായോഗികാനുഭവങ്ങളുടെ പഞ്ചാഗ്നിമദ്ധ്യത്തിൽ ഇരുന്നുകൊണ്ടുള്ള ഈ തപസ്സാണ് മാർക്സിനെ മാർക്സാക്കിയത്.

# 10. വിപ്ളവകാരികൾക്ക് ഒരു പടവാൾ

കാറൽമാർക്സിൻെറ ലോകപ്രസിദ്ധിയാർജ്ജിച്ച ഗ്രന്ഥമാണ് 'മൂലധനം'. തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അവരുടെ വിമോചനസമരത്തിൽ 'മൂലധനം' പോലെ അമൂല്യമായ ഒരു മൂലധനം വേറെയില്ല. സംഘടിച്ച് കരുത്തു നേടുവാനും സമരംചെയ്ത് അവകാശങ്ങൾ പിടിച്ചുപററുവാനും ആ ഗ്രന്ഥം അവർക്കു പ്രചോദനം നല്കുന്നു.

ഈ മഹാഗ്രന്ഥം മൂന്നു ഭാഗങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഒന്നാംഭാഗം മാർക്സ് ജീവിച്ചിരുന്ന കാലത്തുതന്നെ പ്രസാധനം ചെയ്തു. 1867-ൽ. മാർക്സിൻെറ മരണശേഷം ഏംഗൽസാണ് രണ്ടും മൂന്നും ഭാഗങ്ങൾ പുറത്തിറക്കിയത്. യഥാക്രമം 1885-ലും 1894-ലും.

മൂലധനത്തിലെ അടിസ്ഥാനതത്വങ്ങൾ വളരെ ലളിതമായി സംഗ്രഹിച്ചു പ്രതിപാദിക്കുന്ന ഒരു ചെറിയ പുസ്തകം ഏംഗൽസെഴുതിയിട്ടുണ്ട്. "മാർക്സിൻെറ മൂലധനം" മാർക്സിൻെറ പുസ്തകത്തിന് ചരിത്രപരമായി എന്തു പ്രാധാന്യമാണുള്ളതെന്ന് അതിൽ ഏംഗൽസ് വ്യക്തമാക്കുന്നു. ബൂർഷ്വാ ബുദ്ധിജീവികൾ 'മൂലധന'ത്തിന് എതിരെ നടത്തിയ വിമർശനങ്ങൾക്കുള്ള മറുപടിയും അതിലുണ്ട്. മാർക്സിൻെറ സിദ്ധാന്തങ്ങളെപ്പററി തെററിദ്ധാരണ പരത്തുന്ന പ്രചാരവേലകൾ നടന്നിരുന്നു. അതിനെ നേരിട്ടത് ഏംഗൽസാണ്.

വർഗ്ഗബന്ധങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുകയാണ് മൂലധനത്തിൽ മാർക്സ് ചെയ്യുന്നത്. ആധുനികമുതലാളിത്തസമൂഹത്തിലെ ഉല്പാദനബന്ധങ്ങളെ വസ്തുതകൾ നിരത്തിവച്ച് പരിശോധിച്ചതിനുശേഷം അത് പുറംതള്ളപ്പെടേണ്ടതാണെന്ന നിഗമനത്തിൽ മാർക്സ് എത്തിച്ചേരുന്നു.

സമ്പത്തിന്റെ ഉത്ഭവം അധ്വാനത്തിൽനിന്നാണെന്ന് മാർക്സിന്റെ മുൻഗാമികൾ വെളിപ്പെടുത്തിയിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ മരിച്ച അധ്വാനമാണ് മൂലധനം. കൂലിക്കുവേണ്ടി പണിയെടുക്കുന്ന തൊഴിലാളിയുടെ അധ്വാനം സജീവമായ അധ്വാനമാണ്. ആ സജീവമായ അധ്വാനത്തിന് ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള കരുത്തു നൽകുകയാണത്രേ മൂലധനം ചെയ്യുന്നത്. അപ്പോൾ ഉണ്ടാകുന്ന നഷ്ടത്തിന് പരിഹാരമായി മരിച്ച മൂലധനത്തിനു ലഭിക്കുന്ന തുകയാണ് ലാഭം എന്ന് അവർ സിദ്ധാന്തിച്ചു. അങ്ങനെയാണെങ്കിൽ ലാഭം കൂടുംതോറും കൂലി കുറഞ്ഞുവരുന്നതെന്തുകൊണ്ട് എന്നൊരു ചോദ്യമുണ്ട്. അതിന് ഉത്തരം പറയുവാൻ മാർക്സിന്റെ മുൻഗാമികൾക്ക് കഴിഞ്ഞില്ല.

മാർക്സിന്റെ വിശകലനം ഇപ്രകാരമാണ്: മുതലാളിത്തസമൂഹത്തിൽ മറ്റെല്ലാ ചരക്കുകളുമെന്നപോലെ തൊഴിലാളിയുടെ അധ്വാനശക്തിയും വില്പനച്ചരക്കാണ്. ഈ ചരക്ക് മുതലാളി വിലകൊടുത്തുവാങ്ങുന്നു. അതായത് മുതലാളി വിലപേശി കൂലിനിശ്ചയിച്ച് തൊഴിലാളിയുടെ അധ്വാനശക്തി വാങ്ങുന്നു. അവർ തമ്മിൽ ഒരു കരാറിൽ ഏർപ്പെടുകയാണ്. ഉദാഹരണത്തിന് എട്ടുമണിക്കൂർ ജോലിചെയ്യണം, ആറു രൂപാ കൂലി തരും എന്നതാണ് വ്യവസ്ഥ എന്നുവയ്ക്കുക. നാലുമണിക്കൂറോ അഞ്ചുമണി

ക്കുറോ തൊഴിലാളി പണിയെടുത്തുകഴിയുമ്പോൾ അവൻെറ അധ്വാനംകൊണ്ട് ഉണ്ടാകുന്ന ചരക്കിന് ആറു രൂപയുടെ മൂല്യം ലഭിച്ചിട്ടുണ്ടാകും. ഒരിക്കലും ആറുരൂപയുടെ മൂല്യം സൃഷ്ടിക്കാൻ എട്ടു മണിക്കൂർ അധ്വാനിക്കേണ്ടിവരില്ല. (വരുമെങ്കിൽ ഇത്തരമൊരു കരാറല്ല മുതലാളി ഉണ്ടാക്കുക.) ചെയ്ത വ്യവസ്ഥയനുസരിച്ച് തൊഴിലാളി എട്ടു മണിക്കൂർ വേലയെടുത്തേപററൂ. ഈ മിച്ചസമയത്തെ അധ്വാനം കൊണ്ട് ഉണ്ടാകുന്ന മൂല്യം മുഴുവൻ മുതലാളി തട്ടിയെടുക്കുകയാണ്. ഇതാണ് മിച്ചമൂല്യം. ഈ മിച്ചമൂല്യമാണ് മൂലധനമായി മാറുന്നത്.

കാറൽമാർക്സിൻെറ ഏററവും മഹത്തായ സംഭാവന മിച്ചമൂല്യസിദ്ധാന്തമാണ്.

മിച്ചമൂല്യമാണ് മുതലാളിത്തത്തിൻെറ അടിത്തറ. അതിൻെറ തോത് വർദ്ധിക്കുവാൻ മുതലാളിവർഗ്ഗവും, തോത് കുറയ്ക്കുവാൻ തൊഴിലാളിവർഗ്ഗവും നടത്തുന്ന ശ്രമം— വർഗ്ഗസമരം— ആണ് ബൂർഷ്വാസമുദായത്തിൻെറ പ്രധാന സ്വഭാവം.

ആധുനിക മുതലാളിത്തവ്യവസ്ഥയുടെ വേര് ചൂഷണത്തിലാണ്. അതുകൊണ്ടുതന്നെ അത് തകർച്ചയിലേയ്ക്ക് അടിവച്ചടിവച്ച് നീങ്ങുകയാണ്. ഈ സിദ്ധാന്തം സാധൂകരിക്കുന്നതാണ് രണ്ടും മൂന്നും ഭാഗങ്ങൾ.

നിരവധി കുറിപ്പുകളായിട്ടാണ് മാർക്സ് ഇത്തരം കാര്യങ്ങൾ എഴുതിവച്ചിരുന്നത്. ആ കുറിപ്പുകൾ കൂട്ടിച്ചേർത്ത് ഇന്നത്തെ രൂപത്തിലാക്കിയത് ഏംഗൽസാണ്. കഠിനമായ ബുദ്ധിമുട്ടുകൾ സഹിച്ച്, മൂലധനത്തിൻെറ രണ്ടും മൂന്നും ഭാഗങ്ങൾ പ്രസിദ്ധീകരിച്ച ഏംഗൽസിനോട് ആധുനികയുഗം മാർക്സിനോടെന്നപോലെതന്നെ കടപ്പെട്ടിരിക്കുന്നു.

മുതലാളിത്തവ്യവസ്ഥയെ തച്ചുടച്ചാലേ അധ്വാനിക്കുന്ന മനുഷ്യർക്ക് മോചനമുള്ളൂ എന്നതാണ് ഒന്നാം ഭാഗത്തിന്റെ സന്ദേശം. അത് നാശത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് മററു ഭാഗങ്ങൾ സ്ഥാപിക്കുന്നു.

'മൂലധനം' പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ബൂർഷ്വാസിയുടെ ഇടയിൽ വലിയ അങ്കലാപ്പ് ഉണ്ടായി. മൗനംകൊണ്ടതിനെ നശിപ്പിക്കാമെന്നവർ ആദ്യം ഉദ്ദേശിച്ചു. പക്ഷേ മാർക്സിയൻ സിദ്ധാന്തങ്ങളുടെ സ്വാധീനം പടർന്നുപിടിച്ചപ്പോൾ അവർക്ക് നിൽക്കക്കളിയില്ലാതായി. അപ്പോൾ നുണപ്രചാരണമാരംഭിച്ചു. ഏംഗൽസിനെപ്പോലുള്ള ആചാര്യന്മാരോടേററപ്പോൾ അപവാദപ്രചാരവേലയും സോപ്പുകുമിളകൾപോലെ തകർന്നുപോയി.

വളരെ വിദഗ്ദ്ധമായ രീതിയിലാണ് മാർക്സ് അർത്ഥശാസ്ത്രപ്രശ്നങ്ങൾ മൂലധനത്തിൽ അപഗ്രഥിച്ചിട്ടുള്ളത്. മാർക്സിന്റെ ബദ്ധശത്രുക്കളായ ധനശാസ്ത്രജ്ഞന്മാർപോലും അതിന് അദ്ദേഹത്തെ അഭിനന്ദിച്ചിട്ടുണ്ട്.

കടിച്ചാൽ പൊട്ടാത്ത ഒരു ഗ്രന്ഥമാണ് മൂലധനമെന്നു പലരും ധരിച്ചുവച്ചിട്ടുണ്ട്. അല്പം ശ്രദ്ധിച്ചു പഠിച്ചാലേ അത് മനസ്സിലാകൂ എന്നത് നേരാണ്. കാരണം അതൊരു ശാസ്ത്രഗ്രന്ഥമാണ്. അനായാസമായി കടന്നുപോകാൻ സാധിച്ചുവെന്ന് വരില്ല. എങ്കിലും മാർക്സിന്റെ ശില്പചാതുരിയും രചനാ ഭംഗിയും അതിലുടനീളം കാണാം. മനോഹരമായ ആവിഷ്കരണസമ്പ്രദായം ഒരു പ്രത്യേകതയാണ്. വിവിധവിജ്ഞാനമണ്ഡലങ്ങളിലേയ്ക്കു വെളിച്ചം പരത്തുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് മൂലധനം.

ഇരുപതുവർഷത്തെ നിരന്തരമായ അധ്വാനംകൊണ്ടാണ് മൂലധനത്തിൻെറ രചനയ്ക്കു ആവശ്യമായ കരുക്കൾ അദ്ദേഹം സമ്പാദിച്ചത്. ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിലെ ഇളംചൂടുള്ള അന്തരീക്ഷത്തിൽ രാത്രിയെന്നോ, പകലെന്നോ ഭേദമില്ലാതെ മുഷിഞ്ഞിരുന്നു വായിച്ചിട്ടാണ് അവ ശേഖരിച്ചത്. എത്രയെത്ര പുസ്തകങ്ങളാണ് അദ്ദേഹം വായിച്ചുതള്ളിയത്! ചിതലും പൊടിയും പിടിച്ച് ആർക്കും വേണ്ടാതെ കിടന്നിരുന്ന ഫാക്ടറിഇൻസ്പെക്ടർമാരുടെ റിപ്പോർട്ടുകൾതൊട്ട് സമകാലിക ധനശാസ്ത്രജ്ഞന്മാരായ ആഡംസ്മിത്ത്, റിക്കാർഡോ എന്നിവരുടെ ധനശാസ്ത്രഗ്രന്ഥങ്ങൾവരെ മാർക്സ് പരിശോധിച്ചിരുന്നു.

ഇംഗ്ലണ്ടിലെ മുതലാളിമാർ നടത്തുന്ന ഭീകരമായ ചൂഷണത്തിൻെറ കരളലിയിക്കുന്ന കഥകൾ മൂലധനത്തിൽ മാർക്സ് എഴുതിവച്ചിട്ടുണ്ട്. ഒടുങ്ങാത്ത ലാഭക്കൊതികൊണ്ട് തൊഴിലാളികളുടെ ചോരയൂററിക്കുടിച്ച് അവർ തടിച്ചുകൊഴുക്കുകയായിരുന്നു. കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യം ഫാക്ടറികളിൽ കുരുതികഴിക്കപ്പെട്ടു. മനുഷ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്ത വെറും രാക്ഷസന്മാരായിരുന്നു അന്നത്തെ മുതലാളിമാർ.

1863 ജൂൺമാസം ഒരുദിവസം പത്രത്തിൽ ദയനീയമായ ഒരു വാർത്ത പ്രത്യക്ഷപ്പെട്ടു. വസ്ത്രനിർമ്മാണശാലയാണ് രംഗം. അതിൻെറ ഉടമസ്ഥ എലിസാ എന്ന മാന്യവനിതയാണ്. ആ കമ്പനിയിലെ ഒരു തൊഴിലാളിസ്ത്രീ ആനി- അമിതാധ്വാനംമൂലം മരിച്ചുവെന്നായിരുന്ന വാർത്ത. ആനി ഇരുപതുവയസ്സുള്ള സുന്ദരിയായ യുവതിയായിരുന്നു. സാധാരണ ആ സ്ഥാപനത്തിൽ പതിനഞ്ചും പതിനാറും മണിക്കൂറാണ് ജോലിസമയം. പണിയെടുത്തു തളരുമ്പോൾ

ക്ഷീണം മാററാൻ ഷെറിവൈനോ കാപ്പിയോ കൊടുക്കും. അങ്ങിനെയിരിക്കെ പെട്ടെന്നൊരു ദിവസം കമ്പനിക്ക് കുറെയധികം ഓർഡറുകൾ കിട്ടി. രാജകുമാരിയുടെ ബഹുമാനാർത്ഥം ഒരു നൃത്തം നടക്കാനുണ്ട്. കണ്ണഞ്ചിക്കുന്ന വേഷങ്ങളണിഞ്ഞാണ് പ്രഭുകുമാരികൾ നൃത്തശാലയിൽ പോകുക. കണ്ണടച്ചുതുറക്കുമ്പോഴേയ്ക്ക് വസ്ത്രങ്ങൾ തുന്നിക്കൊടുക്കണം. വേറെ അറുപതു പെൺകിടാങ്ങൾ കൂടിയുണ്ടവിടെ. ഇടുങ്ങിയ മുറിയിലിരുന്ന് ഇരുപത്തിനാലു മണിക്കൂറും വിശ്രമമില്ലാതെ അവർ ജോലിചെയ്തു. പലകകൊണ്ടു മറച്ച് കാററും വെളിച്ചവും കടക്കാത്ത ആ മുറിയിൽത്തന്നെ രാത്രി കിടന്നുറങ്ങി. ആനി രോഗബാധിതയായി. അതാരും ഗൗരവമായി എടുത്തില്ല. രണ്ടുദിവസം കഴിഞ്ഞപ്പോൾ ആ യുവതി മരിക്കുകയും ചെയ്തു.

ഇംഗ്ലണ്ടിലാകെ കോളിളക്കം സൃഷ്ടിച്ച സംഭവമായിരുന്നു അത്. "ശവക്കല്ലറവരെ അധ്വാനിക്കുന്ന അടിമകൾ നിശ്ശബ്ദമായി ക്ഷയിക്കുകയും മരിക്കുകയും ചെയ്യുകയാണ്" ഒരു പത്രം ഗർജ്ജിച്ചു.

ഇതിനേക്കാൾ ശോചനീയമാണ് റൊട്ടിക്കമ്പനികളിലെ തൊഴിലാളികളുടെ സ്ഥിതി. രാത്രി പതിനൊന്ന് മണിക്കാണവരുടെ ജോലി ആരംഭിക്കുക. ആദ്യം മാവ് കുഴയ്ക്കുന്ന പലകയിൽ ചാക്കുവിരിച്ച് കുറച്ചുനേരം ഉറങ്ങാം. രണ്ടു മണിക്കൂർ കഴിഞ്ഞാൽ ഉണരണം. അതിനുശേഷം തിരക്കിട്ട ജോലിയാണ്. മാവ് പുറത്തെടുക്കുക, തരംതിരിക്കുക, ചൂളയിൽവയ്ക്കുക, ഓരോസെററായി പുറത്തെടുക്കുക, കടകളിലെത്തിക്കുക. എഴുപത്തഞ്ചും തൊണ്ണൂറും ഡിഗ്രി ചൂടുള്ള ബേക്കറിമുറിയിലാണ് ഇത്രനേരം കഴിയേണ്ടത്. വിതരണജോലിയും അവർ തന്നെ ചെയ്യണം. ധാരാളം ആവശ്യക്കാ

ട്ടുള്ള സമയമാണെങ്കിൽ വീണ്ടും ചൂളമുറിയിൽ കടക്കേണ്ടി വരും; അല്ലെങ്കിൽ കുറച്ചുസമയം ഒഴിവ് ലഭിക്കും.

തൊഴിലാളികൾക്കെന്തു സംഭവിച്ചാലും കൊള്ളാം തങ്ങളുടെ ലാഭം ദിനംപ്രതി വർദ്ധിക്കണം; അതായിരുന്നു മുതലാളിമാരുടെ വിചാരം. വിശ്രമത്തിന് സമയമില്ലാത്തതിനാൽ ആലസ്യവും മന്ദതയും തൊഴിലാളികളുടെ മസ്തിഷ്കത്തെ ബാധിച്ചുകൊണ്ടിരുന്നു. ചെറുപ്പക്കാരെല്ലാം ആനന്ദം തേടി മദ്യശാലകളെ അഭയംപ്രാപിക്കുക പതിവായി. സ്ത്രീകൾ വിരൂപകളായിത്തീർന്നു. സ്വഭാവദൂഷ്യങ്ങളിൽ അവരറിയാതെ ചെന്നുപതിച്ചു. രാത്രി ജോലിയുള്ള കുട്ടികളുടെ കഥയാണേറെ കഷ്ടം. പകലുറങ്ങാൻ കുട്ടികൾക്ക് ഇഷ്ടമുണ്ടാവില്ല. അവർ അങ്ങുമിങ്ങും ഓടിനടക്കും. ഉറക്കമില്ലാത്തതിനാൽ അവരുടെ ആരോഗ്യം തകരും.

തൊഴിലാളികളുടെ ജോലിസമയം നിശ്ചയിച്ചിട്ടുണ്ടെന്ന് മേനി പറയുന്നവർ വേലക്കാരെ ചതിക്കുന്നതു മറെറാരു വിധത്തിലാണ്. മാറിമാറി ജോലിചെയ്യുന്ന ഏർപ്പാടാണവിടെ ജോലിക്കുവരേണ്ടസമയം ഇടയ്ക്കിടെ മാററും. ആളുകളെത്തിയില്ലെന്ന നാട്യത്തിൽ അരമണിക്കൂറും ഒരു മണിക്കൂറും അധികം ജോലിചെയ്യിക്കും. ഫലം പതിനഞ്ചു മണിക്കൂറോളം ജോലി നാടകം അവസാനിക്കാതെ നാടകസംഘത്തിലുള്ളവർക്കു സ്ഥലംവിടാൻ പററില്ലല്ലോ. അതുപോലെ ഫാക്ടറി അടയ്ക്കുന്നതുവരെ തൊഴിലാളികളെ കയറില്ലാതെ കെട്ടിയിടുന്നവരും ധാരാളമായിരുന്നു.

ഇംഗ്ലണ്ടിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്ന ലേഖനത്തിൽ ഏംഗൽസ് ഈ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ നേരെ സമൂഹം കാണിക്കുന്ന ക്രൂരത

യാണ് ഭയങ്കരമെന്നദ്ദേഹം പറഞ്ഞു. പക്വതവരാത്ത മനുഷ്യാത്മാക്കളെ യന്ത്രങ്ങളാക്കി മാററുകയാണവിടെ. മനസ്സിൻെറ നൈസർഗ്ഗികമായ വികാസക്ഷമത തടഞ്ഞ് ബുദ്ധിശൂന്യത കൃത്രിമമായി സൃഷ്ടിക്കുന്നു. ഈ പ്രശ്നം ഇംഗ്ലണ്ടിൻെറ ബുദ്ധിമണ്ഡലത്തിൽ അലകളുണ്ടാക്കി. പതിനാലു വയസ്സിൽ താഴെയുള്ള കുട്ടികളെ ജോലി ചെയ്യിക്കുകയാണെങ്കിൽ അവർക്ക് വിദ്യാഭ്യാസ സൗകര്യം നല്കണമെന്നു നിർബ്ബന്ധിക്കുന്ന ഒരു നിയമം ബ്രിട്ടീഷ് പാർലമെൻറ് പാസ്സാക്കി.

ആ നിയമം നടപ്പായത് അത്യന്തം അപഹാസ്യമായ രീതിയിലാണെന്ന് മാർക്സ് ചൂണ്ടിക്കാണിക്കുന്നു. നിത്യവും അഞ്ചുമണിക്കൂർ വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. ജോലിയില്ലാത്ത ദിവസങ്ങളിൽ കൂടുതൽ മണികൂറുകൾ സ്ക്കൂളിലയയ്ക്കണം. പക്ഷെ ഒരാഴ്ച സ്ക്കൂളിൽ, പിന്നെ മൂന്നാഴ്ച ആ കുട്ടികളെ കാണില്ല. ഇതൊക്കെയായിരുന്നു നിയമത്തെ തോല്പിക്കാൻ മുതലാളിമാർ കണ്ടെത്തിയ അടവുകൾ. സ്ക്കൂളുകളോ? കാററും വെളിച്ചവും കടക്കാത്ത ഒരു മുറി. പുസ്തകങ്ങളില്ല, ഉപകരണങ്ങളില്ല എഴുപതും എൺപതും കുട്ടികൾ കൂട്ടമായി എന്തൊക്കെയോ ചിലയ്ക്കുന്നു. അദ്ധ്യാപകർ നിശ്ചിതമായ സമയപരിധി പൂർത്തിയാക്കിയാൽ സർട്ടിഫിക്കററ് നല്കും. അക്ഷരമെഴുതാനറിയാത്ത അദ്ധ്യാപകന്മാരും ഉണ്ടായിരുന്നുവത്രേ.

ഇംഗ്ലണ്ടിലെ തൊഴിലാളികളുടെ പാർപ്പിടങ്ങൾ കാലിത്തൊഴുത്തിനെക്കാൾ വൃത്തികെട്ടവയായിരുന്നു. കൊച്ചു വീടുകൾ അത് ഇടയ്ക്കു മറവച്ച് കിടക്കമുറികളാക്കിയിരിക്കും. വലിയ വാടക. കക്കൂസ് താമസക്കാരുണ്ടാക്കണം. മലം

മലപ്പാത്രത്തിൽ സൂക്ഷിച്ച് ആഴ്ചയിൽ ഒരിക്കൽ ദൂരെ കൊണ്ടുപോയിക്കളയുന്ന സമ്പ്രദായംപോലും ഉണ്ടായിരുന്നു. ചെളികൊണ്ട് ചീർത്ത പുകക്കുഴലുകൾ; ചുമരിൽ കുമ്മായം പൊന്തിയും കുഴിഞ്ഞും നില്ക്കുന്നു.

ഇത്തരമൊരു കുടിലിൽ മാർക്സും എംഗൽസും ഒരു ദിവസം കയറിച്ചെന്നു. ഗൃഹനാഥ രോഗംപിടിച്ച് ഒരു കീറപ്പായയിൽ ഉടുതുണിമാത്രം ധരിച്ചു കിടക്കുകയാണ്. കിടക്കകൾ പണയംവച്ചിരുന്നു. രണ്ടു കുട്ടികളുണ്ട്. ദൈന്യഭാവത്തിൽ അവർ മാർക്സിനെയും എംഗൽസിനെയും നോക്കി. ചികിത്സ വേണ്ടത് അമ്മയ്ക്കാണോ കുട്ടികൾക്കാണോ എന്നവർ സംശയിച്ചു.

മനുഷ്യത്വമുള്ളവർക്കൊക്കെ അസഹ്യമായി തോന്നുന്ന ഈ അനുഭവങ്ങൾ മാർക്സിനെ പിടിച്ചുകുലുക്കി; ചിന്തകളെ ചുടുപിടിപ്പിച്ചു. വർദ്ധിച്ച ആവേശത്തോടെ മൂലധനത്തിന്റെ രചനയിൽ മുഴുകി. കുടുംബത്തിലെ ദാരിദ്ര്യം, ജെന്നിയുടെ രോഗം എന്നിങ്ങനെ തന്നെ അലട്ടുന്ന വിഷമതകളെ കൂട്ടാക്കാതെ ആ പ്രതിഭാശാലി ഏകാഗ്രമായ തപസ്സിൽ മുഴുകി.

മൂലധനത്തിലെ ഓരോ പേജും വെട്ടും തിരുത്തുംകൊണ്ട് വികൃതമായിരുന്നു. അത് സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കി അച്ചടിക്കാനുള്ള പാകത്തിൽ പകർത്തുകയെന്ന ശ്രമകരമായ ജോലി നിർവ്വഹിച്ചത് ജെന്നിമാർക്സായിരുന്നു. ആ ദിവസങ്ങളെ അവർ ഇങ്ങനെ സ്മരിക്കുന്നു: “എഴുതിയെഴുതി എന്റെ വിരലുകൾ തളർന്നു”–അവർ എഴുതി.

1866 ജനുവരി 1-നാണ് ഒന്നാംഭാഗത്തിന്റെ മിനുക്കുപണി ആരംഭിച്ചത്. 1866 മാർച്ചിൽ അതവസാനിച്ചു. ജർമ്മനിയിലെ ഹാനേവറിലുള്ള ഒരു പ്രസ്സിലാണ് അത്

അച്ചടിച്ചത്. അച്ചടി ആരംഭിച്ചപ്പോൾ കാറൽമാർക്സ് അങ്ങോട്ടു താമസം മാററി. ഓരോ പേജും നോക്കി തെററു തിരുത്തുന്നത് തന്റെ കൈകൊണ്ടു തന്നെയാവണമെന്ന് മാർക്സിനു നിർബ്ബന്ധമുണ്ടായിരുന്നു. ഹാനോവറിൽ തന്റെ പഴയ സുഹൃത്തായ കാറൽമാന്റെ അതിഥിയായിട്ടാണു പാർത്തത്. ആ കുടുംബം മാർക്സിനെ സഹർഷം സ്വാഗതം ചെയ്തു. "ജീവിതമരുഭൂമിയിലെ ഏററവും സുന്ദരമായ സ്ഥലം—" മാർക്സ് കഗൽമാൻകുടുംബത്തെ സ്മരിക്കുന്നതിങ്ങനെയാണ്.

ഹാനോവറിലെ അഭ്യസ്തവിദ്യരായ ജനങ്ങൾ മാർക്സിനെ കാണാൻ ചെന്നിരുന്നു. സ്നേഹവും ആദരവും പ്രകടമായ ആ പെരുമാററം മാർക്സിനൊരു പുതിയ അനുഭവമായി. അവർ ബഹുമാനത്തോടെ ഏംഗൽസിനെപ്പററി അന്വേഷിക്കും. വിദ്യാസമ്പന്നരായ ബൂർഷ്വാസികൾക്കിടയിൽ തന്നെപ്പററിയുള്ള ധാരണയെന്താണെന്നു മാർക്സിനു മനസ്സിലായതപ്പോഴാണ്.

ഒന്നാംഭാഗത്തിന്റെ അവസാനത്തെ പേജ് തെററുതിരുത്തി പ്രസ്സിലേല്പിച്ചപ്പോൾ ഭാരമിറക്കിവച്ചപോലെയുള്ള ആശ്വാസം തോന്നി അദ്ദേഹത്തിന്. നിറഞ്ഞ ഹൃദയത്തോടെ അദ്ദേഹം ഏംഗൽസിന് എഴുതി: "സുഹൃത്തേ, എന്റെ പ്രിയപ്പെട്ട സഖാവേ, കഷ്ടപ്പാടിൽ കിടന്നു പൊരിയുന്ന എനിക്ക് ഇതു സാധിച്ചത് താങ്കളുടെ സഹായം മൂലമാണ്. നന്ദി, എന്റെ സുഹൃത്തേ—"

മൂലധനത്തിന്റെ വിധിയെന്താകുമെന്ന ഉത്കണ്ഠ മാർക്സിനെ സൈ്വരംകെടുത്തി. പരസ്പരം പ്രശംസിക്കുന്നതിൽ അർത്ഥമില്ലെന്നു അറിയാമെങ്കിലും മൂലധനത്തെ ലോകത്തിന് പരിചയപ്പെടുത്തുന്ന ഒരു ലേഖനം

ഏംഗൽസിനു എഴുതേണ്ടിവന്നു ജർമ്മനിയിലെ തൊഴിലാളികളുടെ ഇടയിൽ മൂലധനം പ്രചരിപ്പിക്കാൻ തൊഴിലാളിനേതാക്കന്മാർ കിണഞ്ഞു ശ്രമിക്കുകയുംചെയ്തു.

കവിസുഹൃത്തായ ഫൈലിഗ്രാത്തിന് മൂലധനം അയച്ചു കൊടുക്കുകയുണ്ടായി കുറച്ചുകാലമായി അവർ അകന്നു നില്ക്കുകയായിരുന്നു. മൂലധനം തൊഴിലാളിവർഗ്ഗത്തിനൊരു വഴികാട്ടിയാണെന്ന് കവി അഭിപ്രായപ്പെട്ടു.

പരിണാമവാദത്തിന്റെ ആവിഷ്കർത്താവായ ഡാർവ്വിനു മൂലധനത്തിന്റെ ഒരു കോപ്പി മാർക്സ് നേരിട്ടയച്ചു കൊടുത്തു. ഡാർവ്വിന്റെ വസതിയിൽ ഒരു നിധിപോലെ ആ പുസ്തകം ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ടത്രെ.

ലോകത്തിലെ മിക്ക ഭാഷകളിലും മൂലധനത്തിന് പരിഭാഷകൾ ഉണ്ടായി. ഇന്ത്യൻഭാഷകളിൽ ആദ്യമായി അതിന്റെ സമ്പൂർണ്ണവിവർത്തനം വന്നത് മലയാളത്തിലാണ്.

മൂലധനം ഒരു നൂറ്റാണ്ടിനുമുമ്പ് എഴുതപ്പെട്ട ഗ്രന്ഥമാണ്. പക്ഷേ ആ ഐതിഹാസികഗ്രന്ഥം ഏതുകാലത്തും അമൂല്യമായിത്തന്നെ ആദരിക്കപ്പെടും.

# 11. ദുഃഖവെള്ളിയാഴ്ചകൾ

ദുസ്സഹമായ യാതനകളനുഭവിച്ചുകൊണ്ടാണ് മാർക്സ് ജീവിതകാലമത്രയും കഴിച്ചുകൂട്ടിയത്. വിശപ്പു അടക്കാൻ വഴികാണാതെ മാർക്സ്കുടുംബം നട്ടംതിരിഞ്ഞിട്ടുണ്ട്. ദാരിദ്ര്യംനിറഞ്ഞ ചുററുപാടിൽ വളർന്ന കുട്ടികൾ പലപ്പോഴും രോഗബാധിതരാകും. ഡോക്ടരെ കൊണ്ടുവരാനോ മരുന്നുവാങ്ങാനോ പണമില്ലാതെ വിഷമിച്ചിട്ടുണ്ട്. വാടക കൊടുക്കാൻ സാധിക്കാത്തതിനാൽ വീട്ടുടമസ്ഥൻ ഇറക്കിവിട്ട അനുഭവവും ഒരിക്കൽ ഉണ്ടായി. ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ! അപ്പോഴൊക്കെയും പത്നിയായ ജെന്നി അദ്ദേഹത്തിന്റെ ഉത്തമ 'സഹധർമ്മിണി'യായി പ്രത്യക്ഷപ്പെട്ടു. ക്ലേശങ്ങളുടെ കൂർത്ത കല്ലുകളും മുള്ളുകളും നിറഞ്ഞ ജീവിതപ്പാതയിൽ അവർ ആദർശധീരനായ തന്റെ ഭർത്താവിനെ സസന്തോഷം അനുഗമിച്ചു — പരാതിയില്ല; പരിഭവമില്ല.

നല്ല ഭക്ഷണം കഴിക്കാനില്ലായിരുന്നതിനാലാണ് അവരുടെ മൂന്നു കുട്ടികൾ മരിച്ചത്. ഒരു കുഞ്ഞ് മരിച്ചത് മുലപ്പാല് കുടിക്കാനില്ലാഞ്ഞിട്ടാണ്. ആയയെ നിർത്തി മുല കുടിപ്പിക്കാൻ പണവും ഇല്ലായിരുന്നു.

മറെറാരു അനുഭവം, അത് ജെന്നിമാർക്സിന് മറക്കാനാവില്ല; 1852-ലാണ്. ആരോഗ്യം തീരെ നശിച്ച സമയം, ഇളയകുട്ടിക്ക് ഒരു വയസ്സേ ഉള്ളൂ; ഒരു പെൺകുട്ടി. അവൾക്ക് ശ്വാസകോശസംബന്ധമായ രോഗമായിരുന്നു. മൂന്നുദിവസം കഠിനമായ വേദന അനുഭവിച്ചു

കൊണ്ടു കിടന്നു; പിന്നെ മരിച്ചു. ശവപ്പെട്ടിവാങ്ങാൻ പണമില്ല. മൃതശരീരം ഒരു ദിവസം മൂടിയിടേണ്ടിവന്നു. കുടുംബാംഗങ്ങൾ കണ്ണീർവാർത്തുകൊണ്ട് ചുററുമിരുന്നു. മാർക്സിനെ കാണാനെത്തിയ ചില സഖാക്കൾ സഹായിച്ചതുകൊണ്ടാണ് ശവപ്പെട്ടിവാങ്ങാൻ സാധിച്ചത്.

ലണ്ടനിൽ താമസിക്കുന്നകാലത്ത് ആദ്യത്തെ കുറേവർഷങ്ങൾ കഠിനമായ ദാരിദ്ര്യം അനുഭവിച്ചുകൊണ്ടാണു കഴിഞ്ഞത്. ദരിദ്രരുടെ കേന്ദ്രമായ ഈസ്ററ്എൻഡിലാണവർ താമസിച്ചിരുന്നത്. ഗുഹപോലെയുള്ള ഒരു മുറിയിൽ വേഷംമാറി നടക്കുന്ന ഒരു ജർമ്മൻചാരൻ അക്കാലത്ത് മാർക്സിനെ ചെന്നുകണ്ടിരുന്നു. അയാൾ മാർക്സിൻെറ കുടിലിനെ വിവരിച്ചത് ഇങ്ങനെയാണ്: "ലണ്ടൻെറ മോശപ്പെട്ട പ്രാന്തപ്രദേശം. രണ്ടുമുറികളാണ് ആ വീടിനുള്ളത്; നല്ല ഒരു മേശയോ കസേരയോ ഒന്നുമില്ല. പൊട്ടിപ്പൊളിഞ്ഞതാണ്; എല്ലാം സർവത്ര പൊടിമയം. കസേരയ്ക്ക് മൂന്നുകാലേ ഉള്ളൂ. മറെറാരു കസേര ഉള്ളത് കുട്ടികളുടെ കളിക്കോപ്പാണ്. ഇതൊന്നും മാർക്സിനേയോ പത്നിയേയോ ബാധിക്കുന്നില്ല. കയറിച്ചെന്നാൽ ഹാർദ്ദമായ സ്വീകരണമാണ്; ഉള്ളതുകൊണ്ട് സൽക്കരിക്കുകയും ചെയ്യും."

എഴുതാനുള്ള കടലാസ് വാങ്ങാൻവേണ്ടി കോട്ടും പാൻറും പണയപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. കോട്ടും പാൻറുമില്ലാത്തതിനാൽ മൂടിപ്പുതച്ചു കിടന്നു അസുഖമാണെന്നു മാവിക്കേണ്ടിവന്നിട്ടുണ്ട്. കടക്കാർ വാതിലിൽ മുട്ടിയാൽ പിൻവാതിലിലൂടെ രക്ഷപ്പെടും. വേണ്ടത്ര ഭക്ഷണമുണ്ടാവില്ല. ഉള്ളതു കുട്ടികൾക്കു നല്കി അമ്മയും അച്ഛനും പട്ടിണികിടക്കും. വേദന മറക്കുവാൻകവിതകൾ ഒന്നിച്ചിരുന്നു വായിച്ച് വയറുനിറഞ്ഞതായി നടിച്ച് കുട്ടികളെ കെട്ടിപ്പിടിച്ചു കിടന്നുറങ്ങിയിരുന്നു.

ബൂർഷ്വാമര്യാദകളെയും കള്ളനാട്യങ്ങളെയും കണക്കിനു പരിഹസിച്ചിട്ടുള്ള കാറൽമാർക്സ് സ്വന്തം ജീവിതത്തിൽ ദുരഭിമാനിയായിരുന്നു. ആരോടെങ്കിലും സഹായം ആവശ്യപ്പെടുവാൻ മടിയാണ്. ആത്മസുഹൃത്തായ ഏംഗൽസിനോടു മാത്രം ബുദ്ധിമുട്ടുകൾ തുറന്നുപറയും. അദ്ദേഹം സഹായിക്കുകയും ചെയ്യും. ഏംഗൽസിന്റെ സഹായംകൊണ്ടാണ് മാർക്സുകുടുംബം പട്ടിണികിടന്നു മരിക്കാതിരുന്നതെന്നുതന്നെ പറയാം.

എന്തൊക്കെയായാലും മാർക്സ് കുടുംബം സന്തോഷത്തോടെയാണു ജീവിച്ചത്. മാർക്സിന് ധാരാളം സുഹൃത്തുക്കളുണ്ടായിരുന്നു. ഏംഗൽസൊഴികെ മററാരും സഹായിയ്ക്കാനുണ്ടായില്ലല്ലോ എന്ന വിചാരം ജെന്നിക്ക് വേദനാകരമായി. നിസ്സാരമായ സഹായങ്ങൾകൊണ്ട് അവർ രക്ഷപ്പെടുമായിരുന്നു. പട്ടിണിപ്പാവങ്ങളുടെ പടനായകൻ യാതൊരു മടിയുംകൂടാതെ പലരെയും സഹായിച്ചിട്ടുണ്ട്–പല വിധത്തിലും. അദ്ദേഹത്തെ ആരും സഹായിച്ചില്ല. മാർക്സിന്റെ ഈ നിസ്സഹായാവസ്ഥയാണ് ജെന്നിക്ക് ദുഃഖമുണ്ടാക്കിയത്.

മാർക്സിന് നിരാശ തോന്നിയില്ല; ഭാവിയെക്കുറിച്ച് അദ്ദേഹത്തിനു പ്രതീക്ഷയുണ്ട്. ദുഃഖം നിറഞ്ഞ നാളുകളിൽപോലും ഉല്ലാസവാനായിരിക്കുവാൻ മാർക്സിന് സാധിച്ചിരുന്നതു അതുകൊണ്ടാണ്. വിശപ്പുകൊണ്ടോ മററോ കുട്ടികൾ ബഹളം കൂട്ടുമ്പോൾ ഭർത്താവിന്റെ മുഖത്തെ ഉല്ലാസഭാവം ജെന്നിക്ക് ആശ്വാസം പകർന്നിരുന്നു.

മാർക്സിനെ തെല്ലും വിഷമിപ്പിക്കാതിരിക്കാൻ ജെന്നി മനസ്സിരുത്തിയിരുന്നു. വേദനകൾ മനസ്സിൽ ഒതുക്കി മുഖത്ത് പുഞ്ചിരി വിടർത്തിക്കൊണ്ടവൾ അദ്ദേഹത്തോട്

പെരുമാറി. എതിരാളികൾ മാർക്സിനെ അടിച്ചുവീഴ്ത്താൻ ശ്രമിച്ചപ്പോഴൊക്കെ അവർ അദ്ദേഹത്തോടു ചേർന്നു നിന്ന് പടവെട്ടിയിട്ടുണ്ട്.

എംഗൽസിനെ ആശ്രയിച്ചുകൊണ്ട് എത്രകാലം കഴിയാം? സ്വന്തമായ എന്തെങ്കിലും വരുമാനം കണ്ടെത്തിയേ പററൂ. അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കെയാണ് ഒരു സ്നേഹിതന്റെ ശുപാർശപ്രകാരം ന്യൂയോക്ക് ട്രിബ്യൂൺ എന്ന അമേരിക്കൻപത്രത്തിന്റെ ലണ്ടൻലേഖകനായി നിയമനം ലഭിച്ചത്. അത് വലിയൊരു ആശ്വാസമായി.

സ്തുതിഗീതങ്ങളോടുകൂടിയാണ് പുതിയ ലേഖകനെ പത്രാധിപർ വായനക്കാർക്ക് പരിചയപ്പെടുത്തിയത്. അതിനുപിന്നിൽ തന്നോടുള്ള ആദരവല്ല കച്ചവടമനസ്ഥിതിയാണ് ഉണ്ടായിരുന്നതെന്നു ഏറെ താമസിയാതെ മാർക്സിനു മനസ്സിലായി. വൃത്തികെട്ട രീതിയിലാണ് അവർ മാർക്സിനോടു പെരുമാറിയത്. പ്രതിഫലം വെട്ടിക്കുറച്ചുകൊണ്ടാണ് ഉപദ്രവമാരംഭിച്ചത്. മാർക്സ് അതു സാരമാക്കിയില്ല. കാരണം, തന്റെ ആശയങ്ങൾ വെളിപ്പെടുത്താൻ ഒരു അവസരം ലഭിക്കുന്നുണ്ടല്ലോ എന്ന് അദ്ദേഹം വിചാരിച്ചു. തുച്ഛമായ പ്രതിഫലമാണ് ലഭിച്ചിരുന്നതെങ്കിലും അമൂല്യമായ നിരവധി ലേഖനങ്ങൾ അദ്ദേഹം ന്യൂയോർക്ക് ട്രിബ്യൂണിന് കൊടുത്തു. അവിടെയും കടുത്ത ചില ദുരനുഭവങ്ങളാണ് മാർക്സിനുണ്ടായത്. വിശിഷ്ടമായ പല പ്രബന്ധങ്ങളും പത്രാധിപർ ചവററുകുട്ടയിലെറിഞ്ഞു; പലതും വെട്ടിമുറിച്ചു വികലമാക്കി; മാർക്സിന്റെ ലേഖനങ്ങൾ പത്രാധിപക്കുറിപ്പുകളായി പ്രസിദ്ധീകരിക്കുകപോലും ചെയ്തു. അതിനു പ്രതിഫലം നല്കിയതുമില്ല. അതു കണ്ടപ്പോൾ മാർക്സിന് അസഹ്യമായ കോപംവന്നു. അടക്കിപ്പിടിച്ച

വേദനയോടുകൂടി അദ്ദേഹം പിന്നെയും എഴുതി. ആശയ പ്രചാരണമാണ് മുഖ്യമെന്നു അദ്ദേഹം ആശംസിച്ചു.

എത്ര കഷ്ടപ്പെട്ടാലും വിജ്ഞാനത്തിന്റെ പുതിയ മേഖലകൾ വെട്ടിപ്പിടിക്കാനുള്ള നിരന്തരമായ ശ്രമം മാർക്സ് നടത്തിക്കൊണ്ടിരുന്നു. സ്വന്തം വീട്ടിൽ നല്ലൊരു ലൈബ്രറിയുണ്ടായിരുന്നു. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിൽ അടുക്കും ചിട്ടയും ഉണ്ടായിരുന്നില്ലെന്നു കാണുന്നവർക്കു തോന്നും. പക്ഷെ ഓരോ പുസ്തകവും എവിടെയാണിരിക്കുന്നതെന്ന് അദ്ദേഹത്തിനു അറിയാം. വർത്തമാനം പറയുന്നതിനിടയിൽ എഴുന്നേററുചെന്ന് ബന്ധപ്പെട്ട പുസ്തകമെടുത്തു നോക്കുന്നതുകണ്ടാൽ മററുള്ളവർ അത്ഭുതപ്പെട്ടുപോകും. ക്രമക്കേട് കാഴ്ചയിലേ ഉള്ളു എന്നർത്ഥം. വലിപ്പമനുസരിച്ചല്ല, ഉള്ളടക്കമനുസരിച്ചാണ് പുസ്തകങ്ങൾ അടുക്കിവച്ചിരുന്നത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പുസ്തകങ്ങൾ വിനോദത്തിനുള്ളതല്ല; വിജ്ഞാനപോഷണത്തിനുള്ളതാണ്. "അവ എന്റെ ദാസന്മാരാണ്; എന്റെ ഇഷ്ടത്തിനു അനുസരിച്ച് വർത്തിക്കണം"—മാർക്സ് പറയാറുണ്ടായിരുന്നത്രേ. പുസ്തകങ്ങൾ ഉപയോഗിക്കുന്നതും പരുക്കൻമട്ടിലാണ്. ഏടുകൾ മടക്കും, അങ്ങുമിങ്ങും ചോദ്യചിഹ്നങ്ങളും ആശ്ചര്യചിഹ്നങ്ങളും കുറിക്കും. വരികൾക്കിടയിൽ വരയ്ക്കും. പക്ഷേ, പുസ്തകത്തിനുള്ളിൽ കുത്തിക്കുറിക്കുന്ന പതിവില്ലായിരുന്നു.

നിത്യേന നിരവധി മണിക്കൂറുകൾ അദ്ദേഹം വായനമുറിയിൽ കഴിക്കാറുണ്ട്. രാവിലെ 8 മണിക്കു എഴുന്നേല്ക്കും. നിത്യകർമ്മങ്ങൾക്കുശേഷം ഒരു കപ്പ് കട്ടൻകാപ്പിയുമായി പത്രങ്ങൾ വായിക്കാൻ തുടങ്ങും. പിന്നെ ലൈബ്രറിയിൽ കയറുകയായി. വായനയ്ക്കും എഴുത്തിനുമാ

യിട്ടുള്ള മുറിയെ "ഉല്പാദനശാല" എന്നാണദ്ദേഹം പറയാറ്. ഉച്ചഭക്ഷണത്തിനാണ് പിന്നെ പുറത്തിറങ്ങുക. ഭക്ഷണത്തിനുശേഷം മുറിയിലെ ചാരുകസേരയിൽ കുറച്ചുനേരം വിശ്രമിക്കും. അത്താഴത്തിന് ഇറങ്ങിവരും, പിന്നെയും ലൈബ്രറിയിൽ കയറും; ഇതായിരുന്നു മാർക്സിന്റെ ദിനചര്യ.

വായനയും പഠനവും—ഇതിലപ്പുറം അദ്ദേഹത്തിനൊന്നുംവേണ്ട. ഉറങ്ങാൻ മറക്കും; ഉണ്ണാൻ മറക്കും. പ്രശസ്ത നോവലിസ്റ്റായ വിക്ടർ ഹ്യൂഗോവും ഇതുപോലെയായിരുന്നുവത്രെ !

മാർക്സ് സാമ്പത്തിക ശാസ്ത്രവും തത്വശാസ്ത്രവും മാത്രമല്ല വായിച്ചിരുന്നത്. കുട്ടിക്കാലത്തുതന്നെ സാഹിത്യത്തിൽ താല്പര്യം ഉണ്ടായിരുന്നു. ഗ്രീക്കുനാടകകാരനായ എസ്കിലസ്സിന്റെ ഗ്രന്ഥങ്ങളും, ഇംഗ്ലീഷ് സാഹിത്യത്തിലെ അതികായനായ ഷേയ്ക്സ്പിയറുടെ നാടകങ്ങളും ഒഴിവുള്ളപ്പോഴൊക്കെ അദ്ദേഹം വായിക്കാറുണ്ട്. മാർക്സിന് ഇഷ്ടപ്പെട്ട കവിയാണ് ഗൊയ്ഥേ. ഫ്രഞ്ചു സാഹിത്യകാരന്മാരിൽ ബൽസാക്ക് സവിശേഷശ്രദ്ധയ്ക്കു വിഷയമായി. ബൽസാക്കിനെക്കുറിച്ച് ഒരു പഠനഗ്രന്ഥമെഴുതാൻ മാർക്സ് ഉദ്ദേശിച്ചിരുന്നു. പക്ഷേ സാധിച്ചില്ല. ഷേയ്ക്സ്പിയറുടെ 'വെനീസിലെ വ്യാപാരി' ഹുണ്ടികപ്പിരിവുകാരുടെ രക്തദാഹമാണദ്ദേഹം കണ്ടത്. ഇംഗ്ലീഷ് കവികളിൽ പ്രമുഖനായ ഷെല്ലിയെ മാർക്സിന് ഇഷ്ടമായിരുന്നു. ഷെല്ലി ഇരുപത്താറാംവയസ്സിൽ മരിച്ചു എന്നറിഞ്ഞപ്പോൾ മാർക്സിന് ദുഃഖം തോന്നി. നല്ലൊരു വിപ്ലവകാരിയായി വളരുന്നതിന്റെ സൂചന ഷെല്ലിയിൽ മാർക്സ് കണ്ടെത്തിയിരുന്നു. നോവലിസ്റ്റായ വാർട്ടർസ്കോട്ടിനെക്കുറിച്ചും നല്ല മതിപ്പായിരുന്നു.

നല്ല നോവൽവായനക്കാരനായിരുന്നു കാറൽമാർക്സ്. ഒരേസമയത്ത് രണ്ടോ മൂന്നോ നോവലുകൾ വായിക്കും. പ്രശസ്ത ശാസ്ത്രകാരനായ ഡാർവിനും ഈ സ്വഭാവമുണ്ടായിരുന്നുവത്രെ.

ധനശാസ്ത്രത്തിലെ പരുക്കൻ തത്വങ്ങൾ വിവരിക്കുന്നതിനിടയ്ക്ക് പ്രശസ്ത കവികളുടെ കവിതാശകലങ്ങൾ ഉദ്ധരിച്ച് പ്രതിപാദനം സരസമാക്കാൻ മാർക്സിനു സാധിച്ചിരുന്നത് അതിവിപുലവും അത്യഗാധവുമായ കാവ്യസംസ്കാരം നേടിയിരുന്നതുകൊണ്ടായിരുന്നു.

1875 അവസാനത്തിൽ മെയിൻലാൻറ്പാർക്കു തെരുവിലെ നാല്പത്തൊന്നാം നമ്പർ വീട്ടിലേയ്ക്ക് കാറൽ മാർക്സ് താമസംമാററി പിന്നെ മരണംവരെ അവിടെയാണദ്ദേഹം കഴിഞ്ഞുകൂടിയത്. ജെന്നിമാർക്സിന് കുടുംബസ്വത്തായിട്ടും, സ്കോട്ട്ലൻറിലെ ബന്ധുക്കളിൽനിന്നുള്ള ഓഹരിയായിട്ടും കുറച്ചു ധനം ലഭിച്ചു. അത്യാവശ്യമായ സൗകര്യങ്ങളൊക്കെയുള്ള ഈ വീട്ടിലേയ്ക്കു താമസം മാററുവാൻ കഴിഞ്ഞത് അതുകൊണ്ടാണ്. കെട്ടിടത്തിൻെറ ഒന്നാംനിലയിലാണ് മാർക്സിൻെറ പഠനമുറി. പാർക്കിനഭിമുഖമായ ജനലിലൂടെ വെളിച്ചം ധാരാളം കിട്ടും. എതിർവശത്തെ ഭിത്തിയിലുള്ള നെരിപ്പോടിന് ഇരുവശവും പുസ്തകത്തട്ടുകൾ, അതിനു മീതെ വർത്തമാനപ്പത്രങ്ങളും, ലേഖനങ്ങളുടെ കയ്യെഴുത്തുപ്രതികളും അടുക്കിവച്ചിരിക്കുന്നു; ഒരുഭാഗത്ത് മേശ. അതിന്മേൽ പത്രങ്ങളും പുസ്തകങ്ങളും ചിതറിക്കിടക്കുന്നു. വെളിച്ചം കിട്ടുന്ന സ്ഥലത്ത് ജനലിനടുത്താണ് എഴുത്തുമേശയും കസേരയും. മറെറാരു ഭാഗത്ത് ഒരു സോഫ – മാർക്സിന് വിശ്രമിക്കാനുള്ളത്. നെരിപ്പോടിൻെറ തിണ്ണയിൽ ചുരുട്ട്,

തീപ്പെട്ടി, പുകയിലപ്പെട്ടി, മററും മററും. അടുക്കളയും മററും ഭൂമിക്കടിയിലാണ്.

തന്നെ കാണാനെത്തുന്ന ചെറുപ്പക്കാരെ അദ്ദേഹം സസന്തോഷം സ്വീകരിച്ചിരുന്നു. അവരോട് എത്രനേരം വേണമെങ്കിലും സംസാരിച്ചുകൊണ്ടിരിക്കാൻ അദ്ദേഹത്തിന് മടിയില്ല. മാർക്സുമായി സംഭാഷണം നടത്തുന്നത് രസകരമായ അനുഭവമായിരുന്നു. നല്ല ഫലിതക്കാരനാണദ്ദേഹം. ധാരാളം തമാശകൾ പറയും. തർക്കിക്കുന്നവർക്ക് ചുട്ടമറുപടി കൊടുക്കും. മററുള്ളവരെ കളിയാക്കാനും മാർക്സ് മിടുക്കനായിരുന്നു. ഗൗരവമുള്ള കാര്യങ്ങൾ പറയുമ്പോൾ രോമനിബിഡമായ പുരികങ്ങൾക്കു താഴെ കണ്ണുകൾ തിളങ്ങും.

മാർക്സിന്റെ പ്രസംഗം അത്യന്തം ആകർഷകമായിരുന്നു. കൊച്ചുകൊച്ചു വാക്യങ്ങളാണദ്ദേഹം പറയുക. ആശയങ്ങൾ വിസ്തരിക്കുന്നതിനിടയിൽ ശ്രോതാക്കൾക്കു മനസ്സിലാകാത്ത പദങ്ങൾ ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കും. പ്രഭാഷണം അവസാനിപ്പിച്ചാൽ കേൾവിക്കാരോട് ചോദ്യങ്ങൾ ചോദിക്കാനാവശ്യപ്പെടും. ഇങ്ങോട്ടു ചോദിച്ചില്ലെങ്കിൽ അങ്ങോട്ടു ചോദിക്കും. പഠിക്കാൻ സഹായിക്കുക, പഠിച്ചുവോ എന്ന് പരിശോധിക്കുക അതായിരുന്നു മാർക്സിന്റെ രീതി. കർക്കശനായ ഒരധ്യാപകനെപ്പോലെയാണ് മാർക്സ് പെരുമാറിയിരുന്നത്. ഭാഷാശുദ്ധിയിൽ വലിയ നിഷ്കർഷയായിരുന്നു മാർക്സിന്.

1855-ലെ ദുഃഖവെള്ളിയാഴ്ച മാർക്സ്കുടുംബത്തിന് ദുഃഖവെള്ളിയാഴ്ച തന്നെയായി. അവരുടെ ഏക പുത്രൻ എഡ്ഗാർ മരിച്ചു. ദാരിദ്ര്യത്തിലും സന്തോഷം പകർന്നിരുന്ന പൊന്നോമന! ബുദ്ധിശാലിയായ ആ കൊച്ചു

മിടുക്കൻ മാർക്‌സിന്റെ എല്ലാമായിരുന്നു. വീട്‌ ശൂന്യമായതുപോലെ അദ്ദേഹത്തിനു തോന്നി. ജെന്നിമാർക്‌സ്‌ ദുഃഖഭാരംമൂലം അവശയായി. മാർക്‌സ്‌ ഏംഗൽസിനെഴുതി: "ഞാൻ ആകെതകർന്നിരിക്കുന്നു. ഈ വീടിന്റെ ജീവൻ അവനായിരുന്നു. മഹാന്മാർക്ക്‌ ദുഃഖാനുഭവങ്ങളെ അവഗണിക്കാൻ കഴിയും. ഞാൻ മഹാനല്ലല്ലോ. എന്റെ സുഹൃത്തേ, താങ്കളുടെ സ്‌നേഹമാണ്‌ എന്നെ ജീവിപ്പിക്കുന്നത്‌. ലോകത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന ആശയും."

മാർക്‌സിന്റെ കവിസുഹൃത്ത്‌ ഫ്രെലിഗ്രാത്ത്‌ എഴുതി: "നിങ്ങൾ ദുഃഖം അടക്കുക, ദുഃഖം നിങ്ങളെ കീഴടക്കരുത്‌, അത്‌ ഓമനമകനോട്‌ ചെയ്യുന്ന അനീതിയാകും."

# 12. കുട്ടികളുടെ 'മൂർ'

കാറൽമാർക്സിനു കുട്ടികളോട് വലിയ വാത്സല്യമായിരുന്നു. സ്വന്തം കുട്ടികളോടു മാത്രമായിരുന്നില്ല ആ സ്നേഹം. വഴിയിലൂടെ നടന്നുപോകുമ്പോൾ കീറിപ്പറിഞ്ഞ ഉടുപ്പുകളുമായി കളിക്കുന്ന കുട്ടികളെ കണ്ടാൽ അവിടെ നില്ക്കും. കുട്ടികളെ തൊട്ടു തലോടും. അവരുടെ കൈകളിൽ നാണ്യങ്ങൾ വച്ചുകൊടുക്കും.

പിച്ചക്കാരെ വെറുപ്പാണ് അദ്ദേഹത്തിന്. എന്നാൽ കരയുന്ന കുട്ടിയെയും എടുത്ത് ഒരു പിച്ചക്കാരൻ ചെന്നാൽ എന്തെങ്കിലും കൊടുക്കും.

വീട്ടിനുള്ളിലോ? കുട്ടികൾക്കിടയിൽ അദ്ദേഹം ഒരു കുട്ടിയായി മാറും. എത്ര തിരക്കുപിടിച്ച സമയമായാലും കുട്ടികളെ കണ്ടാൽ അദ്ദേഹം എല്ലാം മറക്കും. ഗവേഷണ പഠനങ്ങളുടെ ഇടയിൽ നിത്യേന കുറെനേരം അദ്ദേഹം കുട്ടികളോടൊത്ത് കളിക്കും. മാർക്സ് എഴുതുമ്പോൾ കുട്ടികൾ കൂക്കിവിളിക്കും; ബഹളം കൂട്ടും. അപ്പോൾ കോപം ഭാവിച്ച് അവരെയൊന്നു നോക്കും. പിന്നെയും ബഹളം കൂട്ടുകയാണെങ്കിൽ പുഞ്ചിരിച്ചുകൊണ്ട് അവരുടെ പുറത്ത് തലോടും.

ദാരിദ്ര്യത്തിന്റെ കറുത്തിരുണ്ട നാളുകളിൽ ആഹ്ലാദത്തിന്റെ പൂത്തിരി കത്തിക്കുക കുട്ടിക്കളികളാണ്. ഞായറാഴ്ചദിവസം കുട്ടികൾ അച്ഛനെ ഒരു പ്രവൃത്തിയും ചെയ്യാൻ അനുവദിക്കില്ല. അപ്പോൾ അദ്ദേഹം കുട്ടികളുടെ ഒരു കളിക്കൂട്ടുകാരനായി മാറും.

കുട്ടിക്കളികളിൽ അദ്ദേഹം പങ്കുചേരും. കടൽ യുദ്ധമാണ് കുട്ടികൾക്ക് ഏററവും ഇഷ്ടപ്പെട്ട വിനോദം. ഒരു പാത്രത്തിൽ വെള്ളം നിറയ്ക്കും. കടലാസുകൊണ്ടൊരു കപ്പലുണ്ടാക്കി അതിൽ ഓടിക്കും. എന്നിട്ട് കപ്പലിന് തീകൊടുക്കുകതന്നെ. കുട്ടികളെപ്പോലെ അദ്ദേഹവും കൈകൊട്ടിച്ചിരിക്കും.

അച്ഛനെ "മൂർ" (കറുത്ത ആഫ്രിക്കക്കാരൻ) എന്നാണു കുട്ടികൾ വിളിക്കുക. അതൊരു പരിഹാസപ്പേരാണ്. കുട്ടികളെയുംകൂട്ടി അദ്ദേഹം നടക്കാൻ പോകും. നടക്കുമ്പോൾ ക്ഷീണമറിയാതിരിക്കാനായി നീണ്ട കഥകൾ കെട്ടിച്ചമച്ച് പറയുക പതിവാണ്. മാർക്സിനോട് പെൺകുട്ടികൾ ആൺകുട്ടികളെപ്പോലെതന്നെ സങ്കോചമില്ലാതെ പെരുമാറും.

ലണ്ടൻനഗരത്തിനടുത്ത് ഹാംപ്സ്റ്റെഡ്ഹീത്ത്. എന്നൊരു കുന്നിൻപ്രദേശമുണ്ട്. മുൾച്ചെടികളും മരക്കൂട്ടങ്ങളും നിറഞ്ഞ കുന്നാണ് അത്. ആ കുന്നിൻപുറത്തേയ്ക്ക് ഉല്ലാസയാത്ര നടത്തുക മാർക്സ്കുടുംബത്തിന്റെ പതിവായിരുന്നു. ഞായറാഴ്ചയാണ് യാത്ര. കുട്ടികൾ ദിവസങ്ങൾക്കുമുമ്പുതന്നെ അതിനെപ്പററി പറയാൻ തുടങ്ങും. മുതിർന്നവർക്കും ആഹ്ലാദകരമാണദിവസം. പതിനൊന്നുമണിക്കാണ് എല്ലാം ഒരുക്കി യാത്രയാരംഭിക്കുക. വീട്ടിലെ പണിക്കാരി ഒരു കുട്ടനുക്കിയാണ് നടക്കുക. ഉച്ചഭക്ഷണമാണതിൽ. പെൺകുട്ടികൾ കഥപറഞ്ഞുകൊണ്ടും കാട്ടുപൂക്കൾ പറിച്ചുകൊണ്ടും മുമ്പിൽ നടക്കും. പിന്നിലായി മാർക്സും പത്നിയും. അന്ന് വീട്ടിൽ വിരുന്നുകാരായി വല്ലവരും വന്നിട്ടുണ്ടെങ്കിൽ അവരും കൂടെയുണ്ടാകും.

ഹീത്തിലെത്തിയാൽ വിശ്രമിക്കാൻ പററിയ സ്ഥലം കണ്ടുപിടിക്കലാണ് ആദ്യത്തെ ജോലി. തീററിയും കുടിയും

കഴിഞ്ഞാൽ മുതിർന്നവർ അല്പം വിശ്രമിക്കും. കുട്ടികൾ കളിത്തോഴന്മാരെ കണ്ടുപിടിച്ച് കുറ്റിക്കാടുകളിൽ ഒളിച്ചു കളിക്കും. [illegible], ഗുസ്തിപിടിക്കുക, കല്ലെറിഞ്ഞുകളിക്കുക എന്നിങ്ങനെ വല്ലതും. ഒരുദിവസം കുറച്ചപ്പുറത്തൊരു ഞാവൽമരം നില്ക്കുന്നതു കണ്ടു. അധികം പഴം എറിഞ്ഞുവീഴ്ത്താനാർക്കാണ് കഴിയുക? അന്നത്തെ വിനോദമതായി. മാർക്സിന്നു ഭ്രാന്തുപിടിച്ചതു പോലെയായി. വിജയസൂചകമായ ആർപ്പുവിളികൾക്കിടയിൽ ഒടുക്കത്തെ പഴവും അദ്ദേഹം എറിഞ്ഞുവീഴ്ത്തി. പക്ഷേ, ഏഴുദിവസത്തോളം വലതുകൈ അനക്കാൻ കഴിയാതെ അദ്ദേഹം വിഷമിച്ചു.

നടക്കയാത്രകളും രസകരങ്ങളായിരുന്നു. ഓടിത്തളർന്ന കുട്ടികൾ പിറകിലായിരിക്കും. വേലക്കാരി അവരെ നോക്കിക്കൊള്ളും. നടക്കുമ്പോൾ സാഹിത്യത്തെയും കലയെയും പററിയാണ് മിക്കപ്പോഴും മാർക്സ് സംസാരിക്കുക പതിവ്. ദാന്തെയുടെയും ഷെയ്ക്സ്പിയറുടെയും കാവ്യശകലങ്ങൾ മാർക്സ് ചൊല്ലിക്കേൾപ്പിക്കും.

മാർക്സിന്റെ കുടുംബസുഹൃത്തായിരുന്നു ഏംഗൽസ്. അദ്ദേഹം ഇടക്കിടെ മാർക്സിന്റെ വീട്ടിൽ വരാറുണ്ട്. കുട്ടികളദ്ദേഹത്തെ ജനറൽ എന്നാണ് വിളിച്ചിരുന്നത്. ജനറലമ്മാമന്റെ ആഗമനം കുട്ടികൾക്കൊരു ഉത്സവമായിരുന്നു.

ഏംഗൽസിന്റെ സാന്നിധ്യം മാർക്സിന് എന്തെന്നില്ലാത്ത ആഹ്ളാദം നല്കിയിരുന്നു. അവർ പല പ്രശ്നങ്ങളെക്കുറിച്ചും സംസാരിക്കും. ഇടയ്ക്ക് ചായകുടിക്കും, ചുരുട്ടുവലിക്കും, നേരംപോകുന്നതറിയില്ല. ചിലപ്പോൾ രാത്രി മുഴുവൻ സംസാരിച്ചുകൊണ്ടിരിക്കും.

1865-ലാണ് ജെന്നിയുടെ മാതാവ് അന്തരിച്ചത്. മരണസമയത്ത് ജെന്നിക്ക് ചെന്നുചേരാൻ സാധിച്ചില്ല. പോകുമ്പോൾ കുട്ടികളെയും കൊണ്ടുപോയിരുന്നു. എന്നാൽ അവരവിടെ എത്തിയപ്പോഴേയ്ക്ക് എല്ലാം അവസാനിച്ചു.

വിവിധരാജ്യങ്ങളിലെ തൊഴിലാളിസംഘടനകളെ ഏകോപിപ്പിക്കുക, സോഷ്യലിസ്റ്റ് ചിന്താധാരകളെ സമന്വയിപ്പിക്കുക, അബദ്ധസിദ്ധാന്തങ്ങളെ എതിർക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി കമ്യൂണിസ്റ്റുകാരുടെ ഒരു സാർവ്വദേശീയസംഘടന രൂപംകൊണ്ടിരുന്നു. അതിന്റെ ചുമതല കാറൽമാർക്സിന് ഏറ്റെടുക്കേണ്ടിവന്നു. മാർക്സ് വീണ്ടും പൊതുപ്രവർത്തനമാരംഭിക്കുകയാണ്.

“കമ്യൂണിസ്റ്റ് ഇൻറർനാഷനൽ” എന്ന് ആയിരുന്നു ആ സംഘടനയുടെ പേർ. അതിന്റെ ഒരു സമ്മേളനം 1865-ൽ ലണ്ടനിൽവച്ച് ചേർന്നപ്പോഴാണ് മാർക്സിന്റെ നേതൃത്വം കേന്ദ്രകമ്മിററി അംഗീകരിച്ചത്. തുടർന്ന് ഇൻറർനാഷനലിന്റെ സംഘടനാപരമായ പ്രവർത്തനങ്ങളിലദ്ദേഹം മുഴുകി. പിന്നത്തെ സമ്മേളനം ജനീവയിലാണ് ചേർന്നത്. അപ്പോഴേക്ക് ബൂർഷ്വാസ്വാധീനം ബ്രിട്ടീഷ് കമ്യൂണിസ്റ്റ്പാർട്ടിയിൽ വളർന്നുകഴിഞ്ഞിരുന്നു. മൂലധനത്തിന്റെ രചനയിൽ ഏർപ്പെട്ടിരുന്ന മാർക്സ് ആ സമ്മേളനത്തിൽ പങ്കെടുക്കുന്നില്ലെന്ന് നിശ്ചയിച്ചു. അഭിപ്രായഭിന്നതകൾ ഉരുണ്ടുകൂടിയിരുന്നുവെങ്കിലും സമ്മേളനം വിജയകരമായിത്തന്നെ നടന്നു. 1872-ൽ ഹേഗിൽ വച്ച് ഇൻറർനാഷനൽ സമ്മേളിച്ചു. തികച്ചും സാർവ്വദേശീയ സ്വഭാവമുള്ള ആദ്യത്തെ യോഗം അതായിരുന്നു. അതുകൊണ്ടുതന്നെ അഭിപ്രായവ്യത്യാസങ്ങൾ വളരെയേറെ ഉണ്ടാകുകയും ചെയ്തു. വ്യക്തമായ ചേരിതിരിവുതന്നെ സംഭവിച്ചു. എതിരഭിപ്രായക്കാരെ തള്ളിമാററിക്കൊണ്ട്

മാർക്സും എംഗൽസും സാർവ്വദേശീയകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേയ്ക്കുയർന്നു. ഇന്റർനാഷനലിൽനിന്ന് പുറത്താക്കപ്പെട്ടവർ അപവാദപ്രചരണങ്ങളുമായി ചുററിനടന്നു. ഇന്റർനാഷനലിന്റെ ആസ്ഥാനം ന്യൂയോർക്കിലേയ്ക്കു മാററാനും ഹേഗ് സമ്മേളനം തീരുമാനിക്കുകയുണ്ടായി.

ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടി മാർക്സിനെതിരായി തിരിഞ്ഞു. അതിന്റെ നേതാക്കന്മാരെ അവഹേളിച്ചുവെന്നാരോപിച്ചുകൊണ്ട് ദേശീയകൌൺസിൽ മാർക്സിനെ താക്കീതു ചെയ്യുന്ന പ്രമേയം പാസ്സാക്കി. അവർ ഇന്റർനാഷനലുമായുള്ള ബന്ധം വിച്ഛേദിക്കുകയും ചെയ്തു.

ഇന്റർനാഷനൽ ഫലത്തിൽ നിർജ്ജീവമായി. അതിനെ പുനരുജ്ജീവിപ്പിക്കുവാൻ വേണ്ടി മാർക്സും എംഗൽസും കഠിനാധ്വാനം ചെയ്തു. പക്ഷെ, അതൊക്കെ വെറുതെയായി. 1876 – ൽ അമേരിക്കയിലെ ഫിലാഡെൽഫിയയിൽ ചേർന്ന സമ്മേളനം ഇന്റർനാഷനലിന്റെ പ്രവർത്തനം നിർത്തിവയ്ക്കുവാൻ തീരുമാനിച്ചു. മാർക്സും എംഗൽസും ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നില്ല. ഫലത്തിൽ ഒന്നാം ഇന്റർനാഷനൽ പിരിച്ചുവിടപ്പെട്ടു.

ഇതിനിടയിൽ മാർക്സിന്റെ മൂന്നു പുത്രിമാരും വിവാഹിതരായി. മൂത്തമകൾ ജെന്നിയെ ഷാർല് ലോംഗെയാണ് വിവാഹം കഴിച്ചത്. ഫ്രാൻസാണ് അദ്ദേഹത്തിന്റെ ജന്മദേശം. പാരീസ് കമ്യൂണിന്റെ സാരഥികന്മാരിലൊരാളായിരുന്നു അദ്ദേഹം. കമ്യൂണിന്റെ പതനത്തിനുശേഷം ലണ്ടനിൽ അഭയം പ്രാപിച്ചതാണ്. പ്രാപ്തനും യോഗ്യനും ആയ ആ കമ്യൂണിസ്റ്റുകാരൻ മാർക്സ് കുടുംബവുമായി അടുത്തു. ഇരുണ്ടനിറവും കരിമിഴികളുമുള്ള സുന്ദരിയായ

ജെന്നിയും ലൊങ്കെയും അനുരക്തരായി. മകളുടെ പ്രേമം മാർക്സ് അംഗീകരിക്കുകയാണുണ്ടായത്.

രണ്ടാമത്തെ മകൾ ലോറയെ പോൾലഫാർഗുവാണ് വിവാഹം ചെയ്തത്. ക്യൂബയിലെ സാൻറിയാഗോവിലാണദ്ദേഹം ജനിച്ചത്. കുട്ടിക്കാലത്ത് അച്ഛനമ്മമാരോടൊപ്പം പാരീസിലെത്തിച്ചേർന്നു. വൈദ്യവിദ്യാർത്ഥിയായിരിക്കെ ഒരു വിദ്യാർത്ഥിസമ്മേളനത്തിൽ പങ്കെടുത്തുവെന്ന കുററത്തിന് സർവ്വകലാശാലയിൽനിന്ന് പുറത്താക്കപ്പെട്ടു. ഇൻറർനാഷനലുമായി ബന്ധപ്പെട്ടിട്ടാണ് ലണ്ടനിലെത്തിയത്. കാറൽമാർക്സുമായി പരിചയപ്പെടാൻ സാധിച്ചത് യാദൃച്ഛികമായിട്ടാണ്. മാർക്സിൻെറ ചിന്താഗതികളോട് പരിപൂർണ്ണമായി യോജിക്കാൻ ആദ്യകാലത്ത് പോൾലഫാർഗുവിന് സാധിച്ചിരുന്നില്ല. ആ ചെറുപ്പക്കാരൻെറ തെററിദ്ധാരണകൾ മാററുവാൻ മാർക്സിന്നു നന്നേ പാടുപെടേണ്ടിവന്നു. പലപ്പോഴും ചൂടുപിടിച്ച വാഗ്വാദങ്ങൾ നടന്നിട്ടുണ്ട്. തൻെറ ജാമാതാവ് നല്ലൊരു സമരസഖാവായി വളർന്നതിൽ മാർക്സിന്നു സന്തോഷം തോന്നി. യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിലാളിപ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ പോൾലഫാർഗു പല സ്ഥലത്തും രഹസ്യമായി സഞ്ചരിക്കാറുണ്ടായിരുന്നു. നല്ലൊരെഴുത്തുകാരനുമായിരുന്നു അദ്ദേഹം. കാവ്യാത്മകമായിരുന്ന ഒരു ശൈലി സ്വായത്തമായിരുന്നു. മൂലധനത്തിൻെറ "പോററുമനോവ്" പോൾലഫാർഗുവിൻെറ പ്രസിദ്ധ കൃതിയാണ്.

മൂന്നാമത്തെ പുത്രി എലെയാനോർ പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരനും സോഷ്യലിസ്ററുകാരനുമായ എഡ്വേർഡ് ആവ്ലിംഗ്നെ വിവാഹംചെയ്തു. പ്രസരിപ്പുള്ള ഒരു പെൺകിടാവായിരുന്നു എലെയാനോർ. "ഇവൾ ആൺകുട്ടി

യാദവനമ്മതായിരുന്നു; അമ്മയ്ക്കെന്താ അബദ്ധം പററിയ താണ്." മാർക്സ് ഫലിതം പറയാറുണ്ട്. അച്ഛൻെറ പ്രൈവററ്സിക്രട്ടറിയായിരുന്നു എലെയാനോർ; നല്ല സഖാവും. മററു സഹോദരിമാരെക്കാൾ അച്ഛനോട് അടുത്തു. തൊഴിലാളികളുടെ ഇടയിൽ ഇറങ്ങി പ്രവർത്തിക്കാനും അവൾ സന്നദ്ധയായി. സംഘടനാപ്രവർത്തകനായ ഒരു തൊഴിലാളിസഖാവിനെ അവൾ എഴുതാനും വായിക്കാനും പഠിപ്പിച്ചു.

എഡ്വേർഡ് ആവ്ലിംഗ് ആണ് മൂലധനം ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയത്. ഈ ദമ്പതികൾ ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിൻെറ സജീവ പ്രവർത്തകരായി ഉയർന്നു.

ആവ്ലിംഗിനെപ്പററി നിരവധി അപവാദങ്ങൾ പാർട്ടിക്കകത്തും പുറത്തും പ്രചരിച്ചിരുന്നു. പണം ധൂർത്തടിക്കും; ചീത്തപ്രവൃത്തികളിലൊക്കെ ചെന്നുചാടും. ആ ബന്ധം മാർക്സിൻെറ കുടുംബത്തിനൊരു കളങ്കമായി ത്തീർന്നു.

തൻെറ പ്രിയപ്പെട്ട മകളായ എലെയാനോറിൻെറ കണ്ണുനീർ മാർക്സിനെ അസ്വസ്ഥനാക്കി. കുട്ടികളെപ്പോലെ നിഷ്കളങ്കനാണദ്ദേഹം. കളങ്കാദൃശങ്ങളദ്ദേഹത്തിന് വശമല്ല. നടിക്കുന്നവരെ വെറുപ്പുമാണ്. മനസ്സിലുള്ളത് കലവറകൂടാതെ തുറന്നു പറയും. എഡ്വേർഡ് ആവ്ലിംഗന് മാർക്സിനെ ഭയമായിരുന്നു. ദുഃഖവും അപമാനവും കടിച്ചമർത്തിക്കൊണ്ടാണ് എലെയാനോർ പിൽക്കാലജീവിതം തള്ളിനീക്കിയത്.

# 13. ലാൽസലാം, ലാൽസലാം

കാറൽമാർക്ക്സിന്റെ ആരോഗ്യം ദിനംപ്രതി തകർന്നുകൊണ്ടിരുന്നു. അദമ്യമായ ഇച്ഛാശക്തിയാണ് മൂലധനത്തിന്റെ നിർമ്മിതി പൂർത്തിയാക്കാനുള്ള കരുത്ത് അദ്ദേഹത്തിനു നല്കിയത്. പട്ടിണിയും രോഗവും കടന്നാക്രമിച്ചപ്പോഴും കീഴടങ്ങാത്ത മാർക്ക്സ് മുന്നോട്ടുനീങ്ങി. നിരന്തരമായ വായനയും ഗൗരവമേറിയ ചിന്തയും നിത്യകർമ്മങ്ങളായി. വിശ്രമമെടുക്കണമെന്ന് ഡോക്ടർമാർ നിർബന്ധിച്ചാൽ പലപ്പോഴും അനുസരിക്കാൻ സാധിക്കാറില്ല. 'ജീവിതമെന്നാൽ പ്രവർത്തനം; പ്രവർത്തനമെന്നാൽ സമരം— ഇതായിരുന്നു മാർക്ക്സിന്റെ വിശ്വാസപ്രമാണം. പിന്നെ അദ്ദേഹം വിശ്രമിക്കുന്നതെങ്ങനെ? സാധിച്ചാലോ, കുറച്ചുദിവസം വിശ്രമിക്കും. പിന്നെയും കഠിനമായി അധ്വാനിക്കും. അർദ്ധരാത്രിവരെ ഉറക്കമൊഴിക്കുന്നത് പുതുമയുള്ള കാര്യമല്ലാതായി.

അതിനിടയ്ക്ക് വിടാത്ത തലവേദന അദ്ദേഹത്തെ പിടികൂടി. എഴുതാൻവയ്യ, വായിക്കാൻവയ്യ. എംഗൽസിന്റെ സുഹൃത്തായ ഒരു ഡോക്ടറാണ് അന്ന് മാർക്ക്സിനെ ചികിത്സിച്ചത്. തത്കാലം തലവേദന മാറി. പക്ഷേ, ആരോഗ്യം തകർന്നതിന്റെ സൂചനയായിരുന്നു അത്.

അല്പമൊരാശ്വാസം ലഭിക്കാനായി എങ്ങോട്ടെങ്കിലും യാത്രചെയ്യുന്നത് നല്ലതാണെന്ന് ഡോക്ടർ നിർദ്ദേശിച്ചു. വിശ്രമം തന്നെയാണ് വേണ്ടത്. കാറൽബാദ് എന്ന സ്ഥലത്തേക്കദ്ദേഹം യാത്രയായി.

സ്വതേ നല്ല ആരോഗ്യമുള്ള ഉറച്ച ശരീരമാണ് അദ്ദേഹത്തിന്റേത്. ഒട്ടും ക്ഷീണിക്കാതെ എത്രനേരം വേണമെങ്കിലും അദ്ദേഹത്തിന് നടക്കുവാൻ കഴിയും. കുന്നുകൾ നിഷ്പ്രയാസം ഓടിക്കേറും. നടത്തമാണ് അദ്ദേഹത്തിന്റെ ഏകവ്യായാമം. വിശ്രമമില്ലാത്ത അദ്ധ്വാനംമൂലം അതൊക്കെ നഷ്ടപ്പെട്ടുപോയി.

മാർക്സിന് അറുപതു വയസ്സായി. അതേവരെ ചിന്തയും വായനയും അദ്ദേഹത്തിന് വായുവും ഭക്ഷണവും പോലെ അത്യാവശ്യമായിരുന്നു. അതില്ലാതായാൽ ജീവച്ഛവമായി എന്നാണ് അദ്ദേഹം പറയാറുള്ളത്. ഇനി അല്പം വിശ്രമിച്ചേ പററൂ. ഡോക്ടർമാർ നിർബ്ബന്ധിച്ചു; കത്തുകളൊഴികെ മററൊന്നും എഴുതുന്നില്ലെന്ന് മാർക്സ് സമ്മതിച്ചു.

കമ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ തകർച്ചയോടെ മാർക്സിന്റെ തളർച്ചയും ആരംഭിച്ചുവെന്ന് ചിലർ പറയാറുണ്ട്; അത് ശരിയാവാം.

വിശ്രമത്തിനായി കാറൽമാർക്സ് വീണ്ടും കാറൽബാഡിലേയ്ക്കു പോയി.

1878—ജെന്നിമാർക്സ് രോഗശയ്യയിലായി; രോഗം അർബ്ബുദം. അതിന് മരുന്നില്ല. ദുസ്സഹമായ വേദന സഹിച്ചുകൊണ്ട് അവർ മരണത്തിലേയ്ക്ക് അടിവെച്ചടിവെച്ചു നീങ്ങുകയാണ്. അതറിഞ്ഞപ്പോൾ മാർക്സ് വ്യാകുലപ്പെട്ടു. മാർക്സ് അടുത്തുചെല്ലുമ്പോൾ അവർ ഉന്മേഷവും സന്തോഷവും നടിക്കും. വിളറിയ മുഖത്ത് പുഞ്ചിരി പരക്കും; കണ്ണുകൾ തിളങ്ങും.

ഉല്ലാസത്തിനുവേണ്ടി ഒരു യാത്ര ഡോക്ടർ നിർദ്ദേശിച്ചു. പാരീസിൽ പോയി മൂത്തമകൾ ജെന്നിയുടെ വീട്ടിൽ

വിശ്രമിക്കാമെന്ന് മിസ്സിസ് മാർക്സ് അഭിപ്രായപ്പെട്ടു. തന്റെ വിവാഹജീവിതത്തിന്റെ ആദ്യനാളുകൾ കണ്ടനാട്, ജെന്നി പിറന്ന നാട്, പാരീസ്കമ്യൂണിന്റെ നഗരം! 1881 ജൂണിൽ അവർ പാരീസിലെത്തി. മാർക്സിന്റെ ആരോഗ്യം മെച്ചപ്പെട്ടില്ല. എന്നാലും കുറെ ദിവസം ലോകൈഭവനത്തിൽ അവർ സസന്തോഷം താമസിച്ചു. പഴയ പല സുഹൃത്തുക്കളും മാർക്സിനെ വന്നുകണ്ടു.

മാർക്സ്കുടുംബം ലണ്ടനിൽ തിരിച്ചെത്തി. മാർക്സിന് ശ്വാസകോശസംബന്ധമായ ഒരു രോഗം പണ്ടേ ഉണ്ടായിരുന്നു. യാത്രയ്ക്കിടയിൽ അത് അധികമായി.

ജെന്നിമാർക്സ് ഒരു മുറിയിൽ; മാർക്സ് മറെറാരു മുറിയിൽ. ഒരു ആയുഷ്കാലം മുഴുവൻ ഇണപിരിയാതെ ജീവിച്ച അവർക്ക് ഇനി ഒരമുറിയിൽ കിടക്കാൻ പാടില്ല.

മാർക്സിന്റെ അസുഖം ഭേദമായി. 1881 ഡിസംബർ 2. മാർക്സ് ജെന്നിയുടെ മുറിയിലെത്തി. അപ്പോൾ ആ ദമ്പതികളെ കണ്ടാൽ അവർക്ക് യുവത്വം തിരിച്ചുകിട്ടിയതുപോലെ തോന്നും. നവവരനെപ്പോലെ കാറൽമാർക്സ് ജെന്നിയെ നോക്കി; നവവധുവിനെപ്പോലെയായി ജെന്നി അവർ പുതിയ ജീവിതം ആരംഭിക്കുന്ന യുവതീയുവാക്കളെപ്പോലെയായി. അനാരോഗ്യംമൂലം തകർന്ന വൃദ്ധനല്ല; നിത്യരോഗിണിയായ വൃദ്ധയല്ല.

അവർ പരസ്പരം എന്തൊന്നൊക്കയുമായി യാത്ര പറയുകയായിരുന്നു. മാർക്സിന്റെ ഇരുകരങ്ങളും ചേർത്തുപിടിച്ചുകൊണ്ട് ജെന്നി തളർന്ന സ്വരത്തിൽ മൊഴിഞ്ഞു:

"കാറൽ, എന്റെ കരുത്ത് തകർന്നു."

അതോടെ കാറൽമാർക്സ് ദുർബ്ബലനായി.

ജെന്നി മരിച്ചു.

ശവസംസ്ക്കാരച്ചടങ്ങിൽ മാർക്സ് സന്നിഹിതനായില്ല. അതിനുള്ള മനഃശക്തി മാർക്സിനില്ലായിരുന്നു. ഏംഗൽസ് ആ ചടങ്ങുകളുടെ നേതൃത്വം ഏറെറടുത്തു. അന്തിമോപചാരം നടക്കവെ, ഇടറിയ ശബ്ദത്തിൽ ഏംഗൽസ് പറഞ്ഞു: "ഇതാ ധീരനായ സഖാവിന്റെ ധീരയായ സഹധർമ്മിണി. നമ്മുടെ പ്രസ്ഥാനത്തിന്റെ അമ്മയായിരുന്നു അവർ."

മാർക്സ്ദമ്പതികൾ ഒരേ ആത്മാവും ഒരേ ശരീരവുമായിട്ടാണ് ജീവിച്ചത്. അവർ ഒന്നായിരുന്നു. അത്ഭുതകരമായ ഐക്യം. അതുകൊണ്ടാണ് മാർക്സ്കുടുംബത്തിന്റെ പ്രിയപ്പെട്ട ജനറൽ (ഏംഗൽസ്) പറഞ്ഞത്, "മൂറും മരിച്ചുകഴിഞ്ഞു" എന്ന്.

അത് സത്യമായിരുന്നു.

എന്നിട്ടും ജീവിതം നിലനിർത്തുവാനായി മാർക്സു അങ്ങേഅററം സമരംചെയ്തു. മാർക്സ് മരണംവരെ ഒരു പോരാളിയായിരുന്നു. പക്ഷേ, തകർച്ചയിൽ നിന്ന് രക്ഷപ്പെടുവാൻ സാധിച്ചില്ല. ജെന്നിയുടെ മരണം അതായിരുന്നു. ഏററവും കനത്ത ആഘാതം. പുറമേ, ശ്വാസകോശത്തിൽ പിടിപെട്ട മാറാരോഗവും.

ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഒരു യാത്രകൂടി നടത്തിനോക്കി. മൂത്തമകളായ ജെന്നിയുടെ കൂടെ പാരിസിൽ കുറച്ചുദിവസം താമസിച്ചു. ഗന്ധകം കലർന്ന ജലം ആരോഗ്യം വർദ്ധിപ്പിക്കുവാൻ ഉപകരിച്ചു. സ്നേഹം നിറഞ്ഞ കുടുംബാന്തരീക്ഷവും അതിന് സഹായകമായി.

കാറൽമാർക്സ് ലണ്ടനിൽ തിരിച്ചെത്തി; ആരോഗ്യം കുറെക്കൂടി നന്നായതായി തോന്നി. സായാഹ്നസവാരിയും വായനയും പുനരാരംഭിച്ചു.

ജെന്നിയുടെ മരണത്തിനുശേഷം ഹെലനാണ് ഗൃഹഭരണം നടത്തിയിരുന്നത്. മാർക്സ് കുടുംബത്തിന്റെ വിശ്വസ്ത പരിചാരികയാണ് ഹെലൻ ഡെമൂത്ത്. പണ്ട് വെസ്റ്റ്ഫാലൻ കുടുംബത്തിലെ പരിചാരികയായിരുന്നു അവൾ. മാർക്സ് ജെന്നിയെ വിവാഹം ചെയ്തപ്പോൾ അവരുടെകൂടെ പോന്നതാണ്. കൃത്യനിഷ്ഠയും മിതവ്യയശീലവും ഹെലന്റെ സവിശേഷതകളായിരുന്നു. വീട്ടുജോലികളിൽ സമർത്ഥയാണ്. വേലക്കാരിയും, പാചകക്കാരിയും വീട്ടുസൂക്ഷിപ്പുകാരിയും ഒക്കെ ഹെലനായിരുന്നു. ജെന്നിക്ക് അവൾ വിശ്വസ്തസ്നേഹിതയായി. കുട്ടികൾക്ക് രണ്ടാമത്തെ അമ്മയായി. വീട്ടിലെ സർവ്വാധിപതിയാണ് ലഞ്ചെൻ. (കുട്ടികളും മുതിർന്നവരും ഹെലനെ ആ ഓമനപ്പേരിലാണ് വിളിക്കുക) മാർക്സിന്റെ കൂടെ ചതുരംഗം കളിക്കാനുള്ള സ്വാതന്ത്ര്യംപോലും അവൾക്ക് ഉണ്ടായിരുന്നു. കുടുംബസുഹൃത്തുക്കൾക്കും അവർ "ലഞ്ചെനാ"യിരുന്നു. മാർക്സിന് ദേഷ്യം വന്നാൽ ആരും അദ്ദേഹത്തിനെ സമീപിക്കാൻ ധൈര്യപ്പെടാറില്ല. അമ്മയ്ക്കും കുട്ടികൾക്കുമൊക്കെ "മൂറി"നെ അപ്പോൾ ഭയമാണ്. എന്നാൽ ലഞ്ചെൻ സങ്കോചംകൂടാതെ കടന്നുചെല്ലും. മാർക്സ് ആട്ടിൻകുട്ടിയെപ്പോലെ സൗമ്യനായിപ്പെരുമാറും.

മാർക്സിനെ ലഞ്ചെനു ബഹുമാനമാണ്. അദ്ദേഹം നല്ലതേ ചെയ്യൂ എന്ന് അവർ വിശ്വസിക്കുന്നു. മാർക്സിന് എതിരായി ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവരുടെ മട്ടുമാറും. തെല്ലും വിട്ടുകൊടുക്കാതെ അവർ തിരിച്ചടിക്കും. മാർക്സ്കുടുംബത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കാനും അവർക്ക് മടിയില്ല.

ജെന്നിയുടെ മരണം ലഞ്ചെനെ ദുഃഖത്തിലാഴ്ത്തി. എന്തുചെയ്യാം? കരയാനവർക്ക് സമയമില്ല. കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്.

1882 സെപ്തംബർ 22. ഫ്രഞ്ചുതൊഴിലാളിപ്പാർട്ടി പിളർന്നു. മാർക്സിന്റെ ജാമാതാവായ പോൾലഫാർഗ്ന്റെ നേതൃത്വത്തിൽ ന്യൂനപക്ഷം ഇറങ്ങിപ്പോന്നു. ലഫാർഗ്ന്റെ നിലപാട് ശരിയായിരുന്നു. പക്ഷേ പ്രശ്നങ്ങൾ കൈകാര്യംചെയ്ത രീതിയിൽ മാർക്സ് അസംതൃപ്തനായി.

തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് കുതിക്കുന്ന കാറൽമാർക്സിന് മറ്റൊരു ദുരന്തംകൂടി നേരിടേണ്ടിവന്നു! മൂത്തമകൾ ജെന്നിലോങ്കെ മരിച്ചു. പുത്രിക്ക് അന്തിമോപചാരമർപ്പിക്കാൻ മാർക്സ് പാരീസിലേയ്ക്ക് പോയി.

ലണ്ടനിൽ തിരിച്ചെത്തിയപ്പോഴേയ്ക്ക് മാർക്സിന്റെ ശ്വാസകോശരോഗം മൂർച്ഛിച്ചു. ആഹാരം ഇറക്കാൻവയ്യ. അകത്തുചെന്ന ഭക്ഷണം ദഹിക്കുന്നുമില്ല; കഠിനമായ ജലദോഷവും.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ജലദോഷം ഭേദമായി. കുറേശ്ശ ഭക്ഷണം കഴിക്കാമെന്നുവന്നു. ഗുളികകൾ വിഴുങ്ങാനും പ്രയാസമില്ലാതായി; എല്ലാവരും ആശ്വസിച്ചു.

1883 മാർച്ച് 14 ഉച്ചയ്ക്ക് അല്പം പാലുകുടിച്ച് വായനമുറിയിലേയ്ക്ക് പോയി. വിശ്രമിക്കുവാനായി സോഫയിലേയ്ക്ക് ചാഞ്ഞു; ഉറങ്ങുകയും ചെയ്തു. പിന്നെ ഉണർന്നില്ല.

ലണ്ടനിലെ ഹൈഗെയ്റ്റ് ശ്മശാനത്തിൽ തന്റെ പ്രണയിനിയുടെ ശവകുടീരത്തിനടുത്ത് മാർക്സ് അന്ത്യവിശ്രമംകൊള്ളുന്നു.

6789

MURAVIRUL ISLAM HIGH SCHOOL
Date
ERNAKULAM

PRINTED AT
PRESS RAMSES, TRIVANDRUM.